# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 32 | Issue 14 | Fortnightly | March 15, 2021 | Page 32 | ₹ 10





## ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യവരാൻ നിബോധത!

പേജ് 3

പ്രൊഫ. ഉഷ. കെ. ഇ.


| | |
|---|---|
| ഇതര തൊഴിലിടങ്ങൾ | പേജ് 4 |
| കലയും സാഹിത്യവും | പേജ് 15 |
| ആധുനിക തിരുവിതാംകൂറിന്റെ നാൾവഴികൾ | പേജ് 16 |
| പൊതു വിജ്ഞാനം | പേജ് 17 |
| കേരള നവോത്ഥാന ശില്പികൾ | പേജ് 20 |
| ENRICH YOUR GK | പേജ് 21 |
| GENERAL ENGLISH | പേജ് 22 |
| ചോദ്യങ്ങൾ പലത് ഉത്തരം ഒന്ന് | പേജ് 23 |
| MENTAL ABILITY | പേജ് 24 |
| LANGUAGE CORNER | പേജ് 30 |
| ചരിത്രത്തോടൊപ്പം നടന്നവർ | പേജ് 31 |


**കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ**

## അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

**വിവിധ വകുപ്പുകളിൽ**

## ഡ്രൈവർ ഗ്രേഡ് II (LDV,HDV), ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (LDV,HDV)

**തുടങ്ങി 49 വിജ്ഞാപനങ്ങൾ**

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർമാൻ**

അഡ്വ. രഘുനാഥൻ എം. കെ.
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

ഡോ. കെ. പി. സജിലാൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

ടി. ആർ. അനിൽകുമാർ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

പി. എച്ച്. മുഹമ്മദ് ഇസ്മയിൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

റോഷൻ റോയ് മാത്യു
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

എസ്. എ. സെയ്ഫ്
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

ബോണി കുര്യാക്കോസ്
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

സാജു ജോർജ്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

സുരേശൻ. എം

ഫോൺ : 0471 2546368 OR 9446412483
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): 0471 2546270


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി. ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

വിലാസം

പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

## ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

## മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

## ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102



## നേരിട്ട്...


അഡ്വ. എം. കെ. സക്കീർ
ചെയർമാൻ
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ


# എസ്.എസ്.എൽ.സി. പൊതുപ്രാഥമിക പരീക്ഷ നടപടികൾ സമ്പൂർണ്ണ വിജയം

എസ്.എസ്.എൽ.സി. തലം വരെ യോഗ്യതയുള്ള തസ്തികകളുടെ പൊതുപ്രാഥമിക പരീക്ഷ നടപടികൾ നാലുഘട്ടങ്ങളിലായി പൂർത്തിയാക്കി. അനാവശ്യമായി ഉന്നയിക്കപ്പെട്ട പരാതികൾ അസ്ഥാനത്താണെന്ന് തെളിയിക്കുകയാണ് ഈ പരീക്ഷാ നടപടികളുടെ സമ്പൂർണ്ണ വിജയം. കോവിഡ് പരിമിതികളെ അതിജീവിച്ചുകൊണ്ട് കമ്മിഷൻ ഇതുവരെ സ്വീകരിച്ച നിലപാടുകളെല്ലാം ശരിയുടെ പക്ഷത്താണെന്ന് വീണ്ടും തെളിഞ്ഞിരിക്കുകയാണ്. അഭിമുഖം, പ്രമാണ പരിശോധന, കായികക്ഷമതാ പരീക്ഷ ഇപ്പോൾ കൂടുതൽ ഉദ്യോഗാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രാഥമിക പരീക്ഷ- ഇവയെല്ലാം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും എന്നാൽ ഒരു വീഴ്ചയ്ക്കും ഇട നൽകാതെയാണ് നടത്തിയത്.

പ്ലസ്ടു തലം വരെയുള്ള പ്രാഥമിക പരീക്ഷ രണ്ടുഘട്ടങ്ങളിലായി ഏപ്രിൽ മാസത്തിൽ നടക്കും. 658513 എണ്ണം ഉദ്യോഗാർത്ഥികളാണ് കൺഫർമേഷൻ നൽകി പരീക്ഷയ്ക്ക് തയ്യാറെടുത്ത് നിൽക്കുന്നത്. മെയ് മാസത്തിൽ ഒറ്റ ഘട്ടമായി ഡിഗ്രിതലം യോഗ്യതയുള്ള തസ്തികകളുടെ പരീക്ഷ നടത്തും. പ്രസ്തുത പരീക്ഷയ്ക്കുള്ള കൺഫർമേഷൻ നടപടികൾ പുരോഗമിക്കുകയാണ്. പ്ലസ്ടു–ഡിഗ്രി തലങ്ങളിലുള്ള പരീക്ഷയ്ക്ക് ആദ്യമായാണ് മലയാളത്തിൽ ചോദ്യം ലഭ്യമാക്കുന്നത്. ഡിഗ്രി തലത്തിലെ പരീക്ഷയ്ക്ക് ഇംഗ്ലീഷിലുള്ള ചോദ്യങ്ങൾക്ക് പുറമേയാണ് സ്വന്തം ഭാഷയിലും ചോദ്യങ്ങൾ നൽകുന്നത്. മാർച്ച് അവസാനത്തോടെ കെ.എ.എസ്. പരീക്ഷയുടെ ഫലപ്രഖ്യാപനവും ഉണ്ടാകും. ഏപ്രിൽ മാസത്തിൽ തന്നെ അഭിമുഖവും നടത്തും. പുതിയ കമ്മിഷനംഗങ്ങൾ ചുമതലയേറ്റതിനാൽ അഭിമുഖം വേഗത്തിൽ പൂർത്തിയാക്കാൻ കഴിയും

# കമ്മിഷൻ യോഗ തീരുമാനങ്ങൾ

## 2021 മാർച്ച് 1

### ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

1. കേരള പോലീസ് സർവീസ്- ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർ (ഫിസിക്സ്) (കാറ്റഗറി നമ്പർ 26/20).
2. കേരള പോലീസ് സർവീസ്- ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർ (കെമിസ്ട്രി) (കാറ്റഗറി നമ്പർ 27/20).
3. പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് 2 (എച്ച്.ഡി.വി.) (എൻ.സി.എ. - ഹിന്ദു നാടാർ, എൽ.സി./എ.ഐ.) (കാറ്റഗറി നമ്പർ 477/19, 478/19).
4. കേരള പോലീസ് സർവീസ്- ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർ (ബയോളജി) (കാറ്റഗറി നമ്പർ 26/20).
5. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ കെ.എ.എസ്. ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ട്രെയിനി- സ്ട്രീം 1, 2, 3 (കാറ്റഗറി നമ്പർ 186/19, 187/19, 188/19).

### അഭിമുഖം നടത്തും

1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി (രണ്ടാം എൻ.സി.എ.- എൽ.സി.) (കാറ്റഗറി നമ്പർ 341/20).
2. എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)-യു.പി.എസ്. തസ്തികമാറ്റം മുഖേന (കാറ്റഗറി നമ്പർ 523/19).
3. കണ്ണൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) (ഒന്നാം എൻ.സി.എ.- എസ്.ഐ.യു.സി. നാടാർ) (കാറ്റഗറി നമ്പർ 620/19).
4. പത്തനതിട്ട, മലപ്പുറം, കണ്ണൂർ ജില്ലാ സഹകരണ ബാങ്കുകളിൽ ഡെപ്യൂട്ടി ജനറൽ മാനേജർ (പാർട്ട് 1) (ഒന്നാം എൻ.സി.എ.- ഈഴവ/തിയ്യ/ബില്ലവ) (കാറ്റഗറി നമ്പർ 617/17).
5. ആലപ്പുഴ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) (രണ്ടാം എൻ.സി.എ.-എൽ.സി./എ.ഐ.) (കാറ്റഗറി നമ്പർ 632/19).
6. എറണാകുളം ജില്ലയിൽ വിദ്യാഭ്യസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ്. (നാലാം എൻ.സി.എ.-പട്ടികജാതി) (കാറ്റഗറി നമ്പർ 624/19).
7. എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽ.പി.എസ്. (മൂന്നാം എൻ.സി.എ.- പട്ടികജാതി) (കാറ്റഗറി നമ്പർ 579/19).
8. കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (ആറാം എൻ.സി.എ.- പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 626/19).
9. മൃഗസംരക്ഷണ വകുപ്പിൽ വെറ്റിനറി സർജൻ ഗ്രേഡ് 2 (പട്ടികജാതി/പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 427/19).
10. കേരള ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.ടി. (ഫിസിക്സ്) (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 284/20).
11. കേരള ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.ടി. (ജ്യോഗ്രഫി) (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 287/20).
12. തിരുവനന്തപുരം ജില്ലയിൽ സൈനിക ക്ഷേമവകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് (വിമുക്തഭടൻമാരിൽ നിന്നുള്ള പട്ടികവർഗ്ഗക്കാർക്ക് മാത്രം) (കാറ്റഗറി നമ്പർ 556/19).
13. മലബാർ സിമന്റ്സ് ലിമിറ്റഡിൽ അസിസ്റ്റന്റ് ടെസ്റ്റർ കം ഗേജർ (എൻ.സി.എ. -മുസ്ലീം) (കാറ്റഗറി നമ്പർ 246/19).

### സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും

1. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ (കാറ്റഗറി നമ്പർ 92/20).
2. കാംകോയിൽ ഇലക്ട്രീഷ്യൻ (കാറ്റഗറി നമ്പർ 100/20).

### വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കും

**ജനറൽ സംസ്ഥാനതലം-** അസിസ്റ്റന്റ് പ്രൊഫസർ ഇൻ മെഡിക്കൽ ഓങ്കോളജി, അസിസ്റ്റന്റ് പ്രൊഫസർ ഇൻ സർജിക്കൽ ഓങ്കോളജി, അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികമാറ്റം മുഖേന, ജൂനിയർ മാനേജർ (ജനറൽ), ഡെയറി എക്സ്റ്റൻഷൻ ഓഫീസർ, പ്രൊജക്ട് അസിസ്റ്റന്റ്/യൂണിറ്റ് മാനേജർ, അക്കൗണ്ടന്റ്/സീനിയർ അസിസ്റ്റന്റ്, ആർട്ടിസ്റ്റ്, ടൈപ്പിസ്റ്റ് ക്ലാർക്ക്, ജൂനിയർ അക്കൗണ്ടന്റ് ഗ്രേഡ് 2, ജൂനിയർ അസിസ്റ്റന്റ്.

**ജനറൽ ജില്ലാതലം-** ഫാർമസിസ്റ്റ് ഗ്രേഡ് 2 (ആയുർവേദം), നഴ്സ് ഗ്രേഡ് 2 (ആയുർവേദം), ഡ്രൈവർ ഗ്രേഡ് 2 (എച്ച്.ഡി.വി.)/ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എച്ച്.ഡി.വി.)(നേരിട്ടും തസ്തികമാറ്റം മുഖേ

(ശേഷം പേജ് 4ൽ)

# ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യവരാൻ നിബോധത!

പ്രൊഫ. ഉഷ. കെ. ഇ.
കേരള കാർഷിക സർവ്വകലാശാല, തൃശൂർ



**നാം കുട്ടിക്കാലം മുതൽക്കേ മറ്റുള്ളവരിൽ കുറ്റം ചുമത്താനും പഴി ചാരാനുമാണ് പ്രയത്നിക്കുന്നത്. ആദ്യം നമ്മെ നന്നാക്കണം. മറ്റുള്ളവരെയല്ല. നാം എന്തു ചെയ്യുന്നു, എവിടെ പ്രവർത്തിക്കുന്നു. എത്രത്തോളം അദ്ധ്വാനിക്കുന്നു എന്നതല്ല മറിച്ച് പ്രവർത്തിയുടെ പിന്നിലെ ഉദ്ദേശശുദ്ധിയാണ് പ്രധാനം. ഒരു ശിൽപി രൂപം നിർമ്മിക്കുന്നത് കൈകളോടൊപ്പം ഹൃദയവും പൂർണ്ണമായും അതിൽ ലയിപ്പിച്ചുകൊണ്ടാണ്. നമ്മുടെ പ്രവർത്തികൾ അതുപോലെയായിരിക്കണം. നമ്മിലുള്ള കഴിവ് പരമാവധി കണ്ടെത്തുക. ഏറ്റവും മഹത്തരമായത് ലക്ഷ്യം വച്ച് പ്രവർത്തിക്കുക.**

എഴുന്നേൽക്കൂ, പ്രവർത്തിക്കൂ ലക്ഷ്യം നേടുന്നതുവരെ പ്രയത്നിക്കൂ! സ്വാമി വിവേകാനന്ദന്റെ ഈ വാക്കുകൾ നയിക്കുമാറാകട്ടെ.

മനുഷ്യ സ്വഭാവം ശ്രദ്ധിച്ചാൽ നമുക്ക് ഒരു കാര്യം മനസ്സിലാക്കാം. നാമെല്ലാം ആവലാതിക്കാർ മാത്രമാണെന്ന്. ഉദാഹരണത്തിന് കാലിൽ മുടന്തുള്ളവൻ സുഖമായി നടക്കുന്ന ആളെ, നടക്കുന്ന ആൾ സൈക്കിളിൽ സഞ്ചരിക്കുന്നയാളെ, സൈക്കിളുകാരൻ സ്കൂട്ടറുകാരനെ ഒക്കെ കണ്ട് അസൂയപ്പെടുന്നു. ഇപ്പോൾ നമുക്ക് ലഭിച്ചിട്ടുള്ള സൗകര്യങ്ങളെക്കുറിച്ച് അഭിമാനിച്ച് സർവ്വേശ്വരനോട് നന്ദിയുള്ളവരാകണം. നാം അനുഭവിക്കുന്ന പല സുഖസൗകര്യങ്ങളും നമുക്ക് ചുറ്റുമുള്ള പലർക്കും ലഭിച്ചിട്ടില്ലെന്ന വസ്തുത നാം വിസ്മരിയ്ക്കരുത്.

ഈ ലോകം ഭീരുക്കൾക്കുള്ളതല്ല. ജീവിതത്തിൽ നിന്ന് ഒളിച്ചോടാൻ ശ്രമിക്കരുത്. ജീവിതം നമുക്ക് പ്രശ്നങ്ങളുണ്ടാക്കുന്നില്ല. മറിച്ച് അവസരങ്ങൾ ഉണ്ടാക്കിതരികയാണ്. തോൽവി ഒരവസരമാക്കി മാറ്റാൻ സാധിക്കും. തോൽവിയെപ്പറ്റി ചിന്തിച്ച് ഭൂതകാലത്തിൽ ജീവിക്കാതെ വർത്തമാനകാലത്തിൽ മാത്രം ജീവിക്കുക.

നാം കുട്ടിക്കാലം മുതൽക്കേ മറ്റുള്ളവരിൽ കുറ്റം ചുമത്താനും പഴി ചാരാനുമാണ് പ്രയത്നിക്കുന്നത്. ആദ്യം നമ്മെ നന്നാക്കണം. മറ്റുള്ളവരെയല്ല. നാം എന്തു ചെയ്യുന്നു, എവിടെ പ്രവർത്തിക്കുന്നു, എത്രത്തോളം അദ്ധ്വാനിക്കുന്നു എന്നതല്ല മറിച്ച് പ്രവർത്തിയുടെ പിന്നിലെ ഉദ്ദേശശുദ്ധിയാണ് പ്രധാനം. ഒരു ശിൽപി രൂപം നിർമ്മിക്കുന്നത് കൈകളോടൊപ്പം ഹൃദയവും പൂർണ്ണമായും അതിൽ ലയിപ്പിച്ചുകൊണ്ടാണ്. നമ്മുടെ പ്രവർത്തികൾ അതുപോലെയായിരിക്കണം. നമ്മിലുള്ള കഴിവ് പരമാവധി കണ്ടെത്തുക. ഏറ്റവും മഹത്തരമായത് ലക്ഷ്യം വച്ച് പ്രവർത്തിക്കുക.

ചിട്ടയായ ദിനചര്യകൾ നമ്മുടെ ആരോഗ്യം സംരക്ഷിക്കുന്നതോടൊപ്പം മനസ്സിനു ബുദ്ധിയും ഉണർവ്വും നൽകും. രാവിലെ നേരത്തേ ഉണരണം. ശരീരവ്യായാമത്തിനുശേഷം ദേഹശുദ്ധി വരുത്തി ഓരോ ദിവസവും ചെയ്തു തീർക്കേണ്ട കാര്യങ്ങൾ എഴുതിവച്ച് അതിനനുസരിച്ച് പ്രാവർത്തികമാക്കുക. കുറച്ചു സമയം വായിക്കുവാനും നമുക്കിഷ്ടമുള്ളത് കേൾക്കാനുമായി നീക്കി വയ്ക്കാം. ദിവസത്തിൽ ഒരു നേരമെങ്കിലും കുടുംബാംഗങ്ങളുമൊത്ത് ഭക്ഷണം കഴിക്കുക.

നാം ചെയ്യുന്ന ജോലിയെ രണ്ടു തരത്തിൽ കാണാം. ഒന്ന് പ്രതിഫലം വാങ്ങുന്ന തൊഴിൽ, മറ്റേത് സേവനം. പ്രതിഫലം വാങ്ങുമ്പോൾ ആ ജോലിയോട് പരമാവധി നീതി പുലർത്താൻ ശ്രമിക്കണം. സേവകൻ സമൂഹത്തിന്റെ നന്മയാണ് പ്രതിഫലമായി കണക്കാക്കുന്നത്.

സ്വാർത്ഥ പങ്കിലങ്ങളായ ദുർമത്സരങ്ങളും അനാശാസ്യപ്രവണതകളും വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടത്തിൽ ശരിയും തെറ്റും അപഗ്രഥിക്കുന്നത് നമ്മുടെ വാസന അല്ലെങ്കിൽ സംസ്കാരമാണ്. ഒരാളുടെ ശരി മറ്റൊരാൾക്ക് തെറ്റായി തോന്നാം. തിരിച്ചും. അതിനാൽ വികാരം വിചാരത്തെ ഭരിക്കുവാനുള്ള അവസരമാകരുത്.

ഒരു കഥ ഈ സന്ദർഭത്തിൽ പ്രസക്തമാണ്. ഒരാൾ ആത്മസാക്ഷാത്കാരത്തിനായി ഒരു ഗുരുവിനടുത്തെത്തി. അദ്ദേഹം പറഞ്ഞു. 'കണ്ണടച്ച് ഇഷ്ടമുള്ളത് ജപിച്ച് ധ്യാനിയ്ക്കുക എന്നാൽ അപ്പോൾ കുരങ്ങനെ ഓർക്കരുത്'. അയാൾ വീട്ടിലെത്തി, ധ്യാനത്തിലിരുന്നു. അതാ കുരങ്ങന്റെ ഓർമ്മ വരുന്നു. അങ്ങനെ അയാൾക്ക് ധ്യാനം തുടങ്ങാൻ പോലും കഴിഞ്ഞില്ല. അരുതെന്ന് പറയുന്നതേ നമ്മുടെ മനസ്സിലേയ്ക്ക് എപ്പോഴും കടന്നുവരൂ. അതിനാൽ നല്ല ചിന്തകൾ മാത്രം മനസ്സിൽ നിറയ്ക്കുക.

മഹാൻ അല്ലെങ്കിൽ ശ്രേഷ്ഠൻ ആചരിക്കുന്നതിനെ മറ്റുള്ളവരും പിന്തുടരുന്നു. അദ്ധ്യാപകർ നന്നായി പെരുമാറിയാലേ വിദ്യാർത്ഥികൾ അച്ചടക്കമുള്ളവരാകൂ. ഭരണാധികാരികൾ, മാതാപിതാക്കൾ ഒക്കെ ധർമ്മം പ്രവർത്തിച്ച് കാണിച്ചുകൊടുക്കണം. നമ്മൾ നല്ല പ്രവർത്തി ചെയ്താലേ മറ്റുള്ളവരെ ഉപദേശിക്കുവാനുള്ള അവകാശമുള്ളൂ.

സത്യം വദ! ധർമ്മം ചര! എന്നത് നാമൊക്കെ ചെറുപ്പം മുതലേ കേട്ടുവരുന്നതാണ്. സത്യം പറയുക, ശരിയായ ധർമ്മം പാലിച്ച് ജീവിയ്ക്കുക എന്നാൽ നമ്മുടെ ജീവിതം സാർത്ഥകമായിത്തീരും.

വിജയ കഥകൾ നമുക്ക് ഒരു സന്ദേശം മാത്രമേ നൽകൂ. എന്നാൽ പരാജയ കഥകൾ എങ്ങനെ വിജയം കൈവരിയ്ക്കാമെന്നുള്ള വ്യക്തമായ ധാരണ നൽകും.

നമ്മുടെ മുൻ പ്രസിഡന്റ് ഡോ.എ.പി.ജെ.അബ്ദുൾ കലാം പറഞ്ഞതുപോലെ;

"If you fail never give up because FAIL means 'First Attempt in Learning'

END is not the end. In fact End means 'Effort Never Dies'. If you get NO as an answer, remember NO means 'Next Opportuntiy'. So lets be positive". •



## ഇതര തൊഴിലിടങ്ങൾ

**I. മിലിട്ടറി എഞ്ചിനീയറിങ് സർവ്വീസസിൽ 502 ഒഴിവുകൾ**

സേനകൾക്കുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന മിലിട്ടറി എഞ്ചിനീയറിംഗ് സർവീസസിൽ സൂപ്പർവൈസർ ബാരക് ആൻഡ് സ്റ്റോർ, ഡ്രാഫ്റ്റ്സ്മാൻ തസ്തികകളിലായി ആകെ 502 ഒഴിവുകളിലേക്ക് സ്ഥിരം നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത, അപേക്ഷാഫോറം, വിശദവിവരങ്ങൾ എന്നിവയ്ക്കായി www.mes.gov.in എന്ന വെബ്സൈറ്റ് കാണുക.

**II. സേനയിൽ എഞ്ചിനീയറിങ് ബിരുദധാരികൾക്ക് അവസരം**

ദെഹ്റാദൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാദമിയിലെ 133 ടെക്നിക്കൽ ഗ്രാജ്വേറ്റ് കോഴ്സിലേക്കുള്ള പ്രവേശനത്തിന് എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനത്തിനുശേഷം ലെഫ്റ്റനന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതാണ്. പരിശീലന കാലയളവിൽ 56100 രൂപ സ്റ്റൈപൻഡ് ലഭിക്കുന്നതാണ്. പ്രായപരിധി 20–27 വയസ്സ്. 1994 ജൂലൈ രണ്ടിനും 2001 ജൂലൈ ഒന്നിനും ഇടയിൽ (രണ്ട് തീയതികളും ഉൾപ്പെടെ) ജനിച്ചവരായിരിക്കണം. വിശദവിവരങ്ങൾ www.joinindianarmy.nic.in എന്ന വെബ്സൈറ്റിലുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 26.

**III. ഫുഡ് കോർപ്പറേഷൻ 87 അസിസ്റ്റന്റ് ജനറൽ മാനേജർ**

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ 87 അസിസ്റ്റന്റ് മാനേജരുടേയും 2 മെഡിക്കൽ ഓഫീസർമാരുടേയും ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അസിസ്റ്റന്റ് ജനറൽ മാനേജർ (ജനറൽ അഡ്മിനിസ്ട്രേഷൻ), അസിസ്റ്റന്റ് ജനറൽ മാനേജർ (ടെക്നിക്കൽ), അസിസ്റ്റന്റ് ജനറൽ മാനേജർ (അക്കൗണ്ട്സ്), അസിസ്റ്റന്റ് ജനറൽ മാനേജർ (ലോ), മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിലാണ് ഒഴിവുകൾ നിലവിലുള്ളത്. ഓൺലൈൻ എഴുത്തുപരീക്ഷയുടേയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിലാണ് നിയമനം കേരളത്തിൽ തിരുവനന്തപുരം പരീക്ഷാ കേന്ദ്രമാണ്. വിശദവിവരങ്ങൾ www.fci.gov.in എന്ന വെബ്സൈറ്റിലുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി മാർച്ച് 31.

**IV. ഫിഷറി സർവ്വേയിൽ അവസരം**

ഫിഷറി സർവ്വേ ഓഫ് ഇന്ത്യയുടെ കൊച്ചി സോണലിൽ ഇലക്ട്രോണിക് സൂപ്പർവൈസർ, സ്ലിപ് വേ വർക്കർ ഗ്രേഡ് II, അസിസ്റ്റന്റ് ഓപ്പറേറ്റർ തസ്തികകളിലേക്ക് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങളും അപേക്ഷാഫോമും www.fsi.gov.in എന്ന വെബ്സൈറ്റിലുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 31.

**V. സിവിൽ സർവ്വീസസ് പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു.**

2021 ലെ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് യു.പി.എസ്.സി. അപേക്ഷ ക്ഷണിച്ചു. ജൂൺ 27 ന് നടക്കുന്ന പ്രാഥമിക പരീക്ഷയ്ക്ക് കേരളത്തിൽ 3 കേന്ദ്രങ്ങളുണ്ട്. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, ഇന്ത്യൻ ഫോറിൻ സർവീസ്, ഇന്ത്യൻ പോലീസ് സർവ്വീസ് തുടങ്ങിയ 19 വിഭാഗങ്ങളിലെ തസ്തികകളിലായി ഏകദേശം 712 ഒഴിവുകളാണുള്ളത്. ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസിൽ ചേരാൻ ആഗ്രഹിക്കുന്നവരും സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷ എഴുതണം. ഫോറസ്റ്റ് സർവ്വീസിൽ ഏകദേശം 110 ഒഴിവുകളാണുള്ളത്. ബിരുദമാണ് അടിസ്ഥാന യോഗ്യത. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനുമായി www.upsconline.nic.in എന്ന വെബ്സൈറ്റ് കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 24.

**VI. ഡൽഹിയിൽ വിവിധ വകുപ്പുകളിൽ 1809 ഒഴിവ്**

ഡൽഹി സബോർഡിനേറ്റ് സർവ്വീസ് സെലക്ഷൻ ബോർഡ് വിവിധ തസ്തികകളിലായി 1809 ഒഴിവുകളിലേക്ക് പരസ്യ വിജ്ഞാപന നമ്പർ 01/21 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.

ട്രെയിനിംഗ് ആൻഡ് ടെക്നിക്കൽ എജ്യൂക്കേഷൻ, ഡൽഹി ജൽ ബോർഡ്, ഡയറക്ടറേറ്റ് ഓഫ് ആയുഷ്, ഡൽഹി അർബൻ ഷെൽറ്റർ ഇംപ്രൂവ്മെന്റ് ബോർഡ്, ഡൽഹി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ, ന്യൂഡൽഹി മുൻസിപ്പൽ കൗൺസിൽ, ഫോറൻസിക് സയൻസ് ലബോറട്ടറി, ഡൽഹി അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് ബോർഡ്, ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ഡൽഹി സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സോഷ്യൽവെൽഫെയർ, മുൻസിപ്പൽ കോർപ്പറേഷൻ എന്നീ ഡിപ്പാർട്ട്മെന്റുകളിലാണ് ഒഴിവുകൾ നിലവിലുള്ളത്.

ടെക്നിക്കൽ അസിസ്റ്റന്റ്, ലബോറട്ടറി അറ്റൻഡന്റ്, അസിസ്റ്റന്റ് കെമിസ്റ്റ്, അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ/മെക്കാനിക്കൽ), ജൂനിയർ എഞ്ചിനീയർ (ഇലക്ട്രിക്കൽ /മെക്കാനിക്കൽ) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I, പേഴ്സണൽ അസിസ്റ്റന്റ്, ഫാർമസിസ്റ്റ് (ആയുർവേദ/ഹോമിയോപ്പതി, സ്പെഷ്യൽ എഡ്യൂക്കേറ്റർ തുടങ്ങി നിരവധി തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ട്. വിശദ വിവരങ്ങൾക്കും അപേക്ഷിക്കാനുമായി www.dsssb.delhi.gov.in എന്ന വെബ് സൈറ്റ് കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 14.

**VII. ഹിന്ദുസ്ഥാൻ പെട്രോളിയത്തിൽ എഞ്ചിനീയർ തസ്തികയിൽ 200 ഒഴിവുകൾ**

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ എഞ്ചിനീയർ തസ്തികയിൽ 200 ഒഴിവുകൾ നിലവിലുണ്ട്. മെക്കാനിക്കൽ 120, ഇലക്ട്രിക്കൽ 25, ഇൻസ്ട്രുമെന്റേഷൻ 25, സിവിൽ 30 എന്നിങ്ങനെയാണ് ഒഴിവുകൾ. ബന്ധപ്പെട്ട വിഷയത്തിൽ യു.ജി.സി /എ.ഐ.സി.ടി.ഇ അംഗീകാരമുള്ള നാലുവർഷത്തെ ബിരുദമാണ് യോഗ്യത. പ്രായപരിധ് 25 വയസ്സ്. കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ, ഗ്രൂപ്പ് ടാസ്ക്, അഭിമുഖം എന്നിവ മുഖേനയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. വിശദമായ സിലബസ് വെബ്സൈറ്റിലുണ്ട്. വിശദ വിവരങ്ങളും അപേക്ഷിക്കാനുമായി www.hindustanpetroleum.com എന്ന വെബ്സൈറ്റ് കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 15.

**VIII. യു.പി. മെട്രോ റെയിലിൽ 297 ഒഴിവുകൾ**

ഉത്തർപ്രദേശ് മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിൽ ബി.ടെക് /ഡിപ്ലോമ/ഐ.ടി.ഐ യോഗ്യതയുള്ളവർക്ക് വിവിധ തസ്തികകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. തസ്തിക, ഒഴിവുകളുടെ എണ്ണം, യോഗ്യത, പ്രായപരിധി എന്ന ക്രമത്തിൽ;

**അസിസ്റ്റന്റ് മാനേജർ/ഓപ്പറേഷൻസ് 6:** ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ ബി.ഇ/ബി.ടെക് അല്ലെങ്കിൽ തത്തുല്യം. 21 – 28 വയസ്സ്.

**സ്റ്റേഷൻ കൺട്രോളർ കം ട്രയിൻ ഓപ്പറേറ്റർ 186 :**

ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് ആന്റ് ടെലികമ്മ്യൂണിക്കേഷൻ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യം. 21 – 28 വയസ്സ്.

**മെയിന്റനർ (ഇലക്ട്രിക്കൽ – 52, എസ്.ആൻഡ് ടി 24, സിവിൽ – 24) 100:** ഇലക്ട്രീഷ്യൻ/ഇലക്ട്രോണിക്സ് മെക്കാനിക്/ഫിറ്റർ ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ്. 21–28 വയസ്സ്. വിശദവിവരങ്ങൾക്കും അപേക്ഷിക്കാനുമായി www.lmrcl.com എന്ന വെബ്സൈറ്റ് കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. ഏപ്രിൽ 2

## കമ്മിഷൻ യോഗ തീരുമാനങ്ങൾ

നയും), ഡ്രൈവർ ഗ്രേഡ് 2 (എൽ.ഡി.വി.)/ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എൽ.ഡി.വി.) (നേരിട്ടും തസ്തികമാറ്റം മുഖേനയും), ആയ (വിവിധം).

**സ്പെഷ്യൽ റിക്രൂട്ട്മെന്റ്–സംസ്ഥാനതലം–** മെഡിക്കൽ ഓഫീസർ (ആയുർവേദം) (പട്ടികജാതി/ പട്ടികവർഗ്ഗം), വുമൺ സബ് ഇൻസ്പെക്ടർ (പട്ടികവർഗ്ഗം), സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (പട്ടികവർഗ്ഗം), അസിസ്റ്റന്റ് (പട്ടികജാതി/പട്ടികവർഗ്ഗം), ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 (പട്ടികവർഗ്ഗം), ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) ട്രെയിനി (പട്ടികജാതി/പട്ടികവർഗ്ഗം), എഞ്ചിനീയറിങ് അസിസ്റ്റന്റ് ഗ്രേഡ് 1 (പട്ടികജാതി/പട്ടികവർഗ്ഗം, പട്ടികവർഗ്ഗം).

**എൻ.സി.എ. റിക്രൂട്ട്മെന്റ്–സംസ്ഥാനതലം–** അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഒന്നാം എൻ.സി.എ.– ധീവര, പോലീസ് കോൺസ്റ്റബിൾ ഒന്നാം എൻ.സി.എ.–മുസ്ലീം, ഡ്രൈവർ ഗ്രേഡ് 2 (എൽ.ഡി.വി.) ഒന്നാം എൻ.സി.എ.– എസ്.സി.സി.സി., കോബ്ലർ ഒന്നാം എൻ.സി.എ.–എൽ.സി./എ.ഐ., ക്ലാർക്ക് ഗ്രേഡ് 1 പാർട്ട് 2 (സൊസൈറ്റി കാറ്റഗറി) നാലാം എൻ.സി.എ.– പട്ടികജാതി, പ്യൂൺ/വാച്ച്മാൻ (കെ.എസ്.എഫ്.ഇ ലിമിറ്റഡിലെ പാർട്ട് ടൈം ജീവനക്കാരിൽ നിന്നും) (രണ്ടാം എൻ.സി.എ.–പട്ടികവർഗ്ഗം), ഗാർഡ് (വിമുക്തഭടൻമാർ മാത്രം) ഒന്നാം എൻ.സി.എ.– എൽ.സി./എ.ഐ., പ്രൊജക്ഷൻ അസിസ്റ്റന്റ് ഒന്നാം എൻ.സി.എ.– ഒ.ബി.സി., സിനി അസിസ്റ്റന്റ് രണ്ടാം എൻ.സി.എ.– വിശ്വകർമ്മ, സിനി അസിസ്റ്റന്റ് മൂന്നാം എൻ.സി.എ.– (ഈഴവ/തിയ്യ/ബില്ലവ, എൽ.സി./എ.ഐ.).

**എൻ.സി.എ. റിക്രൂട്ട്മെന്റ് –ജില്ലാതലം–** ഹൈസ്കൂൾ ടീച്ചർ മാത്തമാറ്റിക്സ് (തമിഴ് മീഡിയം) നാലാം എൻ.സി.എ.–പട്ടികവർഗ്ഗം, ഫാർമസിസ്റ്റ് ഗ്രേഡ് 2 (ആയുർവേദം) മൂന്നാം എൻ.സി.എ.– എസ്.സി.സി.സി., ഫാർമസിസ്റ്റ് ഗ്രേഡ് 2 (ആയുർവേദം) ഒന്നാം എൻ.സി.എ.– മുസ്ലീം, ഫാർമസിസ്റ്റ് ഗ്രേഡ് 2 (ആയുർവേദം)രണ്ടാം എൻ.സി.എ.– എസ്.സി.സി.സി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഒന്നാം എൻ.സി.എ.– ഹിന്ദു നാടാർ, എസ്.ഐ.യു.സി. നാടാർ, ഫാർമസിസ്റ്റ് ഗ്രേഡ് 2 (ആയുർവേദം) അഞ്ചാം എൻ.സി.എ.– എസ്.സി.സി.സി., ഫാർമസിസ്റ്റ് ഗ്രേഡ് 2 (ആയുർവേദം) ഏഴാം എൻ.സി.എ.– എസ്.സി.സി.സി., കുക്ക് ഒന്നാം എൻ.സി.എ.– മുസ്ലീം, ഡ്രൈവർ (പാർട്ട് 2–സൊസൈറ്റി കാറ്റഗറി) ഒന്നാം എൻ.സി.എ.– ഈഴവ/തിയ്യ/ബില്ലവ, പട്ടികജാതി. വിശദവിവരങ്ങൾക്ക് ഈ ലക്കം പി.എസ്.സി. ബുള്ളറ്റിൻ കാണുക.

### 2021 മാർച്ച് 8

**ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും**

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (പോളിടെക്നിക് കോളേജുകൾ) ലക്ചറർ ഇൻ ടൂൾ ആൻഡ് ഡൈ എഞ്ചിനീയറിങ്ങ് (കാറ്റഗറി നമ്പർ 5/19).
2. കണ്ണൂർ, കാസർഗോഡ്, വയനാട്, തൃശൂർ, മലപ്പുറം ജില്ലകളിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (ഒന്നാം എൻ.സി.എ.– എൽ.സി./എ.ഐ., വിശ്വകർമ്മ, ഹിന്ദു നാടാർ, ധീവര) (കാറ്റഗറി നമ്പർ 172/19, 173/19, 174/19, 175/19).

**അഭിമുഖം നടത്തും**

1. കാസർഗോഡ് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (മാത്തമാറ്റിക്സ്)– കന്നട മാധ്യമം (ഒന്നാം എൻ.സി.എ.– മുസ്ലീം, പട്ടികജാതി) (കാറ്റഗറി നമ്പർ 262/19, 265/19).
2. കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിങ് ഫെഡറേഷൻ ലിമിറ്റഡിൽ ഫിനാൻസ് മാനേജർ (കാറ്റഗറി നമ്പർ 59/19).

**ഓൺലൈൻ/ഒ.എം.ആർ. പരീക്ഷ നടത്തും**

1. കേരള ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) തമിഴ് (കാറ്റഗറി നമ്പർ 490/19).
2. തിരുവനന്തപുരം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിൽ കാർപ്പന്റർ/കാർപ്പന്റർ കം പാക്കർ (കാറ്റഗറി നമ്പർ 71/20).

**ഓൺലൈൻ പരീക്ഷ നടത്തും**

1. കേരള ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ഫിലോസഫി (കാറ്റഗറി നമ്പർ 487/19).
2. കേരള ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) സൈക്കോളജി (കാറ്റഗറി നമ്പർ 492/19).

## GK MASTER

പത്ത് ചോദ്യങ്ങളടങ്ങിയ ഒരു സമസ്യ ഓരോ ലക്കത്തിലൂടെയും നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. എല്ലാ ചോദ്യങ്ങളുടെയും ശരിഉത്തരങ്ങൾ കണ്ടെത്തി വേഗം ഞങ്ങളെ അറിയിക്കൂ. ആദ്യം പ്രതികരിക്കുന്ന അഞ്ചുപേരുടെ പേരുവിവരം ഉത്തരങ്ങളോടൊപ്പം പ്രസിദ്ധീകരിക്കും. ഉത്തരങ്ങൾ kpscgkmaster@gmail.com എന്ന ഇ–മെയിൽ മുഖേന അയയ്ക്കാവുന്നതാണ്.

1. ധർമ്മരാജയിൽ സംഭാഷണത്തിനിടയിൽ കഥകളി പദങ്ങൾ ധാരാളം ഉപയോഗിക്കുന്ന കഥാപാത്രം
2. ആരുടെ കഥകളെയാണ് വാധ്യാർ കഥകൾ എന്ന് വിശേഷിപ്പിക്കുന്നത്?
3. എന്നാണ് പടയണി കാലം ആരംഭിക്കുന്നത്?
4. പഴുക്കാ കളി ഏത് വിഭാഗത്തിൽ പെടുന്ന കളിയാണ്?
5. ഡച്ചുകാർ മുളക് കച്ചവടത്തിന് ആദ്യമായി സ്ഥിരം ഉദ്യോഗസ്ഥനെ നിയമിച്ചത് എവിടെയാണ്?
6. എതിർ കവി എന്ന് സ്വയം വിശേഷിപ്പിക്കുന്ന ചിലിയൻ കവി
7. One word for habitual greed or excess in eating
8. Hitler expected *all Germans were his admirers* . (The subordinate clause in italics is a ---------clause)
9. ഒരു സമാന്തരശ്രേണിയുടെ 6–ാം പദം 14ഉം 14–ാം പദം 6ഉം ആയാൽ പൊതുവ്യത്യാസം എന്ത്, ശ്രേണിയുടെ 20–ാം പദം എന്ത്?
10. ചതുർഭുജം ABCD ൽ $<A = 100^0$, $<B - 110^0$, $<C = 60^0$ AC വ്യാസമാക്കി വരക്കുന്ന വൃത്തത്തിൽ Bയുടെ സ്ഥാനം എവിടെയായിരിക്കും. Dയുടെ സ്ഥാനം എവിടെയായിരിക്കും.

### കഴിഞ്ഞലക്കം GK MASTER ഉത്തരങ്ങൾ

**(കഴിഞ്ഞലക്കത്തിൽ പ്രസിദ്ധീകരിച്ച ചോദ്യങ്ങൾക്ക് ശരിയുത്തരം നൽകിയത്. മനോജ് പി വി, ആലന്തട്ട, കാസറഗോഡ്)**

1. ആദേശസന്ധി
2. അധ്യാപകർ
3. ബർത്തലോമിയോ
4. രവിവർമ്മ
5. അധിശോഷണം (Adsorption)- ഗ്യാസ്മാസ്കുകളിലെ കാർബൺ (ചാർകോൾ) തരികൾ വിഷവാതകങ്ങളെ വായുവിൽ നിന്നുമാറ്റുന്നതും വാട്ടർ ഫിൽട്ടറുകളിലെ ചാർകോൾ നിറമുള്ള പദാർത്ഥങ്ങളെയും ദുർഗന്ധമുള്ള വസ്തുക്കളെയും ജലത്തിൽ നിന്നും മാറ്റുന്നതും ഇങ്ങനെയാണ്.
6. കേന്ദ്ര, സംസ്ഥാന പബ്ലിക് സർവീസ് കമ്മിഷനുകൾ
7. It being a boring film he left the theatre early.
8. By whom will the question be answered?
9. -1
10. 4.45

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 15-03-2021, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 15.03.2021 അവസാന തീയതി: 21.04.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ My applications എന്ന ലിങ്കിൽ Click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകൾ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൌൺലോഡ് ചെയ്യുന്നതിനുള്ള സൌകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്. **എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ : 02/2021

### അസിസ്റ്റന്റ് പ്രൊഫസർ ഇൻ മെഡിക്കൽ ഓങ്കോളജി മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ മെഡിക്കൽ ഓങ്കോളജി
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡമനുസരിച്ച്.
**4. ഒഴിവുകളുടെ എണ്ണം** : 09 (ഒൻപത്)

ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ (പരിശീലന കാലമുൾപ്പെടെ) ആദ്യത്തെ പത്ത് (10)വർഷത്തെ സേവനത്തിനിടയിൽ നാല്(4)വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച്(45) വയസ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 22–45, ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക, പട്ടികജാതി/പട്ടികവർഗ്ഗ, വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്)വയസ്സിൽ കവിയാൻ പാടില്ല.
(വയസ്സിളവിനെ സംബന്ധിച്ച ഇതരവ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ** : (1) മെഡിക്കൽ ഓങ്കോളജിയിൽ DM/-DNB.
(2) മേൽ പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ മെഡിക്കൽ ഓങ്കോളജിയിൽ 2 വർഷത്തെ പ്രത്യേക പരിശീലനം നേടിയ ജനറൽ മെഡിസിൻ/റേഡിയോ തെറാപ്പി/പീഡിയാട്രിക്സ് വിഷയങ്ങളിൽ MD/DNB ഉള്ളവരെ പരിഗണിക്കുന്നതാണ്.
(3) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ നിന്നുള്ള രജിസ്ട്രേഷൻ.

**മറ്റുവ്യവസ്ഥകൾ:**
(I) ഒരു അംഗീകൃത മെഡിക്കൽ കോളേജിൽ മെഡിക്കൽ ഓങ്കോളജി വകുപ്പിൽ റസിഡന്റ് ആയുള്ള 3 വർഷത്തെ അദ്ധ്യാപന പരിചയം.
(II) ബിരുദാനന്തര ബിരുദം നേടിയതിനു ശേഷം ഒരു വർഷത്തെ അദ്ധ്യാപന പരിചയം.
സീനിയർ റസിഡന്റ് ആയുള്ള ഒരു വർഷത്തെ അദ്ധ്യാപന പരിചയമുള്ളവരുടെ അഭാവത്തിൽ സീനിയർ റസിഡൻസി ഇല്ലാത്തവരും എന്നാൽ ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള മറ്റ് എല്ലാ യോഗ്യതകളുമുണ്ടെങ്കിൽ അവരെയും പരിഗണിക്കുന്നതാണ്.
**കുറിപ്പ് :** 2. റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാമില്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

### കാറ്റഗറി നമ്പർ : 03/2021

### അസിസ്റ്റന്റ് പ്രൊഫസർ ഇൻ സർജിക്കൽ ഓങ്കോളജി മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ സർജിക്കൽ ഓങ്കോളജി
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡമനുസരിച്ച്.
**4. ഒഴിവുകളുടെ എണ്ണം** : 06 (ആറ്)

ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ (പരിശീലന കാലമുൾപ്പെടെ) ആദ്യത്തെ പത്ത് (10)വർഷത്തെ സേവനത്തിനിടയിൽ നാല്(4)വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 22–45; ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക, പട്ടികജാതി/പട്ടികവർഗ്ഗ, വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല. (വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥ കളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ** : (1) സർജിക്കൽ ഓങ്കോളജിയിൽ M.Ch/DNB.
(2) മേൽ പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ സർജിക്കൽ ഓങ്കോളജിയിൽ 2 വർഷത്തെ പ്രത്യേക പരിശീലനം നേടിയ ജനറൽ സർജറി/ഇ.എൻ.ടി/ഓർത്തോപീഡിക്സ് എന്നീ വിഷയങ്ങളിൽ MS/DNB/ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജിയിൽ MD/DNB ഉള്ളവരെ പരിഗണിക്കുന്നതാണ്.
(3) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ നിന്നുള്ള രജിസ്ട്രേഷൻ.

**മറ്റുവ്യവസ്ഥകൾ:**
(I) ഒരു അംഗീകൃത മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വകുപ്പിൽ റസിഡന്റ് ആയുള്ള 3 വർഷത്തെ അദ്ധ്യാപന പരിചയം.
(II) ബിരുദാനന്തര ബിരുദം നേടിയതിനു ശേഷം ഒരു വർഷത്തെ അദ്ധ്യാപന പരിചയം.
സീനിയർ റസിഡന്റ് ആയുള്ള ഒരു വർഷത്തെ അദ്ധ്യാപന പരിചയമുള്ളവരുടെ അഭാവത്തിൽ സീനിയർ റസിഡൻസി ഇല്ലാത്തവരും എന്നാൽ ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള മറ്റ് എല്ലാ യോഗ്യതകളുമുണ്ടെങ്കിൽ അവരെയും പരിഗണിക്കുന്നതാണ്.
**കുറിപ്പ് :** 2. റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാമില്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ: 04/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി
## മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

| | | |
|---|---|---|
| 1 | **വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് |
| 2 | **ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി |
| 3 | **ശമ്പളം** | : യു.ജി.സി. മാനദണ്ഡപ്രകാരം |
| 4 | **ഒഴിവുകളുടെ എണ്ണം** | : 02 (രണ്ട്) |

**കുറിപ്പ് 2 :** ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10)വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ) നാല്(4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവന വ്യവസ്ഥ നാൽപ്പത്തിയഞ്ച് (45)വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം.

6 **പ്രായം :** 21–46; ഉദ്യോഗാർത്ഥികൾ 02/01/1975നും01–01–2000നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ട് തീയതികളുംഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗം എന്നിവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. [വയസ്സിളവിനെ സംബന്ധിച്ച് മറ്റു വ്യവസ്ഥകൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക]

**7 യോഗ്യതകൾ**

1. എം.ഡി. (ബയോകെമിസ്ട്രി)/ഡി.എൻ.ബി. (ബയോകെമിസ്ട്രി)
2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.
3. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള(ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ)സ്ഥിരം രജിസ്ട്രേഷൻ

**കുറിപ്പ്** (a): റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠന കാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പാളിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**കുറിപ്പ്** (b): ഡി.എൻ.ബി. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്ന് നേടിയതായിരിക്കണം.

## കാറ്റഗറി നമ്പർ: 05/2021
## അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)
## കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

| | | |
|---|---|---|
| 1 | **വകുപ്പ്** | : കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് |
| 2 | **ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) |
| 3 | **ശമ്പളം** | : ₹ 40975–81630/ |
| 4 | **ഒഴിവുകളുടെ എണ്ണം** | : 37 (മുപ്പത്തിയേഴ്) |

**കുറിപ്പ്:** 2. മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ചശേഷം 240ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

3. 09.09.2013 ലെ G.O(P)No.74/2013/SJD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഈ തസ്തികയുടെ 3% (മൂന്ന് ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ, ശ്രവണ വൈകല്യമുള്ളവർ, കാഴ്ച ശക്തി കുറഞ്ഞവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 19–40. ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.2002നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) എസ്സ്.സി/എസ്സ്.ടി, മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്:** i) പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമന കാലത്ത് നിശ്ചിത പ്രായ പരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷകാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റെഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റെഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

ii) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്തുമ്പോൾ മൊത്തം ഒഴിവുകളുടെ നാൽപത് (40) ശതമാനം വെളിയിൽ നിന്നുള്ള (ഓപ്പൺ മാർക്കറ്റ്) എഞ്ചിനീയറിംഗ് ബിരുദധാരികളിൽ നിന്നും നേരിട്ടള്ള നിയമനംവഴി നടത്തുന്നതാണ്.

iii) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ റഗുലർ സർവ്വീസിൽ ഇരിക്കുന്നവരെ സംബന്ധിച്ചിടത്തോളം പരമാവധി പ്രായം നാൽപത്തിയഞ്ച് (45) വരെ ദീർഘിപ്പിക്കാവുന്നതാണ്. അങ്ങനെയുള്ള അപേക്ഷകൾ ബോർഡിൽ റഗുലർ സർവ്വീസിലാണെന്ന് തെളിയിക്കുന്നതിന് ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരിയിൽ നിന്നും വാങ്ങി സുക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. എന്നാൽ പ്രൊവിഷണലായി ജോലിയിലിരിക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.

iv) 24.11.1983ൽ തുടർച്ചയായി താത്കാലിക സർവ്വീസിലുണ്ടായിരുന്നവർക്ക് അവർ പ്രസ്തുത സർവ്വീസ് ആരംഭിച്ച തീയതിയിൽ നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തവരായിരുന്നുവെങ്കിൽ സർക്കാരിന്റെ 28.04.1984ലെ ഉത്തരവ് നമ്പർ (എം.എസ്.)128/84/ജി.എ.ഡി. അനുസരിച്ചുള്ള വയസ്സിളവിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ ആനുകൂല്യം ഉദ്യോഗാർത്ഥി മേൽ വിവരിച്ച തീയതിയിൽ സേവനമനുഷ്ഠിച്ചിരുന്ന സർവ്വീസിലെ അതേ തസ്തികയിലേക്ക് മാത്രം ലഭിക്കുകയും 28.04.1984നു ശേഷം കമ്മീഷൻ ആ തസ്തികയിലേയ്ക്കുള്ള തെരഞ്ഞടുപ്പിനായി പുറപ്പെടുവിക്കുന്ന ആദ്യത്തെ ഒരു വിജ്ഞാപനത്തിന് മാത്രം ബാധകമായിരിക്കുന്നതാണ്. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട വകുപ്പ്/ആഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ 24.11.983ൽ തുടർച്ചയായി താൽകാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പളം, വകുപ്പ്/സ്ഥാപനം (സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ) ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) മടക്കിക്കൊടുക്കുന്നതല്ല.

v) വിമുക്ത ഭടന്മാർക്ക് നൽകി വരുന്ന ഇളവിന് എക്സ്ജനറൽ റിസർവ് എഞ്ചിനീയർ ഫോഴ്സ് പേഴ്സണൽ അർഹരല്ല. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്2 ലെ പൊതുവ്യവസ്ഥകൾ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ**: ഏതെങ്കിലും ഒരു അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച സിവിൽ എഞ്ചിനീയറിംഗിലുള്ള ഡിഗ്രിയോ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും പരീക്ഷാ യോഗ്യതയോ.

**അല്ലെങ്കിൽ**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഇന്ത്യയിൽ നിന്നും സിവിൽ എഞ്ചീനീയറിംഗിൽ ലഭിച്ചിട്ടുള്ള അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമയോ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും ഡിപ്ലോമയോ.

**അല്ലെങ്കിൽ**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ്, ഇന്ത്യയിൽ നിന്നും സിവിൽ എഞ്ചീനീയറിംഗിൽ അസോസിയേറ്റ് മെമ്പർഷിപ്പ് പരീക്ഷയുടെ സെക്ഷൻ 'എ' യും 'ബി' യും പാസ്സായിരിക്കണം.

**കുറിപ്പ് :** മേൽപ്പറഞ്ഞ ഉദ്യോഗത്തിന് അപേക്ഷിക്കുന്നവർ ആവശ്യമെന്നുകണ്ടാൽ നാലു വർഷത്തിൽ കുറയാത്ത കാലം (ട്രെയിനിംഗ് കാലമുൾപ്പെടെ) പ്രതിരോധസേനയിലേ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ജോലികളിലോ ഇന്ത്യയിലോ ഇന്ത്യയ്ക്കു വെളിയിലോ സേവനമനുഷ്ഠിക്കാൻ തയ്യാറാണെന്ന് ഒരു സമ്മതപത്രം താഴെ കൊടുത്തിരിക്കുന്ന ഫോറത്തിൽ ഹാജരാക്കേണ്ടതാണ്. സേവനകാലത്തിലെ ആദ്യത്തെ പത്തുവർഷം മാത്രമേ ഈ ബാദ്ധ്യത ഉണ്ടായിരിക്കുകയുള്ളൂ. 40 (നാൽപ്പത്) വയസ്സ് കഴിഞ്ഞ ഗ്രാജ്വേറ്റ് എഞ്ചിനീയർമാർക്ക് സാധാരണ ഗതിയിൽ ഈ ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

**DECLARATION**

**(To be filled up and produced by the candidate)**

I..........................................................(name) age................ do hereby agree to serve for a minimum period of four years (including periods spend on training) in the Defense Services or an assignment relating Defense efforts any where in India or abroad, if so required by any appointing authority after my appointment to the service of the board on this terms laid down by it.

Place: Signature

Date: Name:

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi), (xii) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 06/2021
## അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)
## കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ 10% ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റംവഴി തെരെഞ്ഞെടുക്കപ്പെടുന്നതിന് പ്രസ്തുത സ്ഥാപനത്തിൽ ജോലി നോക്കുന്ന യോഗ്യതയുള്ളവരിൽ നിന്നും ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| 1 | **വകുപ്പ്** | : കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് |
| 2 | **ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) |
| 3 | **ശമ്പളം** | : ₹ 40975–81630/ |
| 4 | **ഒഴിവുകളുടെ എണ്ണം** | : 16 (പതിനാറ്) (ബൈട്രാൻസ്ഫർ ക്വോട്ട) |

**കുറിപ്പ്:** 2. മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

**5. നിയമന രീതി :** തസ്തികമാറ്റം വഴി (10% ഒഴിവുകളിലേയ്ക്ക്) (അപേക്ഷാ തീയതിയിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ 3 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.)

**6. പ്രായം :** 50 വയസ്സ് തികയാൻ പാടില്ല. (ഉദ്യോഗാർത്ഥികൾ 02.01.1971നു ശേഷം ജനിച്ചവരായിരിക്കണം)

**കുറിപ്പ്:** അപേക്ഷകർ ഓഫീസ് മേലധികാരിയിൽ നിന്നും ബോർഡിൽ റെഗുലർ സർവ്വീസിലാണ് എന്ന് തെളിയിക്കുന്നതിന് താഴെ പറയുന്ന മാതൃകയിൽ ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് വാങ്ങി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(സർവീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**7. യോഗ്യതകൾ** : ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലുള്ള ഡിഗ്രിയോ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യതയോ

**അല്ലെങ്കിൽ**

ഇലക്ട്രോണിക്സ് ആൻറ് ടെലികമ്യൂണിക്കേഷൻ എഞ്ചിനീയറിംഗിലുള്ള ഡിഗ്രിയോ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യതയോ

**അല്ലെങ്കിൽ**

ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലുള്ള എ.എം.ഐ.ഇ.(ഇൻഡ്യ) എ യും ബി യും വിഭാഗങ്ങൾ

**അല്ലെങ്കിൽ**

ഇൻഡ്യയിലെ എഞ്ചിനിയേർസ് ഇൻസ്റ്റിറ്റ്യുട്ടിൽ നിന്നും ലഭിച്ചിട്ടുള്ള അസ്സോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമയോ (ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്) തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും ഡിപ്ലോമയോ

**കുറിപ്പ്** : കെ.എസ്ഇബി യിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ 10% ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം വഴി തെരഞ്ഞെടുക്കപെടുന്നതിന് യോഗ്യതയുള്ള അപേക്ഷകർക്ക് ബോർഡിൽ 3 വർഷത്തിൽ കുറയാതെയുള്ള സർവ്വീസ് ഉണ്ടായിരിക്കണം.

11. മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 07/2021
## ജൂനിയർ മാനേജർ (ജനറൽ )
## കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്

| | | |
|---|---|---|
| 1 | **വകുപ്പ്/സ്ഥാപനം** | : കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് |
| 2 | **ഉദ്യോഗപ്പേര്** | : ജൂനിയർ മാനേജർ (ജനറൽ) |
| 3 | **ശമ്പളം** | : ₹ 39500–83000/ |
| 4 | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന് ) |

**കുറിപ്പ് :** ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

5 **നിയമന രീതി :** നേരിട്ടുള്ള നിയമനം

6 **പ്രായം :** 21–36 ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2000 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.

ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യംകാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(x) & (xii) നോക്കുക.)

**7. യോഗ്യതകൾ :** 1. ഒരു അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദം

2. എം ബി എ

**8. പ്രൊബേഷൻ :** ഈ തസ്തികയിൽ നിയമനം ലഭിക്കുന്നവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായിട്ടുള്ള മൂന്നു വർഷ സേവനത്തിൽ രണ്ടു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.

12 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix),(x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5 a, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 08/2021
## ഡയറി എക്സ്റ്റൻഷൻ ഓഫീസർ
## ക്ഷീര വികസനം

**1. വകുപ്പ്** : ക്ഷീര വികസനം
**2. ഉദ്യോഗപ്പേര്** : ഡയറി എക്സ്റ്റൻഷൻ ഓഫീസർ
**3. ശമ്പളം** : ₹ 39,500–83,000/
**4. ഒഴിവുകളുടെ എണ്ണം** : 6 (ആറ്)
**കുറിപ്പ്:** 17.10.2012ലെ G.O.(P) No.61/2012/SWD ഉത്തരവനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (locomotor disabiltiy/ cerebral palsy) സംവരണം ചെയ്തിരിക്കുന്നു.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായപരിധി** : 20–37. ഉദ്യോഗാർത്ഥികൾ 02.01.1984 നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് IIലെ രണ്ടാം ഖണ്ഡിക നോക്കുക.)
**7. യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ, ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ കീഴിലുള്ള നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ ലഭിച്ച ബി.എസ്.സി. (ഡയറി സയൻസ്) ബിരുദം

**അല്ലെങ്കിൽ**

ബി.ടെക് (ഡയറി സയൻസ് ആൻഡ് ടെക്നോളജി) ബിരുദം.

## കാറ്റഗറി നമ്പർ :09/2021
## പ്രോജക്റ്റ് അസിസ്റ്റന്റ് /യൂണിറ്റ് മാനേജർ
## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്

**1. വകുപ്പ്** : കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്.
**2. ഉദ്യോഗപ്പേര്** : പ്രോജക്റ്റ് അസിസ്റ്റന്റ് / യൂണിറ്റ് മാനേജർ
**3. ശമ്പളം** : ₹ 30700–65400/
**4. ഒഴിവുകളുടെ എണ്ണം** : 18 (പതിനെട്ട്)
(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18–36; ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടിക വർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.
**യോഗ്യതകൾ** : a) ആർട്സ്/ സയൻസ്/ കൊമേഴ്സിലുള്ള ബിരുദാനന്തര ബിരുദം.

**അല്ലെങ്കിൽ**

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ അല്ലെങ്കിൽ ഒരു കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നോ ഏതെങ്കിലും വിഷയത്തിലുള്ള എം.ബി.എ.
b) ഒരു ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള കുറഞ്ഞത് ആറു മാസം ദൈർഘ്യമുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷനിലെ ഡിപ്ലോമ (ഡി.സി.എ)
**8. പ്രൊബേഷൻ :** ഈ ഉദ്യോഗത്തിന് തെരെഞ്ഞെടുക്കപ്പെടുന്ന ആൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയ്യതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം പ്രോബേഷനിൽ ആയിരിക്കും.
**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i),(ii),(iii),(iv),(vi)(vii) & (xii), നോക്കുക.)
12. a) പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi), (xiii) എന്നീ ഉപഖണ്ഡികകളും 5 (a), 6, 7 എന്നീ ഖണ്ഡികകളും മേൽ പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
b) മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്ററി നമ്പർ : 10/2021
## അക്കൗണ്ടന്റ്/ സീനിയർ അസിസ്റ്റന്റ്
## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്

**1. വകുപ്പ്** : കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : അക്കൗണ്ടന്റ് / സീനിയർ അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 30700–65400/–
**4. ഒഴിവുകളുടെ എണ്ണം** : 11 (പതിനൊന്ന്)
**കുറിപ്പ്:** (2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.
(3) ടി തസ്തികയുടെ 3% ഒഴിവുകൾ ശ്രവണ വൈകല്യം, കാഴ്ചക്കുറവ്, ചലന വൈകല്യം/ സെറിബ്രൽ പാൾസി, എന്നീ വിഭാഗം ഭിന്നശേഷിക്കാർക്കായി 03.01.2013 ലെ GO(P)No.1/13/SJD ഉത്തരവ് പ്രകാരം നീക്കിവച്ചിരിക്കുന്നു.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18–36; ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.
**7. യോഗ്യതകൾ** : a) കൊമേഴ്സിലുള്ള ബിരുദാനന്തര ബിരുദം.

**അല്ലെങ്കിൽ**

സി.എ(ഇന്റർ)/ ഐ.സി.ഡബ്ല്യു.എ(ഇന്റർ)
b) ഒരു ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള കുറഞ്ഞത് ആറു മാസം ദൈർഘ്യമുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷനിലെ ഡിപ്ലോമ (ഡി.സി.എ)
**8. പ്രൊബേഷൻ** : ഈ ഉദ്യോഗത്തിന് തെരെഞ്ഞെടുക്കപ്പെടുന്ന ആൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയ്യതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം പ്രോബേഷനിൽ ആയിരിക്കും.
**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i),(ii),(iii),(iv),(vi)(vii) & (xii), നോക്കുക.)
12. a) പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡികയിലെ (v),(viii), (ix),(x),(xi),(xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽ പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
b) മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്ററി നമ്പർ : 11/2021
## ആർട്ടിസ്റ്റ്
## മെഡിക്കൽ വിദ്യാഭ്യാസം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ആർട്ടിസ്റ്റ്
**3. ശമ്പളം** : ₹ 25,200–54,000/–
**4. ഒഴിവുകളുടെ എണ്ണം** : 3 (മൂന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായം** : 19–36, ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)
**7. യോഗ്യതകൾ** : (1)എസ്.എസ്.എൽ.സി. പാസായിരിക്കണം.
(2)ഡ്രോയിംഗ് ആന്റ് പെയിന്റിംഗിലുള്ള ഡിപ്ലോമ.

## കാറ്റഗറി നമ്പർ : 12/2021
## ടൈപ്പിസ്റ്റ് ക്ലർക്ക്
## മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

**1 സ്ഥാപനത്തിന്റെ പേര്** : മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : ടൈപ്പിസ്റ്റ് ക്ലർക്ക്
**3 ശമ്പളം** : ₹ 9940–16580/– (PR)
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**കുറിപ്പ്** : (ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.
(iii) 03.01.2013 തീയതിയിലെ G.O.(P) No.01/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ) സംവരണം ചെയ്തിരിക്കുന്നു.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, വിധവകൾക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.
**കുറിപ്പ് :** (i) മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡിലെ തൊഴിലാളികൾക്ക് അവർ മറ്റുവിധത്തിൽ യോഗ്യരാണെങ്കിൽ ഉയർന്ന പ്രായ പരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ടി സ്ഥാപനത്തിൽ അവരുടെ സർവ്വീസിനുതുല്യമായ കാലത്തോളം പ്രായ പരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. ഈ ആനുകൂല്യം ഉപയോഗപ്പെടുത്തണമെന്നാഗ്രഹിക്കുന്ന പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾ അവരുടെ സർവ്വീസ് വ്യക്തമായി കാണിക്കുന്ന സർട്ടിഫിക്കറ്റുകൾ (സർവ്വീസ് ആരംഭിച്ചതും അവസാനിച്ചതുമായ തീയതികൾ രേഖപ്പെടുത്തിയ) മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയുടെ മേലധികാരിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
ii) സർവ്വീസിലെ നോൺ ഗസറ്റഡ് /ക്ലാസ് III/ ക്ലാസ് IV തസ്തികകളിലും, സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ പ്രവർത്തിക്കുന്ന കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലോ തത്തുല്യ തസ്തികകളിൽ അപ്രന്റിഷിപ്പ് ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുളളവരെ അതേ സ്ഥാപനത്തിലോ അതേ രീതിയിലുള്ള ട്രേഡിലോ, ജോലിയിലോ നിയമിക്കുമ്പോൾ 1961ലെ അപ്രന്റീസ് ആക്റ്റനുസരിച്ചുള്ള അവരുടെ ട്രെയിനിംഗ് കാലംകൂടി കണക്കാക്കി ഉയർന്ന പ്രായ പരിധിയിൽ നിന്ന് പ്രസ്തുത കാലം ഇളവ് ചെയ്യുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii), (iv),(vi)(vii) ,(xii) & (xiv) നോക്കുക.)
**7. യോഗ്യതകൾ :** (1) പ്ലസ് ടു പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.
(2) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിലും (കെ.ജി.ടി.ഇ.), കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുമുള്ള ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് അഥവാ തത്തുല്യ യോഗ്യത.
**കുറിപ്പ്:** 2002 ജനുവരിയ്ക്കുമുമ്പ് കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പാസായിട്ടുളള ഉദ്യോഗാർത്ഥികൾ കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുളള സർട്ടിഫിക്കറ്റ് അഥവാ തത്തുല്യ സർട്ടിഫിക്കറ്റ് പ്രത്യേകം ഹാജരാക്കണം.
(3) മലയാളം ടൈപ്പ്റൈറ്റിംഗിലുളള (കെ.ജി.ടി.ഇ.) ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് അഥവാ തത്തുല്യ യോഗ്യത.
**പ്രൊബേഷൻ:** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നയാൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുളളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.
10. (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 13/2021
## ജൂനിയർ അക്കൗണ്ടന്റ് ഗ്രേഡ് II
## കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്

**1 വകുപ്പ്** : കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : ജൂനിയർ അക്കൗണ്ടന്റ് ഗ്രേഡ് II
**3 ശമ്പളം** : ₹ 6680–10790/–
**4 ഒഴിവുകളുടെ എണ്ണം** : 03 (മൂന്ന് )
iii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.
03.01.2013 ലെ GO(P)No.01/13/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% (മൂന്നു ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ, സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ, കാഴ്ച കുറവുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു.
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**കുറിപ്പ്** : ഈ ഉദ്യോഗത്തിൽ നിയമിക്കപെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തെ സർവീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും. ഇത് കൂടാതെ പ്രൊബേഷൻ കാലാവധി ആവശ്യമെങ്കിൽ പി

ന്നീടും 6 (ആറ്) മാസം കൂടെ ദീർഘിപ്പിക്കുന്നതിനു നിയമനാധികാരിക്ക് വിവേചനാധികാരമുണ്ടായിരിക്കുന്നതാണ്.

**6 പ്രായം** : 18–36 ; ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.

കുറിപ്പ്: വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതു വ്യവസ്ഥകൾ ഖണ്ഡിക 2(i), (ii), (iii), (iv), (vi), (vii), (xii) &(xiv) നോക്കുക.)

**7 യോഗ്യതകൾ** : യോഗ്യതാ പരീക്ഷകളിൽ 50 ശതമാനം മാർക്കിൽ കുറയാതെയുള്ള (aggregate) ബി.കോം ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

11 (a) പൊതുവ്യവസ്ഥകളിലെ 2ാം ഖണ്ഡികയിലെ v, viii, ix ,x, xi & xiii എന്നീ ഉപഖണ്ഡികകളും, ഖണ്ഡികകൾ 6, 7ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം വിശേഷാൽ ചട്ടങ്ങൾക്കും (13/01/2020 തീയതിയിലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 11/2020/ID), അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ : 14/2021
## ജൂനിയർ അസിസ്റ്റന്റ്
## കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

**1 വകുപ്പ്** : കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : ജൂനിയർ അസിസ്റ്റന്റ്
**3 ശമ്പളം** : ₹ 5250–8390/– (PR)
**4 ഒഴിവുകളുടെ എണ്ണം** : 02 (രണ്ട് )

**കുറിപ്പ് :-** ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

iii)ടി തസ്തികയുടെ 3% ഒഴിവുകൾ ചലന വൈകല്യം / സെറിബ്രൽ പാൾസി ,ശ്രവണവൈകല്യം, കാഴ്ചവൈകല്യം എന്നീ വിഭാഗം ഭിന്നശേഷിക്കാർക്കായി 03.01.2013 ലെ GO(P)No.1/13/SJD ഉത്തരവ് പ്രകാരം നീക്കിവച്ചിരിക്കുന്നു.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18–39 ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ്** : പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(x) & (xii) നോക്കുക.)

**7. യോഗ്യതകൾ** :എസ്.എസ്.എൽ.സി

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix),(x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b)മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

# ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ : 15/2021
## ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)
## ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ

**1. വകുപ്പ്** : ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)
**3. ശമ്പളം** : ₹ 20,000 – 45,800/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ മലപ്പുറം 01 (ഒന്ന്)

**കുറിപ്പ്** : (ii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v)29.06.2019 ലെ GO(സാധാ)നം.394/2019/SJD പ്രകാരം 3% ഭിന്നശേഷി സംവരണത്തിനായി ഒഴിവുകൾ മാറ്റിവയ്ക്കുന്നതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : **1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്**

18–36; ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും)

**2. ആയുർവ്വേദ കോളേജുകൾ**

19–36; ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും)

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7 യോഗ്യതകൾ :** 1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ആയുർവ്വേദ കോളേജുകൾ

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള ഗവൺമെന്റ് അംഗീകരിച്ച ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ് / ഡിപ്ലോമ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

ഗവൺമെന്റ് അംഗീകൃത ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്.

## കാറ്റഗറി നമ്പർ : 16/2021
## നഴ്സ് ഗ്രേഡ് - II (ആയുർവേദം)
## ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

**1 വകുപ്പ്** : ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
**2 ഉദ്യോഗപ്പേര്** : നഴ്സ് ഗ്രേഡ് II (ആയുർവേദം)
**3 ശമ്പളം** : ₹ 20,000–45800/–
**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ഇടുക്കി – 01 (ഒന്ന്)
മലപ്പുറം – 07 (ഏഴ്) പ്രതീക്ഷിത ഒഴിവുകൾ
വയനാട് – 04 (നാല്) പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്:** (ii)ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയ്ക്ക് ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷകൾ അയക്കുവാൻ പാടില്ലാത്തതും അപേക്ഷിക്കുന്ന ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

iii)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PD-യിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക.

**7 യോഗ്യതകൾ :**

1. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത.
2. കേരള ഗവൺമെന്റ് അംഗീകരിച്ച ആയൂർവേദ നഴ്സസസ് കോഴ്സ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

## കാറ്റഗറി നമ്പർ : 17/2021
## ഡ്രൈവർ ഗ്രേഡ് II (HDV)
## ഡ്രൈവർ കം ഓഫീസ് അറ്റന്റ്ഡന്റ്
## (Part-I) നേരിട്ടുള്ള നിയമനം
## വിവിധം (എൻ.സി.സി, വിനോദ സഞ്ചാരം, എക്സൈസ്, പോലീസ്, സൈനിക ക്ഷേമം, ട്രാൻസ്പോർട്ട് എന്നിവ ഒഴികെ)

**1. വകുപ്പ്** : വിവിധം (എൻ.സി.സി, വിനോദ സഞ്ചാരം, എക്സൈസ്, പോലീസ്, സൈനിക ക്ഷേമം, ട്രാൻസ്പോർട്ട് എന്നിവ ഒഴികെ)
**2. ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് II (HDV) ഡ്രൈവർ കം ഓഫീസ് അറ്റന്റ്ഡന്റ് (HDV) Vide GO MS(No.29/15 P&ARDdated19/11/2015)
**3. ശമ്പളം** : ₹ 18,000 – 41,500/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|
| | തിരുവനന്തപുരം | പ്രതീക്ഷിത ഒഴിവുകൾ |
| | കൊല്ലം | |
| | പത്തനംതിട്ട | |
| | ആലപ്പുഴ | |
| | കോട്ടയം | |
| | തൃശൂർ | |
| | പാലക്കാട് | |
| | മലപ്പുറം | |
| | കോഴിക്കോട് | |
| | കണ്ണൂർ | |
| | ഇടുക്കി | 03 (മൂന്ന്) |
| | എറണാകുളം | 01 (ഒന്ന്) |
| | വയനാട് | 01 (ഒന്ന്) |
| | കാസർഗോഡ് | 01 (ഒന്ന്) |

**കുറിപ്പ്:** (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ്(എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02/12/1991ലെ ജി.ഒ.(എം.എസ്)നം. 36/91/പി & എ.ആർ.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതും ആണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 1)18–39 ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :**

I) ഏഴാം ക്ലാസ്സ് അല്ലെങ്കിൽ തേർഡ് ഫോറം പാസ്സായിരിക്കണം.

ii)മീഡിയം/ഹെവി ഗുഡ്സ്/പാസഞ്ചർ/മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവേഴ്സ് ബാഡ്ജോടുകൂടിയ 3 (മൂന്ന്) വർഷത്തെ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

iii) മീഡിയം/ഹെവി ഗുഡ്സ്/പാസഞ്ചർ/മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (T testഅടക്കം) തെളിയിക്കേണ്ടതാണ്. ''T' ടെസ്റ്റിൽ വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളു.

6. (iv) ശാരീരിക യോഗ്യതകൾ :

| | | | |
|---|---|---|---|
| (എ) ചെവി | : | പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം. | |
| (ബി) കണ്ണ് | : | വലത് | ഇടത് |
| ദൂരകാഴ്ച | : | 6/6 സ്നെല്ലൻ | 6/6സ്നെല്ലൻ |
| സമീപ കാഴ്ച | : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

| | |
|---|---|
| കളർ വിഷൻ | : സാധാരണമായിരിക്കണം |
| മാലക്കണ്ണ് | : ഇല്ലാതിരിക്കണം |

(സി) പേശികളും സന്ധികളും തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.
(ഡി) ഞരമ്പുഘടന : പൂർണ്ണമായുംസാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾയാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ്:**1) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(iv-)-ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും [iv (b)] ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച് ഖണ്ഡിക 7(iv)(b) ൽ പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

4) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് ബാഡ്ജോടുകൂടിയ സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, OMR പരീക്ഷ/ഓൺലൈൻ പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.

5) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ഊഴം അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുന്നതാണ്.

**പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

## കാറ്റഗറി നമ്പർ : 18/2021
## ഡ്രൈവർ ഗ്രേഡ് II (HDV)
## പാർട്ട്–II(തസ്തികമാറ്റം വഴിയുള്ള നിയമനം)
## ഡ്രൈവർ കം ഓഫീസ് അറ്റന്റ്ഡന്റ് (HDV)
## വിവിധം

**1. വകുപ്പ്** : വിവിധം

**2. ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് II (HDV) (തസ്തികമാറ്റം വഴിയുള്ള നിയമനം) ഡ്രൈവർ കം ഓഫീസ് അറ്റന്റ്ഡന്റ് (HDV) Vide GO MS(No.29/15/P&ARD dated19/11/2015)

**3. ശമ്പളം** : ₹ 18,000 – 41,500/-

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|
| | തിരുവനന്തപുരം | പ്രതീക്ഷിത ഒഴിവുകൾ |
| | കൊല്ലം | |
| | പത്തനംതിട്ട | |
| | ആലപ്പുഴ | |
| | കോട്ടയം | |
| | ഇടുക്കി | |
| | എറണാകുളം | |
| | തൃശൂർ | |
| | പാലക്കാട് | |
| | മലപ്പുറം | |
| | കോഴിക്കോട് | |
| | കണ്ണൂർ | |
| | വയനാട് | |
| | കാസർഗോഡ് | |

**കുറിപ്പ്:** (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ്(എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02/12/1991ലെ ജി.ഒ.(എം.എസ്)നം. 36/91/പി & എ.ആർ.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

iv)ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതും ആണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

v) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷിക്കുന്നവർ അവരുടെ ഓഫീസ് മേലധികാരിയിൽ നിന്നും സർവീസ് സർട്ടിഫിക്കറ്റിന്റെ അസൽ വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**5 നിയമന രീതി** : തസ്തികമാറ്റം വഴിയുള്ളത്.

ജനറൽ സബോർഡിനേറ്റ് സർവീസിലെ മറ്റേതെങ്കിലും തസ്തികയിൽ നിന്നോ, വിഭാഗത്തിൽ നിന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും സർവീസിൽ നിന്നോ തസ്തികമാറ്റം വഴി.

**കുറിപ്പ്** : i) തസ്തികമാറ്റം വഴിയുള്ള നിയമനവും നേരിട്ടുള്ള നിയമനവും 1:3 എന്ന അനുപാതത്തിൽ ആയിരിക്കും. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് നിർദിഷ്ട യോഗ്യതയുള്ളവരുടെ അഭാവത്തിൽ ടി ഒഴിവിലേക്ക് നേരിട്ടുള്ള നിയമനം വഴി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതാണ്.

ii) കേരള ഗവണ്മെന്റ് സബോർഡിനേറ്റ് സർവീസുകളിൽ Rs.18,000 - 41,500/- ൽ താഴെ ശമ്പളനിരക്കുള്ള തസ്തികകളിൽ ജോലിയിലിരിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റം വഴി ഡ്രൈവർ ഗ്രേഡ് II (HDV) തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ അയക്കുന്ന തീയതിയിൽ അവർ പാർട്ട് ടൈം കണ്ടിജൻറ് സബോർഡിനേറ്റ് സർവീസ് ഉൾപ്പെടെ ഏതെങ്കിലും ഒരു സബോർഡിനേറ്റ് സർവീസിലെ സ്ഥിരം ജീവനക്കാരനോ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ സർവീസിനെ സംബന്ധിക്കുന്ന വിവരങ്ങൾ കാണിക്കുന്ന സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന ഫോറത്തിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയിൽനിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനെയോ മറ്റു വിധത്തിലോ നിയമിക്കപ്പെട്ട താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഈ വിഭാഗത്തിൽ അപേക്ഷ അയക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

iii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗത്തിൽ പതിനാല് മുതൽ പതിനേഴ് വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**6. പ്രായം** : 1)18–50 ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ** : I) ഏഴാം ക്ലാസ്സ് അല്ലെങ്കിൽ തേർഡ് ഫോറം പാസ്സായിരിക്കണം.

ii)മീഡിയം/ഹെവി ഗുഡ്സ്/പാസഞ്ചർ/മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവേഴ്സ് ബാഡ്ജോടുകൂടിയ 3 (മൂന്ന്) വർഷത്തെ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

iii) മീഡിയം/ഹെവി ഗുഡ്സ്/പാസഞ്ചർ/മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (T testഅടക്കം) തെളിയിക്കേണ്ടതാണ്. ''T' ടെസ്റ്റിൽ വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളു.

(iv) ശാരീരിക യോഗ്യതകൾ :

| | | |
|---|---|---|
| (എ) ചെവി | : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം. | |
| (ബി) കണ്ണ് | : വലത് | ഇടത് |
| ദൂരകാഴ്ച | : 6/6 സ്നെല്ലൻ | 6/6സ്നെല്ലൻ |
| സമീപ കാഴ്ച | : 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : സാധാരണമായിരിക്കണം | |
| മാലക്കണ്ണ് | : ഇല്ലാതിരിക്കണം | |

(സി) പേശികളും സന്ധികളും തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.
(ഡി) ഞരമ്പുഘടന : പൂർണ്ണമായുംസാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾയാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ്:**1) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(iv-)-ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും [iv (b)] ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച് ഖണ്ഡിക 7(iv)(b) ൽ പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

4) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് ബാഡ്ജോടുകൂടിയ സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, OMR പരീക്ഷ/ഓൺലൈൻ പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.

5) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ഊഴം അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുന്നതാണ്.

**പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

## കാറ്റഗറി നമ്പർ : 19/2021
## ഡ്രൈവർ ഗ്രേഡ് II (LDV)
## പാർട്ട്–I (നേരിട്ടുള്ള നിയമനം)
## ഡ്രൈവർ കം ഓഫീസ് അറ്റന്റ്ഡന്റ് (LDV)
## വിവിധം

**1. വകുപ്പ്** : വിവിധം

**2. ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് II (LDV) ഡ്രൈവർ കം ഓഫീസ് അറ്റന്റ്ഡന്റ് ( LDV) Vide GO MS(No.29/15/ P&ARDdated19/11/2015)

**3. ശമ്പളം** : ₹ 18,000 – 41,500/-

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|
| | തിരുവനന്തപുരം | പ്രതീക്ഷിത ഒഴിവുകൾ |
| | കൊല്ലം | |
| | പത്തനംതിട്ട | |
| | ആലപ്പുഴ | |
| | കോട്ടയം | |
| | ഇടുക്കി | |
| | എറണാകുളം | |
| | തൃശൂർ | |
| | മലപ്പുറം | |
| | കോഴിക്കോട് | |
| | കണ്ണൂർ | |
| | പാലക്കാട് | 05 (അഞ്ച്) |
| | വയനാട് | 01 (ഒന്ന്) |
| | കാസർഗോഡ് | 01 (ഒന്ന്) |

**കുറിപ്പ്:** (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ്(എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02/12/1991ലെ ജി.ഒ.(എം.എസ്)നം. 36/91/പി & എ.ആർ.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതും ആണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 1) 18–39 ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** :-I) ഏഴാം ക്ലാസ്സ് അല്ലെങ്കിൽ തേർഡ് ഫോറം പാസ്സായിരിക്കണം

ii) ഡ്രൈവേഴ്സ് ബാഡ്ജും ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ളതും ചുരുങ്ങിയത് 3(മൂന്ന്)വർഷമായി പ്രാബല്യത്തിലുള്ളതുമായ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

iii) ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് (ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ ('H'ടെസ്റ്റ് അടക്കം) തെളിയിക്കേണ്ടതാണ്.) 'H'ടെസ്റ്റിൽ വിജയിക്കുന്ന വരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

**കുറിപ്പ്:** 7.

8. 12.10.2018 മുതൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവേഴ്സ് ബാഡ്ജ് ഒഴിവാക്കിട്ടുണ്ട്.

(iv) ശാരീരിക യോഗ്യതകൾ :

| | | |
|---|---|---|
| (എ) ചെവി | : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം. | |
| (ബി) കണ്ണ് | : വലത് | ഇടത് |
| ദൂരകാഴ്ച | : 6/6 സ്നെല്ലൻ | 6/6സ്നെല്ലൻ |
| സമീപ കാഴ്ച | : 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : സാധാരണമായിരിക്കണം | |
| മാലക്കണ്ണ് | : ഇല്ലാതിരിക്കണം | |

(സി) പേശികളും സന്ധികളും തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.
(ഡി) ഞരമ്പുഘടന : പൂർണ്ണമായുംസാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾയാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ്:**1) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന്

അപേക്ഷിക്കുവാൻ അർഹരല്ല.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(iv)-ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും [iv (b)] ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച് ഖണ്ഡിക 7(iv)(b) ൽ പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്.മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

4) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് ബാഡ്ജോടുകൂടിയ സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, OMR പരീക്ഷ/ഓൺലൈൻ പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.

5) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ഊഴം അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുന്നതാണ്.

**പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

## കാറ്റഗറി നമ്പർ : 20/2021

## ഡ്രൈവർ ഗ്രേഡ് II (LDV)

## പാർട്ട്–II (തസ്തികമാറ്റം വഴിയുള്ള നിയമനം)

## ഡ്രൈവർ കം ഓഫീസ് അറ്റന്റ്ഡന്റ് ( LDV)

## വിവിധം

**1. വകുപ്പ്** : വിവിധം

**2. ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് II (LDV)
(തസ്തികമാറ്റം വഴിയുള്ള നിയമനം)
ഡ്രൈവർ കം ഓഫീസ്
അറ്റന്റ്ഡന്റ് ( LDV)
Vide GO MS(No.29/15/
P&ARDdated19/11/2015)

**3. ശമ്പളം** : ₹ 18,000 - 41,500/-

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|
| | തിരുവനന്തപുരം | പ്രതീക്ഷിത ഒഴിവുകൾ |
| | കൊല്ലം | |
| | പത്തനംതിട്ട | |
| | ആലപ്പുഴ | |
| | കോട്ടയം | |
| | ഇടുക്കി | |
| | എറണാകുളം | |
| | തൃശൂർ | |
| | പാലക്കാട് | |
| | മലപ്പുറം | |
| | കോഴിക്കോട് | |
| | കണ്ണൂർ | |
| | വയനാട് | |
| | കാസർഗോഡ് | |

**കുറിപ്പ്:** (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ്(എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02/12/1991ലെ ജി.ഒ.(എം.എസ്)നം. 36/91/പി & എ.ആർ.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതും ആണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

v) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷിക്കുന്നവർ അവരുടെ ഓഫീസ് മേലധികാരിയിൽ നിന്നും സർവീസ് സർട്ടിഫിക്കറ്റിന്റെ അസൽ വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**5 നിയമന രീതി** : തസ്തികമാറ്റം വഴിയുള്ളത്.

ജനറൽ സബോർഡിനേറ്റ് സർവീസിലെ മറ്റേതെങ്കിലും തസ്തികയിൽ നിന്നോ, വിഭാഗത്തിൽ നിന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും സർവീസിൽ നിന്നോ തസ്തികമാറ്റം വഴി.

**കുറിപ്പ് :** i) തസ്തികമാറ്റം വഴിയുള്ള നിയമനവും നേരിട്ടുള്ള നിയമനവും 1:3 എന്ന അനുപാതത്തിൽ ആയിരിക്കും. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് നിർദിഷ്ട യോഗ്യതയുള്ളവരുടെ അഭാവത്തിൽ ടി ഒഴിവിലേക്ക് നേരിട്ടുള്ള നിയമനം വഴി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതാണ്.

ii) കേരള ഗവണ്മെന്റ് സബോർഡിനേറ്റ് സർവീസുകളിൽ Rs.18,000 - 41,500/- ൽ താഴെ ശമ്പളനിരക്കുള്ള തസ്തികകളിൽ ജോലിയിലിരിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റം വഴി ഡ്രൈവർ ഗ്രേഡ് II (LDV) തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ അയക്കുന്ന തീയതിയിൽ അവർ പാർട്ട് ടൈം കണ്ടിജൻറ് സബോർഡിനേറ്റ് സർവീസ് ഉൾപ്പെടെ ഏതെങ്കിലും ഒരു സബോർഡിനേറ്റ് സർവീസിലെ സ്ഥിരം ജീവനക്കാരനോ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ സർവീസിനെ സംബന്ധിക്കുന്ന വിവരങ്ങൾ കാണിക്കുന്ന സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന ഫോറത്തിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയിൽനിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനെയോ മറ്റു വിധത്തിലോ നിയമിക്കപ്പെട്ട താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഈ വിഭാഗത്തിൽ അപേക്ഷ അയക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

iii)തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗത്തിൽ പതിനാല് മുതൽ പതിനേഴ് വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**6. പ്രായം** : 1)18–50 ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ :** I) ഏഴാം ക്ലാസ്സ് അല്ലെങ്കിൽ തേർഡ് ഫോറം പാസ്സായിരിക്കണം

ii)ഡ്രൈവേഴ്സ് ബാഡ്ജും ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ളതും ചുരുങ്ങിയത് 3 (മൂന്ന്)വർഷമായി പ്രാബല്യത്തിലുള്ളതുമായ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

iii) ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് (ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ ('H'ടെസ്റ്റ് അടക്കം) തെളിയിക്കേണ്ടതാണ്.) 'H'ടെസ്റ്റിൽ വിജയിക്കുന്ന വരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

**കുറിപ്പ്:** 10.

11. 12.10.2018 മുതൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവേഴ്സ് ബാഡ്ജ് ഒഴിവാക്കിട്ടുണ്ട്.

(iv) ശാരീരിക യോഗ്യതകൾ :

| | | |
|---|---|---|
| (എ) ചെവി | : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം. | |
| (ബി) കണ്ണ് | : വലത് | ഇടത് |
| ദൂരകാഴ്ച | : 6/6 സ്നെല്ലൻ | 6/6സ്നെല്ലൻ |
| സമീപ കാഴ്ച | : 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : സാധാരണമായിരിക്കണം | |
| മാലക്കണ്ണ് | : ഇല്ലാതിരിക്കണം | |

(സി) പേശികളും സന്ധികളും :തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായുംസാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾയാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ്:**1) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(iv)-ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും [iv (b)] ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച് ഖണ്ഡിക 7(iv)(b) ൽ പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

4) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് ബാഡ്ജോടുകൂടിയ സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, OMR പരീക്ഷ/ഓൺലൈൻ പരീക്ഷ , പ്രായോഗിക പരീക്ഷ , ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.

5) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ഊഴം അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുന്നതാണ്.

**പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

## കാറ്ററി നമ്പർ : 21/2021

## ആയ

## വിവിധം

**1. വകുപ്പ്** : വിവിധം

**2. ഉദ്യോഗപ്പേര്** : ആയ

**3. ശമ്പളം** : ₹ 16,500–35700/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തിരുവനന്തപുരം 02 (രണ്ട്)
പത്തനംതിട്ട 01 (ഒന്ന്)
ആലപ്പുഴ 03 (മൂന്ന്)
കോട്ടയം 01 (ഒന്ന്)
ഇടുക്കി 02 (രണ്ട്)
കോഴിക്കോട് 02 (രണ്ട്)
കണ്ണൂർ 01 (ഒന്ന്)
കാസർഗോഡ് 01 (ഒന്ന്)

**കുറിപ്പ്:** iii) സാമൂഹ്യനീതി വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന ടി തസ്തികയുടെ ഒഴിവുകളും ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02/01/1961ലെ സർക്കാർ ഉത്തരവ് (എം.എസ്) 04/61/പി.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല.

iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതും ആണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18-36 (ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ**

i) ഏഴാം സ്റ്റാൻഡേർഡ് പാസ്സായിരിക്കണം, അഥവാ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. എന്നാൽ ബിരുദം നേടിയിരിക്കുവാൻ പാടില്ല.

ii) ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ നിന്നോ അല്ലെങ്കിൽ 1860ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1860ലെ സെൻട്രൽ ആക്ട് XXI) അഥവാ 1955ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1955ലെ Xii)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ അല്ലെങ്കിൽ സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും ഗ്രാന്റ് ഇൻ എയ്ഡ് സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ കുട്ടികളുടെ 'ആയ' ആയിട്ടുള്ള ഒരു വർഷത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം.

**കുറിപ്പ് :** i) മുകളിൽ രണ്ടാം ഇനമായി കാണിച്ചിട്ടുള്ള പരിചയം ഒന്നാം ഇനത്തിൽ പറയുന്ന വിദ്യാഭ്യാസ യോഗ്യത നേടിയതിനു ശേഷം ലഭിച്ചതായിരിക്കണം.

ii) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് എല്ലാ വകുപ്പിലും സ്ത്രീകൾക്ക് മാത്രമായി സംവരണം ചെയ്തിരിക്കുന്നു

iii) പട്ടിക ജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ പരിചയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമനത്തിനായി പരിഗണിക്കാവുന്നതാണ്. പ്രസ്തുത ഉദ്യോഗാർത്ഥികളെ മുകളിൽ രണ്ടാം ഇനമായി കാണിച്ചിട്ടുള്ള പരിചയം ലഭിക്കുന്നതിനായി പ്രൊബേഷൻ കാലയളവിൽ പരിശീലനത്തിന് നിയോഗിക്കുന്നതാണ്.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:** i) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കണം.

ii) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ : 22/2021
### മെഡിക്കൽ ഓഫീസർ (ആയുർവേദം)
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
### ഭാരതീയ ചികിത്സാ വകുപ്പ്

**1. വകുപ്പ്** : ഭാരതീയ ചികിത്സാ വകുപ്പ്
**2. ഉദ്യോഗപ്പേര്** : മെഡിക്കൽ ഓഫീസർ (ആയുർവേദം) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
**3. ശമ്പളം** : ₹ 39500–83000/
**4. ഒഴിവുകളുടെ എണ്ണം** : 03 (മൂന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 19–46 ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.2002നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:** 1) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല നൽകിയതോ അംഗീകരിച്ചതോ ആയ ആയുർവ്വേദത്തിലുള്ള ബിരുദം, അല്ലെങ്കിൽ തത്തുല്യ യോഗ്യത

2) ട്രാവൻകൂർ കൊച്ചി മെഡിക്കൽ കൗൺസിലിൽ നിന്നുള്ള 'A' class രജിസ്ട്രേഷൻ.

**8 പ്രൊബേഷൻ:** ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന നാൾ മുതൽ തുടർച്ചയായ മൂന്ന് വർഷ സേവന കാലയളവിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (c) ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ : 23/2021
### വനിതാ സബ് ഇൻസ്പെക്ടർ (പട്ടികവിഭാഗക്കാർക്ക് മാത്രം)
### കേരള പോലീസ് സർവ്വീസ്

**1. വകുപ്പ്** : കേരള പോലീസ് സർവ്വീസ്
**2. ഉദ്യോഗപ്പേര്** : വനിതാ സബ് ഇൻസ്പെക്ടർ (പട്ടികവിഭാഗക്കാർക്ക് മാത്രം) പുരുഷ ഉദ്യോഗാർത്ഥികളും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാൻ യോഗ്യരല്ല.
**3. ശമ്പളം** : ₹ 32,300–68,700/
**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 20–36: ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ:**

(എ). വിദ്യാഭ്യാസ യോഗ്യതകൾ : ബിരുദം

(ബി).ശാരീരിക യോഗ്യതകൾ: പൂർണ്ണ ശാരീരിക യോഗ്യരായിരിക്കണം. താഴെ പറയുന്ന മിനിമം ശാരീരിക യോഗ്യത ഉണ്ടായിരിക്കണം. ഉയരം : 150 cm

(സി). എല്ലാ ഉദ്യോഗാർത്ഥികൾക്കും കണ്ണടയില്ലാതെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| 1) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| 2) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:** 1. ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

2. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(ഡി). ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും ശാരീരിക യോഗ്യതയും തെളിയിക്കുന്നതിന് സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

(ഇ). സ്പോർട്ട്സ്, മിലിട്ടറി ട്രെയിനിംഗ്, എൻ.സി.സി മെമ്പർഷിപ്പ് മുതലായവ അധിക യോഗ്യതയായി കണക്കാക്കുന്നതാണ്.

(എഫ്). മുകളിൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾക്കു പുറമേ ഓരോ ഉദ്യോഗാർത്ഥിയേയും കായികക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

(ജി). ഉദ്യോഗാർത്ഥികൾക്കുള്ള കായികക്ഷമതാ പരീക്ഷ ഉദ്യോഗാർത്ഥികൾ വൺ സ്റ്റാർ സ്റ്റാൻഡേർഡിലെ കായികക്ഷമതാ പരീക്ഷയിൽ താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5(അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | യോഗ്യത |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജമ്പ് | 1.06 മീറ്റർ |
| 3 | ലോംഗ് ജമ്പ് | 3.05 മീറ്റർ |
| 4 | പുട്ടിംഗ് ദ് ഷോട്ട്(4 കി.ഗ്രാം) | 4.88 മീറ്റർ |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോബാൾ | 14 മീറ്റർ |
| 7 | ഷട്ടിൽ റേസ് (4X25) | 26 സെക്കന്റ് |
| 8 | സ്കിപ്പിങ്ങ് (1 മിനിറ്റ്) | 80 തവണ |

[25.05.2009 ലെ ജി.ഒ. (പി) നമ്പർ 65/2009/ഹോം സർക്കാർ ഉത്തരവ് പ്രകാരം].

**കുറിപ്പ്:** കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന പുരുഷ/വനിതാ ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**8. ട്രെയിനിംഗ്:** ഈ തസ്തികയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ ഉദ്യോഗാർത്ഥികളും പോലീസ് ട്രെയിനിംഗ് കോളേജിലെ ഒരു വർഷത്തെ ട്രെയിനിംഗും 10½ മാസത്തെ പ്രായോഗിക പരിശീലനവും പൂർത്തിയാക്കേണ്ടതാണ്.

9. പരിശീലന കാലത്തെ വേതന നിരക്ക്: പരിശീലന കാലത്ത് ഉദ്യോഗാർത്ഥികൾക്ക് Minimum Scale of Pay യും അതോടൊപ്പം ടി തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള അലവൻസുകളും ലഭിക്കുന്നതാണ്.

**10. പ്രൊബേഷൻ:** ടി തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ പ്രായോഗിക പരിശീലന കാലം പൂർത്തിയാക്കുന്നതു മുതൽ തുടർച്ചയായ 3 വർഷക്കാലത്തിനിടയിൽ 2 വർഷം പ്രൊബേഷനിലായിരിക്കും.

14 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (C) ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

15 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ : 24/2021
### സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രം)
### കേരള പോലീസ് സർവ്വീസ്

**1. വകുപ്പ്** : കേരള പോലീസ് സർവ്വീസ്
**2. ഉദ്യോഗപ്പേര്** : സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രം)
**3. ശമ്പളം** : ₹ 32,300–68,700/
**4. ഒഴിവുകളുടെ എണ്ണം** : 6 (ആറ്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** 1. ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും വനിതാ ഉദ്യോഗാർത്ഥികളും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

2. പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 20–36: ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ** (എ). വിദ്യാഭ്യാസയോഗ്യത: ബിരുദം

**കുറിപ്പ്:** Achievements in Sports, Military Training, NCCയിലുള്ള അംഗത്വം എന്നിവ അഭികാമ്യയോഗ്യതയായി പരിഗണിക്കുന്നതാണ്.

(ബി). ശാരീരിക യോഗ്യതകൾ : ശാരീരികമായി പൂർണ്ണ യോഗ്യരായിരിക്കണം.

ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് ചുവടെ ചേർത്തിരിക്കുന്ന ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കണം.

1) ഉയരം : 160 സെ.മീ

2) നെഞ്ചളവ് : 81 സെ.മീ (കുറഞ്ഞത് 5 സെ.മീറ്റർ വികാസം വേണം).

(സി). ശാരീരിക ക്ഷമത, ആയാസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി എന്നിവ സംബന്ധിച്ച് താഴെ പറയുന്ന വിധത്തിൽ കാഴ്ച ശക്തി ഉള്ളതായും ആരോഗ്യ വകുപ്പിലെ ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| 1) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| 2) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:** 1. ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

2. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(ഡി) ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ജില്ലാ മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

(e). **തെരഞ്ഞെടുപ്പ് :**

മുകളിൽ സൂചിപ്പിച്ച യോഗ്യതകൾക്കു പുറമെ ഉദ്യോഗാർത്ഥികളെ കായിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയായ താഴെ പറയുന്ന വൺസ്റ്റാർ സ്റ്റാൻഡേർഡിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

| ക്രമ നമ്പർ | ഇനങ്ങൾ | യോഗ്യത |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.20 cms (4'6") |
| 3 | ലോംഗ് ജമ്പ് | 457.20 cms (15') |
| 4 | പുട്ടിംഗ് ദ് ഷോട്ട്(7264 ഗ്രാം) | 609.60 cms (20') |
| 5 | ത്രോയിംഗ് ദ ക്രിക്കറ്റ് ബാൾ | 6096 cms (200') |
| 6 | വടത്തിൽ കയറ്റം (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cms (12') |
| 7 | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**കുറിപ്പ്:** കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

8. ട്രെയിനിംഗ് ഈ തസ്തികയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ ഉദ്യോഗാർത്ഥികളും പോലീസ് ട്രെയിനിംഗ് കോളേജിലെ ഒരു വർഷത്തെ ട്രെയിനിംഗും 10½ മാസത്തെ പ്രായോഗിക പരിശീലനവും പൂർത്തിയാക്കേണ്ടതാണ്.

9. പരിശീലന കാലത്തെ വേതന നിരക്ക് പരിശീലന കാലത്ത് ഉദ്യോഗാർത്ഥികൾക്ക് Minimum Scale of pay യും അതോടൊപ്പം ടി തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള അലവൻസുകളും ലഭിക്കുന്നതാണ്.

**10. പ്രൊബേഷൻ** ടി തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ പ്രായോഗിക പരിശീലന കാലം പൂർത്തിയാക്കുന്നതു മുതൽ തുടർച്ചയായ 3 വർഷകാലത്തിനിടയിൽ 2 വർഷം പ്രൊബേഷനിലായിരിക്കും.

14. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (C) ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

15. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 25/2021
## അസിസ്റ്റന്റ്
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം മാത്രം)
## ധനകാര്യം

**1. വകുപ്പ്** : ധനകാര്യം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗം മാത്രം)
**3. ശമ്പളം** : ₹ 27800-59400
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം മാത്രം).

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള ഉവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18-41 (ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സു വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത

**പ്രൊബേഷൻ:** ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന നാൾ മുതൽ തുടർച്ചയായ മൂന്നു വർഷ സേവന കാലയളവിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനനിൽ ആയിരിക്കും.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണ സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 26/2021
## ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
## ഭക്ഷ്യസുരക്ഷാ വകുപ്പ്

**1. വകുപ്പ്** : ഭക്ഷ്യസുരക്ഷാ വകുപ്പ്
**2. ഉദ്യോഗപ്പേര്** : ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
**3. ശമ്പളം** : ₹ 25200-54000/
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം).

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18-41 ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സു വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** ഫുഡ് ടെക്നോളജിയിൽ കുറഞ്ഞത് രണ്ടാം ക്ലാസ്സോടു കൂടിയ ഡിപ്ലോമ

**അല്ലെങ്കിൽ**

കെമിസ്ട്രിയിൽ കുറഞ്ഞത് രണ്ടാം ക്ലാസ്സോടു കൂടിയ ബിരുദം

**കുറിപ്പ്:** ഫുഡ് ടെക്നോളജി യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

**അല്ലെങ്കിൽ**

മൈസൂർ സർവ്വകലാശാലയുടെ കീഴിലുള്ള ഡിഫൻസ് ഫുഡ് റിസർച്ച് ലബോറട്ടറിയിൽ നിന്നും ലഭിച്ച ഫുഡ് അനാലിസിസ് ആന്റ് ക്വാളിറ്റി അഷ്വറൻസിലുള്ള പി.ജി.ഡിപ്ലോമ.

**അല്ലെങ്കിൽ**

ഒരു യു.ജി.സി അംഗീകൃത സർവ്വകലാശാലയിൽ നിന്നോ ഭാരതസർക്കാർ സ്ഥാപിതമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നോ കേരള സർക്കാർ സ്ഥാപിതമായ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നോ ലഭിച്ച ഫുഡ് അനാലിസിസ് ആന്റ് ക്വാളിറ്റി അഷ്വറൻസിലുള്ള പി.ജി.ഡിപ്ലോമ.

അഭിലഷണീയം ഫുഡ് അനാലിസിസിലുള്ള പരിചയം.

4. പരിചയം അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നുള്ള നിശ്ചിത മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് തങ്ങളുടെ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ് .

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ. (പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 27/2021
## ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) (ട്രെയിനി)
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
## ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്

**1. വകുപ്പ്** : ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്
**2. ഉദ്യോഗപ്പേര്** : ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) (ട്രെയിനി) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
**3. ശമ്പളം** : ₹ 20,000-45,800/
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും (04.04.2016 തീയതിയിലെ AV(2) 2376/14/GW നമ്പർ വിജ്ഞാപനം, അസാധാരണ ഗസറ്റ് തീയതി 15.04.2016) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള ഉവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18-31 ഉദ്യോഗാർത്ഥികൾ 02.01.1990നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**7 യോഗ്യതകൾ :** (1) പ്ലസ്ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസായിരിക്കണം.

(2) ഹെവി പാസഞ്ചർ വാഹനങ്ങളോ ഹെവി ഗുഡ്സ് വാഹനങ്ങളോ ഓടിക്കുന്നതിനുള്ള എൻഡോഴ്സ്മെന്റോടു കൂടിയതും ബാഡ്ജോടുകൂടിയതുമായ നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

(3) 160 സെന്റിമീറ്ററിൽ കുറയാത്ത പൊക്കവും (പാദരക്ഷകളില്ലാതെ) 48 കിലോഗ്രാമിൽ കുറയാത്ത തൂക്കവും 76 സെന്റിമീറ്ററിൽ കുറയാത്ത നെഞ്ച് ചുറ്റളവും 5 സെന്റിമീറ്ററിൽ കുറയാത്ത നെഞ്ച് വികാസവും ഉണ്ടായിരിക്കണം.

അഭിലഷണീയം കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുള്ള ഡിപ്ലോമ

**കുറിപ്പ്:** (1) സ്ത്രീകളും വികലാംഗരും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

(2) തെരഞ്ഞെടുപ്പിന് മുന്നോടിയായി ഉദ്യോഗാർത്ഥികളുടെ ശാരീരിക യോഗ്യതയും കഠിനമായ ജോലി നിർവ്വഹിക്കാനുള്ള ഉദ്യോഗാർത്ഥികളുടെ കഴിവും നിർണ്ണയിക്കുന്നതിനായി കമ്മീഷൻ കായികക്ഷമതാ പരീക്ഷ നടത്തുന്നതാണ്. പ്രസ്തുത കായികക്ഷമതാ പരീക്ഷയിൽ താഴെ കൊടുത്തിരിക്കുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം. കായികക്ഷമതാ പരീക്ഷ നടത്തുന്നതിനു മുമ്പായി ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ പരിശോധിക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുകയുള്ളു.

| | | |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.20 സെ.മീ |
| 3 | ലോംഗ് ജമ്പ് | 457.20 സെ.മീ |
| 4 | പുട്ടിംഗ് ദി ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6 | റോപ്പ് ക്ലൈബിംഗ് (കൈമാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7 | പുൾ അപ്പ് അല്ലെങ്കിൽ ചിന്നിംഗ് | 8 പ്രാവശ്യം |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

(3) താഴെപ്പറയുന്ന വിധത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| (എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ. |
| (സി) ഫീൽഡ് ഓഫ് വിഷൻ | പൂർണ്ണം | പൂർണ്ണം |

**കായികശേഷിപ്പ്:** ആയാസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി, കാഴ്ചശക്തി ഇവയെ സംബന്ധിച്ച് രണ്ടാം ഗ്രേഡ് സിവിൽ സർജനിൽ താഴെയല്ലാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, ശാരീരിക യോഗ്യത തെളിയിക്കുകയും കായികക്ഷമതയുടെ ടെസ്റ്റ് പാസാകുകയും ചെയ്തതിനുശേഷം ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടതാണ്.

ഡ്രൈവിംഗിലുള്ള പ്രാവിണ്യം തെളിയിക്കുന്നതിന് കമ്മീഷൻ പ്രായോഗിക പരീക്ഷ നടത്തുന്നതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**മുൻഗണന :** മറ്റെല്ലാ വ്യവസ്ഥകളും ഉണ്ടായിരിക്കുകയും ഹോം ഗാർഡ് സംഘടനയിൽ മൂന്നുവർഷക്കാലം സേവനം പൂർത്തിയാക്കുകയും പ്രസ്തുത കാലയളവിൽ ഫയർ ഫൈറ്റിംഗിലെ പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്ത വോളന്റിയർ മാർക്ക് നിയമനത്തിൽ മുൻഗണന നൽകുന്നതാണ്.

**പ്രൊബേഷൻ :** ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ട്രെയിനിംഗും പരീക്ഷയും പൂർത്തിയാക്കിയതിനുശേഷം ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കും.

**ട്രെയിനിംഗ് :** സ്റ്റേറ്റ് ഫയർ സർവ്വീസസ് ട്രെയിനിംഗ് സ്കൂളിൽ നാലുമാസത്തെ പരിശീലനം പൂർത്തിയാക്കേണ്ടതും അതിനുശേഷം പരിശീലനത്തിന് ഉൾപ്പെടുത്തിയിട്ടുള്ള വിഷയത്തിൽ പരീക്ഷ പാസ്സാകേണ്ടതുമാണ്.

**കുറിപ്പ് :** ട്രെയിനിംഗ് കാലയളവിന്റെ അവസാനം ഒരു എഴുത്തു പരീക്ഷയും ഒരു പ്രായോഗിക പരീക്ഷയും നടത്തുന്നതും അവയിൽ പരാജയപ്പെടുന്നവരുടെ ട്രെയിനിംഗ് ഒരു മാസത്തേക്കു കൂടി ദീർഘിപ്പിക്കുന്നതും വീണ്ടും അവർ പരാജയപ്പെട്ട വിഷയങ്ങളിൽ ടെസ്റ്റ് നടത്തുന്നതുമാണ്. പുന:പരീക്ഷയിൽ പരാജയപ്പെടുന്നവരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതാണ്.

**ബോണ്ട് :** ഈ തസ്തികയിൽ നിയമിക്കപ്പെടുന്ന ആൾ കുറഞ്ഞത് 5 (അഞ്ച്) വർഷമെങ്കിലും ഫയർ സർവ്വീസിൽ സേവനം അനുഷ്ഠിക്കാമെന്നും അതിന് കഴിയാതെ വന്നാൽ Rs. 2,700/ സംസ്ഥാന സർക്കാരിന് ഒടുക്കാമെന്നും കാണിക്കുന്ന ഒരു ബോണ്ട് നിയമന സമയത്ത് നൽകേണ്ടതുമാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 28/2021
## എഞ്ചിനീയറിംഗ് അസിസ്റ്റന്റ് ഗ്രേഡ് I
## കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡ്
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗം & പട്ടികവർഗ്ഗം മാത്രം)

**1. വകുപ്പ്** : കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : എഞ്ചിനീയറിംഗ്അസിസ്റ്റന്റ് ഗ്രേഡ് I (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി /പട്ടികവർഗ്ഗം & പട്ടികവർഗ്ഗം മാത്രം)
**3. ശമ്പളം** : ₹ 8790-13610/(PR)
**4. ഒഴിവുകളുടെ എണ്ണം** : പട്ടികജാതി/പട്ടികവർഗ്ഗം - 01(ഒന്ന്) പട്ടികവർഗ്ഗം മാത്രം - 01(ഒന്ന്)
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗം & പട്ടികവർഗ്ഗം മാത്രം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18-41 ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സു വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ :** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും സിവിൽ എഞ്ചിനീയറിംഗിൽ ലഭിച്ചിട്ടുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, 5 (a) ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (ഖണ്ഡിക 25ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും, പട്ടികജാതി/

പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെവ്യവസ്ഥകൾ അനുസരിച്ചും,
നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## എൻ.സി.എ. റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്ററി നമ്പർ : 29/2021
### അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ
### ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ

**3. ശമ്പളം** : ₹ 45800–89,000

**4. ഒഴിവുകളുടെ എണ്ണം** : ധീവര 01 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 28.06.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 385/14, ഗസറ്റ് തീയതി 10.09.2014) കാലയളവിൽ ധീവര സമുദായത്തിനുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ്:** 17.10.2012 ലെ GO(P) No.61/2012/എസ്.ഡബ്ല്യൂ.ഡി നമ്പർ സർക്കാർ ഉത്തരവു പ്രകാരം ചലനവൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, അന്ധർ, കാഴ്ചശക്തി കുറഞ്ഞവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരാണ്. എന്നാൽ ഈ സർക്കാർ ഉത്തരവു പ്രകാരം ശ്രവണ വൈകല്യമുള്ള വിഭാഗം ഉദ്യോഗാർത്ഥികൾ ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനു അപേക്ഷിക്കുവാൻ അർഹരല്ല.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ് :** നേരിട്ടുള്ള നിയമനം (ധീവര സംവരണ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–45; ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക ഖണ്ഡിക 2 (i) ഒഴികെ.)

**7. യോഗ്യതകൾ** : (1) മോഡേൺ മെഡിസിനിലുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള യോഗ്യതകളെയാണ് തത്തുല്യ യോഗ്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.)
(2) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ചതും പ്രാബല്യത്തിലുള്ളതുമായ രജിസ്ട്രേഷൻ.

**കുറിപ്പ് :** 2 ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് വർഷത്തെ സേവനത്തിനുള്ളിൽ 4(നാല്) വർഷക്കാലം (പരിശീലനകാലം ഉൾപ്പെടെ)പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധവുമായി ബന്ധപ്പെട്ട ജോലിയിൽ ഇന്ത്യയിലെവിടെയെങ്കിലുമോ വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സേവനം 45 വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷിക്കാർക്കും ബാധകമല്ല.

### കാറ്ററി നമ്പർ :30/2021
### പോലീസ് കോൺസ്റ്റബിൾ
### പോലീസ് (ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ റഗുലർ വിംഗ്)
### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : പോലീസ് (ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ റഗുലർ വിംഗ്)

**2. ഉദ്യോഗപ്പേര്** : പോലീസ് കോൺസ്റ്റബിൾ

**3. ശമ്പളം** : ₹ 22200–48000/

**4. ഒഴിവുകളുടെ എണ്ണം** : മുസ്ലീം – 05 (അഞ്ച്)

**കുറിപ്പ്:** i) മുസ്ലീം വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.
ii) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും. ഈ തസ്തികയുടെ 04.07.2018 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 18/16) കാലയളവിൽ മുസ്ലീം സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനശിപാർശ നൽകുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (മുസ്ലീം വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

**കുറിപ്പ്:** ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും സ്ത്രീകൾക്കും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**6. പ്രായം :** 18–29 ഉദ്യോഗാർത്ഥികൾ 02/01/1992 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വിമുക്തഭടൻമാർക്ക് 41 (നാൽപ്പത്തിയൊന്ന്) വയസ്സ് വരെ.

**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് പൊതു വ്യവസ്ഥയിൽ ചേർത്തിട്ടുള്ള മറ്റ് വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7. യോഗ്യതകൾ:** വിദ്യാഭ്യാസ യോഗ്യതകൾ
എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.
ശാരീരിക യോഗ്യതകൾ
ഉദ്യോഗാർത്ഥികൾ ശാരീരികക്ഷമതയുള്ളവരും ചുവടെപ്പറയുന്ന ഏറ്റവും കുറഞ്ഞ ശാരീരിക അളവുകൾ ഉള്ളവരുമായിരിക്കണം.
എ) ഉയരം 167 സെ.മീ
ബി) നെഞ്ചളവ് 8186 സെ.മീ (നെഞ്ചളവ് ഏറ്റവും കുറഞ്ഞത് 81 സെ.മീറ്ററും വികസിക്കുമ്പോൾ 86 സെ.മീറ്ററും ഉണ്ടായിരിക്കേണ്ടതാണ്, ഏറ്റവും കുറഞ്ഞ നെഞ്ച് വികാസം 5 സെ.മീ)
സി) കാഴ്ചശക്തി: കണ്ണടവയ്ക്കാതെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| (എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ. |

**കുറിപ്പ്:** 1. ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.
2. വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.
3. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.
ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷൻ സമയത്ത് താഴെക്കൊടുത്തിട്ടുള്ള മാതൃകയിൽ കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും ശാരീരികയോഗ്യതയും തെളിയിക്കുന്നതിന് അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്തതും സർക്കാർ സർവ്വീസിലുള്ളതുമായ ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.
**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല. ന്യൂനതകൾ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുന്നതാണ്.

**8. എൻഡ്യൂറൻസ് ടെസ്റ്റ്:** ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന്റെ ആദ്യപടിയായി അപേക്ഷ അയച്ച യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി ഒരു എൻഡ്യൂറൻസ് ടെസ്റ്റ് (Endurance Test) നടത്തുന്നതാണ്. 13 മിനിറ്റിനുള്ളിൽ റോഡ് മാർഗ്ഗം 3 കിലോമീറ്റർ ഓടി എത്തി യോഗ്യത തെളിയിക്കേണ്ട പരീക്ഷയാണിത്.

9. എഴുത്തു പരീക്ഷ/ഒബ്ജക്ടീവ് ടെസ്റ്റ് (ഒ.എം.ആർ) പരീക്ഷ :
എൻഡ്യൂറൻസ് ടെസ്റ്റിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കായി ഒരു എഴുത്തു പരീക്ഷ/ഒ.എം.ആർ പരീക്ഷ നടത്തുന്നതായിരിക്കും.

**10. ശാരീരികക്ഷമത പരീക്ഷ:** ഒ.എം.ആർ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കായി ശാരീരികക്ഷമതാ പരീക്ഷ നടത്തുന്നതാണ്. അവർ നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) ഇനങ്ങളിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.6 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**കുറിപ്പ്:** (1) ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ തുടർന്നുള്ള തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.
1. കായികക്ഷമതാ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികളെ പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന രീതിയിൽ ഒരു മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതായിരിക്കും ഇതിൽ യോഗ്യത നേടാത്തവരെ ഒഴിവാക്കുന്നതുമായിരിക്കും.

**11.ട്രെയിനിംഗ്**
7 ഇൻഡ്യ റിസർവ്വ് ബറ്റാലിയനിലേക്ക് പോലീസ് കോൺസ്റ്റബിൾ (ട്രെയിനി) ആയി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത സിലബസ്സ് പ്രകാരമുള്ള പ്രീസർവ്വീസ് ട്രെയിനിംഗിന് വിധേയരാകേണ്ടതാണ്.

**8 ബോണ്ട്:** ഈ തസ്തികയ്ക്ക് നിയമിക്കപ്പെടുന്നയാൾ ട്രെയിനിംഗ് പൂർത്തിയാക്കിയശേഷം ഇൻഡ്യ റിസർവ്വ് ബറ്റാലിയനിൽ കുറഞ്ഞപക്ഷം 5 വർഷം സേവിച്ചുകൊള്ളാമെന്നും അല്ലാത്തപക്ഷം 50,000/ (അൻപതിനായിരം) രൂപ അടച്ചുകൊള്ളാമെന്നും വ്യവസ്ഥ ചെയ്യുന്ന ഒരു ബോണ്ട് ഹാജരാക്കേണ്ടതുമാകുന്നു.

**9 സ്റ്റൈപ്പൻഡ്:** പരിശീലനക്കാലയളവിൽ പോലീസ് കോൺസ്റ്റബിൾ (ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ) തസ്തികയ്ക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളത്തിന് തുല്യമായതോ അല്ലെങ്കിൽ ഗവൺമെന്റ് കാലാകാലങ്ങളിൽ തീരുമാനിക്കപ്പെടുന്നതോ ആയ സ്റ്റൈപ്പൻഡിനും അർഹത ഉണ്ടായിരിക്കും.

**10 പ്രൊബേഷൻ :** ഈ തസ്തികയ്ക്ക് നിയമിക്കപ്പെടുന്നയാൾ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയതിനുശേഷം തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും.

### കാറ്ററി നമ്പർ : 31/2021
### ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി)
### കേരള മുനിസിപ്പൽ കോമൺ സർവ്വീസ് /
### വിവിധ വികസന അതോറിറ്റികൾ
### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : കേരള മുനിസിപ്പൽ കോമൺ സർവ്വീസ് / വിവിധ വികസന അതോറിറ്റികൾ

**2. ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി)

**3. ശമ്പളം** : ₹ 18000–41500/

**4. ഒഴിവുകളുടെ എണ്ണം** : ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി (എസ്.സി.സി.സി) 1 (ഒന്ന്) എൻ.സി.എ ഒഴിവ്

**കുറിപ്പ്:** 1. മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 11.10.2019 തീയതിയിൽ നിലവിൽ വന്ന കാറ്റഗറി നമ്പർ: 225/16 പ്രകാരമുള്ള റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിൽപ്പെട്ടവർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ് (ഗസറ്റ് തീയതി: 30.08.2016 കാറ്റഗറി നമ്പർ: 225/16).
2. മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (എസ്.സി.സി.സി സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** എസ്.സി.സി.സി സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നല്കുന്നതല്ല.

**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥയിലെ 2 (i) ഉൾപ്പടെ)
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 ലെ പൊതുവ്യവസ്ഥകളിലെ 2 ആം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർക്ക് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളപക്ഷം ആദ്യത്തെ താൽക്കാലിക നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ താൽക്കാലിക സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ച് (5) വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. പ്രസ്തുത സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. താൽക്കാലികമായി സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. ഇപ്രകാരം നിശ്ചിത പ്രായപരിധി കഴിഞ്ഞവരും ഏതെങ്കിലും കമ്പനിയിലോ കോർപ്പറേഷനിലോ ബോർഡിലോ അതോറിറ്റിയിലോ സൊസൈറ്റികളിലോ താൽക്കാലിക സർവ്വീസിന്റെ അടിസ്ഥാനത്തിൽ പ്രായപരിധിയിൽ ഇളവ് ലഭിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ യോഗ്യത നേടിയവരുമായ ഉദ്യോഗാർത്ഥികളെ അവർ താൽകാലിക സേവനം അനുഷ്ഠിച്ചിരുന്ന അതേ സ്ഥാപനത്തിലെ ഒഴിവുകളിലേയ്ക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ.

**7. യോഗ്യതകൾ** : 1. മലയാളം, തമിഴ്, കന്നട ഇവയിലേതെങ്കിലും എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം .
2.ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ട് ചുരുങ്ങിയത് 3 വർഷമെങ്കിലും നിലവിലുള്ള ലൈറ്റ് മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.(അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി, ഒ.എം.ആർ പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയ തെരെഞ്ഞെടുപ്പിന്റെ എല്ലാ അവസരങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് പ്രാബല്യത്തിലുള്ള ഡ്രൈവിംഗ് ലൈസൻസും ബാഡ് ജും ഉണ്ടായിരിക്കണം.)
3. ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പ്രാഗൽഭ്യം ഉണ്ടായിരിക്കണം. ആയത് പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.

**4. മെഡിക്കൽ ഫിറ്റ്നസ് :**

(എ) ചെവി പരിപൂർണ്ണമായ ശ്രവണശക്തി ഉണ്ടായിരിക്കണം.
(ബി) കണ്ണ് : ദൂരക്കാഴ്ച : വലതു കണ്ണിനും ഇടതു കണ്ണിനും 6/6 സ്നെല്ലൻ
സമീപക്കാഴ്ച : വലതു കണ്ണിനും ഇടതു കണ്ണിനും 0.5 സ്നെല്ലൻ
കളർ വിഷൻ : സാധാരണമായിരിക്കണം .
നിശാന്ധത : ഇല്ലാതിരിക്കണം.
കാഴ്ച മേഖല : പൂർണ്ണമായിരിക്കണം.
(സി) പേശികളും സന്ധികളും തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും അനായാസമായി ചലിപ്പിക്കാവുന്നതായിരിക്കണം .
(ഡി) നാഡീഘടന പൂർണ്ണമായും സാധാരണ ഗതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ്:** മേൽപ്പറഞ്ഞവയിൽ ഫിസിക്കൽ ഫിറ്റ്നസിനെ സംബന്ധിച്ച് അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ആഫീസറിൽനിന്നുമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും കാഴ്ചയെ സംബന്ധിച്ച് സർക്കാർ സർവീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്നും ലഭിച്ച ഒരു മെഡിക്കൽ സർട്ടിഫിക്കറ്റും നിശ്ചിത മാതൃകയിൽ വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ മാതൃകകൾ ചുവടെ ചേർത്തിട്ടുണ്ട്.
**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ് :** 1 ഭിന്നശേഷിക്കാർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കാൻ അർഹരല്ല.
2 അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി, ഒ.എം.ആർ പരീക്ഷ, പ്രായോഗിക പരീക്ഷ , ഇന്റർവ്യൂ തുടങ്ങിയ എല്ലാ അവസരങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസും ബാഡ് ജും ( Current Driving License & Badge) ഉണ്ടായിരിക്കണം.
3 ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാഗത്ഭ്യം കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.
11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (vii), (viii), (ix),(x) , (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5, 5a, 6, 7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്ററി നമ്പർ :32/2021
## കോബ്ലർ
## ആരോഗ്യം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : കോബ്ലർ
**3. ശമ്പളം** : ₹ 17500–39500
**4. ഒഴിവുകളുടെ എണ്ണം** : എൽ.സി/ എ.ഐ 1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 29.08.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 343/2010) കാലയളവിൽ എൽ.സി/ എ.ഐ സമുദായത്തിനുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം ( എൽ. സി / എ.ഐ സംവരണ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം) മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i)-ലെ ആനുകൂല്യം ഉൾപ്പെടെ)
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)(ഖണ്ഡിക 2(i)ഒഴികെ).

**7. യോഗ്യതകൾ** : (1) പത്താം സ്റ്റാൻഡേർഡ് വിജയിച്ചിരിക്കണം.
(2) ലെതർ വർക്കിലുള്ള പ്രാവീണ്യം

**കുറിപ്പ്:** ലെതർ വർക്കിലുള്ള പ്രാവീണ്യം കമ്മീഷൻ നടത്തുന്ന ഒരു പ്രായോഗിക പരീക്ഷയിലൂടെ നിർണ്ണയിക്കുന്നതാണ്.

## കാറ്ററി നമ്പർ :33/2021
## ക്ലർക്ക് ഗ്രേഡ് I
## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
## നാലാം എൻ.സി.എ വിജ്ഞാപനം (സൊസൈറ്റി വിഭാഗം)

**1. സ്ഥാപനം** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : ക്ലർക്ക് ഗ്രേഡ് I
**3. ശമ്പളം** : ₹ 8,100–23,125 (PR)
**4. ഒഴിവുകളുടെ എണ്ണം** : പട്ടിക ജാതി 1 (ഒന്ന്) എൻ.സി.എ

**കുറിപ്പ്:** (1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഈ തസ്തികയുടെ 05/10/2012ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ സൊസൈറ്റി വിഭാഗം (കാറ്റഗറി നം. 118/2010) പട്ടിക ജാതി സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവന്നതും ഇപ്പോൾ നിലവിലുള്ളതുമാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മേൽപ്പറഞ്ഞ ഒരു ഒഴിവിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 31/07/2013, കാറ്റഗറി നം. 237/13, രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 29/12/2015 , കാറ്റഗറി നം. 594/15, മൂന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 31/10/2017 , കാറ്റഗറി നം. 440/2017) എന്നിവ പ്രകാരം പട്ടിക ജാതി സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള നാലാം എൻ.സി.എ വിജ്ഞാപനമാണിത്.
2) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.
3) കെ.സി.എസ്. ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവീസിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**കുറിപ്പ്:** കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ റഗുലർ സർവീസിൽ ഇല്ലാത്തവരും പട്ടികജാതി വിഭാഗത്തിൽപ്പെടാത്തവരുമായ ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : 18 – 50 ഉദ്യോഗാർത്ഥികൾ 02/01/1971 നും 01/01/2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

**7. യോഗ്യതകൾ :** (1) കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത റെഗുലർ സർവ്വീസ് ഉള്ളവരും സർവ്വീസിൽ തുടരുന്നവരുമായ സ്ഥിരം ജീവനക്കാരായിരിക്കണം. അത്തരക്കാർ അപേക്ഷ സമർപ്പിക്കുന്ന തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റിയിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.
(2) a) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും കോഓപ്പറേഷൻ ഐച്ഛിക വിഷയത്തോടു കൂടിയ കോമേഴ്സ് ബിരുദം.

**അല്ലെങ്കിൽ**

b) (I) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബി.എ/ ബി.എസ്.സി /ബി.കോം. (മൂന്ന് വർഷത്തെ) ബിരുദം
(ii) കോഓപ്പറേഷനിൽ ഹയർ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത (കേരളത്തിലെ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് യൂണിയനിലെ HDC അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോ ഓപ്പറേറ്റീവ് ട്രെയിനിംഗ് നൽകുന്ന HDC/HDCM അല്ലെങ്കിൽ സബോർഡിനേറ്റ് (ജൂനിയർ) പെഴ്സണൽ കോഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (ജെ.ഡി.സി.) വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

**അല്ലെങ്കിൽ**

c)കോഓപ്പറേഷൻ ഓപ്ഷണൽ സബ്ജക്ടോടുകൂടിയ റൂറൽ സർവീസിലുള്ള ഡിപ്ലോമ.

**അല്ലെങ്കിൽ**

d) കേരള അഗ്രികൾച്ചറൽ സർവ്വകലാശാലയിൽ നിന്നും നേടിയ ബി.എസ്.സി ബിരുദം (കോ ഓപ്പറേഷനും ബാങ്കിങ്ങും)

**കുറിപ്പ്:** 2) ബന്ധപ്പെട്ട അപ്പെക്സ് /കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ / അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കേരള പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമിക്കപ്പെട്ടയാൾ അ പ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/ അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമല്ല.
8. ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം പ്രസ്തുത സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.
**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**
10.പൊതു വ്യവസ്ഥയിലെ ഖണ്ഡിക 2, 7 എന്നിവ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്ററി നമ്പർ :34/2021
## പ്യൂൺവാച്ച്മാൻ (കെ.എസ്.എഫ്.ഇലെ പാർട്ട് ടൈം ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം)
## എൻ.സി.എ (പട്ടികവർഗം)
## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
**2. ഉദ്യോഗപ്പേര് :** പ്യൂൺവാച്ച്മാൻ (കെ.എസ്.എഫ്.ഇ ലെ പാർട്ട് ടൈം ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം) എൻ.സി.എ (പട്ടികവർഗം)
**3. ശമ്പളം** : ₹ 7735–13090/
**4. ഒഴിവുകളുടെ എണ്ണം** : 03 (മൂന്ന്)

**കുറിപ്പ്:** i) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി ഈ തസ്തികയുടെ 30.11.2018 തീയതിയിൽ നിലവിൽ വന്ന് റാങ്ക് ലിസ്റ്റിൽ നിന്നും (കാറ്റഗറി നമ്പർ 383/2017) മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളുടെ ഊഴങ്ങൾ നികത്തപ്പെടുന്നതുവരെയോ,ടി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കും 11.12.2019 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 367/2019 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന്റെ അടിസ്ഥനത്തിൽ പ്രസ്തുത വിഭാഗത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ഉള്ള രണ്ടാം എൻ .സി.എ വിജ്ഞാപനമാണിത് .
(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്.നിയമനശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്.എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം(കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിൽ പാർട്ട് ടൈം സ്വീപ്പർ കം സ്കാവഞ്ചർ, ഗാർഡനർ, പാക്കർ, ഡെസ്പാച്ചർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന പട്ടികവർഗ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം. അപേക്ഷ തീയതിയിൽ പ്രസ്തുത സ്ഥാപനത്തിൽ മൂന്നു വർഷത്തിൽ കുറയാതെയുള്ള സേവനം ഉണ്ടായിരിക്കണം)

**കുറിപ്പ് :** 1.പട്ടികവർഗ വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.
2. നേരിട്ടുള്ള നിയമനങ്ങൾക്കായുള്ള ഒഴിവുകളിൽ 331/3 % ഒഴിവുകൾ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർ പ്രൈസസ് ലിമിറ്റഡിലെ പാർട്ട് ടൈം ജിവനക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.
3. ആദ്യത്തെ ഒഴിവിൽ പാർട്ട് ടൈം സ്വീപ്പർ കം സ്കാവഞ്ചർ,ഗാർഡനർ,പാക്കർ,ഡെസ്പാച്ചർ വിഭാഗത്തിൽ നിന്നും നിയമിക്കുന്നതും തുടർന്നുള്ള രണ്ട് ഒഴിവുകൾ പൊതുവിഭാഗത്തിലെ ഉദ്യോഗാർത്ഥികളിൽ (ഓപ്പൺ മാർക്കറ്റ്) നിന്നും നിയമിക്കുന്നതുമായിരിക്കും.
4.നിശ്ചിത യോഗ്യതയുള്ള പാർട്ട് ടൈം സ്വീപ്പർ കം സ്കാവഞ്ചർ, ഗാർഡനർ, പാക്കർ, ഡെസ്പാച്ചർമാരുടെ അഭാവത്തിൽ ഒഴിവുകൾ പൊതു ഉദ്യോഗാർത്ഥികളിൽ (ഓപ്പൺ മാർക്കറ്റ്) നിന്നും നികത്താവുന്നതാണ്.
5. ഈ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ നടത്തുന്നത് സംവരണ തത്വങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

**6. പ്രായം** : 18–50 (ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.2003 നുമിടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾ ബാധകമല്ല.

**7. യോഗ്യതകൾ** : (1) ആറാം ക്ലാസ് (പുതിയത്) പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം
(2) അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ മേൽ പറഞ്ഞ സ്ഥാപനത്തിൽ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം.
**(പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**
11. (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ v,viii,ix,x,xi & xiii ഉപഖണ്ഡികകളും 6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്ററി നമ്പർ :35/2021
## ഗാർഡ്
## കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : ഗാർഡ്
**3. ശമ്പളം** : ₹ 4510–6230/(PR)
**4. ഒഴിവുകളുടെ എണ്ണം** : എൻ.സി.എ ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇന്ത്യൻ 01 (ഒന്ന്)

**കുറിപ്പ് :** (1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക ഈ തസ്തികയുടെ 06.01.2020 തിയ്യതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയുടെ (കാറ്റഗറി നമ്പർ 416/2017,ഗസറ്റ് തിയ്യതി 31.10.2017) കാലയളവിൽ ലാറ്റിൻ കത്തോലിക്/ആംഗ്ലോ ഇന്ത്യൻ വിഭാഗങ്ങൾക്ക് നീക്കി വെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നത് വരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.
(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**(ശേഷം പേജ് 25ൽ)**



# കലയും സാഹിത്യവും-29

1. നൊബേൽ സമ്മാനത്തിനു ലഭിച്ച തുകയെല്ലാം ടാഗോർ ചെലവിട്ടത് ഏത് സ്ഥാപനത്തിനു വേണ്ടി? **- ശാന്തിനികേതൻ**
2. ന്യൂ നോവൽ എന്ന സങ്കൽപം അവതരിപ്പിച്ച ഫ്രഞ്ച് നോവലിസ്റ്റ് - **അലൻ റൊബ് ഗ്രിയെ** (Allan Robbe Grillet)
3. ഇന്ത്യൻ സിനിമയിൽ സമഗ്ര സംഭാവനയ്ക്ക് നൽകിയ വ്യക്തിക്ക് നൽകുന്ന 1969ൽ ഏർപ്പെടുത്തിയ ബഹുമതി ഏത്? **- ഫാൽക്കെ അവാർഡ്**
4. മുക്കോലപ്പെരുമാൾ എന്ന ശിൽപം ആരുടേതാണ്? –




**കാനായി കുഞ്ഞിരാമൻ**

5. വിഖ്യാത ചിത്രകാരനായ കെ. സി. എസ്. പണിക്കരുടെ മകനായ പ്രശസ്ത ശിൽപി - **നന്ദഗോപാൽ**
6. തമിഴ്നാട് ലളിത കലാ അക്കാദമി അവാർഡ് 1967ൽ ലഭിച്ച കേരളീയ ചിത്രകാരി - **ടി.കെ. പത്മിനി**
7. 'വാക്കുകളും പ്രതീകങ്ങളും' എന്ന പ്രശസ്ത ചിത്രപരമ്പര രചിച്ച മലയാളി - **കെ.സി.എസ്.പണിക്കർ**
8. ഗായകൻ കിഷോർ കുമാറിന്റെ യഥാർത്ഥ പേര് - **അബ്ബാസ് കുമാർ ഗാംഗുലി**
9. അക്ബർ ചക്രവർത്തിക്ക് വേണ്ടി ഒരു സംഗീതജ്ഞൻ രൂപപ്പെടുത്തിയത് എന്ന് കരുതുന്ന രാഗമാണ് ദർബാരി. ആരാണ് ആ സംഗീതജ്ഞൻ? - **താൻസെൻ**
10. ബദരിനാഥ് ഭട്ടാചാര്യ എന്ന പേര് ഒരു പ്രസിദ്ധ ഹിന്ദി പിന്നണി ഗായകന്റേതാണ്. ആരുടെ? - **കുമാർ സാനു**
11. ശ്രീലങ്കയിൽ ചിലിയുടെ അംബാസഡറായിരുന്ന നൊബേൽ സമ്മാനം നേടിയ കവി - **പാബ്ലോ നെരൂദ**
12. പാശ്ചാത്യ നവോത്ഥാനത്തിന്റെ പിതാവ് എന്ന അറിയപ്പെടുന്ന പെട്രാർക്ക് ഏത് രാജ്യക്കാരനായിരുന്നു? - **ഇറ്റലി**
13. ആത്മഹത്യ ചെയ്ത കവയിത്രി സിൽവിയ പ്ലാത്തിന്റെ ഭർത്താവായ അതിപ്രശസ്ത കവി - **ടെഡ് ഹ്യൂസ്**
14. യയാതി എന്ന മറാത്തി നോവലിന്റെ കർത്താവ് - **വി.എസ്. ഠാണ്ഡേക്കർ**
15. സ്ത്രീകൾ അവതരിപ്പിക്കുന്ന കൂത്ത് ഏത്? -



**നങ്ങ്യാർകൂത്ത്**

16. ജീവൻ മശായി എന്ന കഥാപാത്രം ഏത് ബംഗാളി നോവലിലാണ്? - **ആരോഗ്യനികേതനം**
17. ഏത് കൃതിയെ ആധാരമാക്കിയാണ് ജ്ഞാനേശ്വർ 'ജ്ഞാനേശ്വരി' രചിച്ചത്? - **ഭഗവത്ഗീത**
18. ഋതുക്കളെപ്പറ്റി വർണ്ണിക്കുന്ന കാളിദാസകാവ്യം - **ഋതുസംഹാരം**
19. കൂടിയാട്ടത്തിനു ഉപയോഗിക്കുന്ന മുഖ്യ വാദ്യം ഏതാണ്? - **മിഴാവ്**
20. 'ഭാരതീയ കണവാദം'(Indian Atomism) എന്നറിയപ്പെടുന്ന ദർശനമേത്? - **വൈശേഷികദർശനം**
21. 'യുദ്ധം തുടങ്ങുന്നത് മനുഷ്യ മനസ്സിലാണ്'എന്നു പ്രഖ്യാപിക്കുന്ന വേദമേത്? - **അഥർവവേദം**
22. അഞ്ചാം വേദം എന്ന പ്രസിദ്ധമായ കൃതിയേത്? - **മഹാഭാരതം**
23. അലാവുദ്ദീൻ ഖിൽജിയുടെ കൊട്ടാരം ഗായകനായിരുന്ന ആരാണ് ഖവ്വാലി പാട്ട് രീതിയുടെ ഉപജ്ഞാതാവായി പരിഗണിക്കപ്പെടുന്നത്? - **അമീർ ഖുസ്രു**
24. 1980ൽ വെടിവെച്ചു കൊല്ലപ്പെട്ട ബീറ്റിൽസ് ഗായകനാര്? - **ജോൺ ലെനൻ**
25. തിക്കോടിയന്റെ ആത്മകഥയുടെ പേരെന്ത്? - **അരങ്ങു കാണാത്ത നടൻ**
26. മലയാളത്തിലെ ആദ്യ അപസർപ്പക നോവൽ - **'ഭാസ്കരമേനോൻ'**(അപ്പൻ തമ്പുരാൻ)
27. ക്യൂബിസം എന്ന ചിത്രകലാപ്രസ്ഥാനം രണ്ടുചിത്രകാരന്മാരാണ് തുടങ്ങിവച്ചത്. ആരാണിവർ? - **പാബ്ലോ പിക്കാസോ, ജോർജ്ജസ് ബ്രാക്ക്**



28. കെ.സി കേശവപിള്ള രചിച്ച മഹാകാവ്യം - **കേശവീയം**
29. മലബാർ മാനുവലിന്റെ കർത്താവ് - **വില്ല്യം ലോഗൻ**
30. മലയാളത്തിൽ എഴുതപ്പെട്ട ആദ്യ യാത്രാവിവരണ ഗ്രന്ഥം - **വർത്തമാനപുസ്തകം**
31. ജോവനി ബൊക്കാച്ചിയൊയുടെ പ്രശസ്ത രചന ഏത്? - **ഡെക്കാമറൺ കഥകൾ**
32. സാമുവൽ റിച്ചാർഡ്സൺ രചിച്ചതും ഇംഗ്ലീഷിലെ ആദ്യ നോവലുകളുടെ കൂട്ടത്തിൽപ്പെടുത്തിയിട്ടുള്ള ഈ കൃതി കത്തുകളുടെ രൂപത്തിലാണ്. കൃതി ഏത്?- **പമീല**
33. വിക്ടർ ഹ്യൂഗോയുടെ നോവൽ പാവങ്ങൾ എന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് (1925) ആര്? - **നാലപ്പാട്ട് നാരായണമേനോൻ**
34. മലയാളത്തിൽ എഴുതപ്പെട്ട ആദ്യ ഗണിതശാസ്ത്ര ഗ്രന്ഥം - **യുക്തിഭാഷ**
35. മലയാള ലിപി ആദ്യമായി പ്രത്യക്ഷപ്പെടുന്ന ശാസനം- **വാഴപ്പള്ളി ശാസനം**
36. അമേരിക്കൻ പ്രസിഡന്റിന്റെ വസതിയായ വൈറ്റ് ഹൗസ് രൂപകൽപന ചെയ്തതാര്? - **ജയിംസ് ഹൊബാൻ**
37. ലെ കോർബ്യൂസിയെ ആവിഷ്കരിച്ച വാസ്തുവിദ്യാ ശൈലിയുടെ പേര് - **ഇന്റർനാഷണൽ സ്റ്റൈൽ**
38. ദാദായിസം എന്ന കലാപ്രസ്ഥാനത്തിന്റെ അമരക്കാരനായ റൊമാനിയൻ കവി - **ട്രിസ്റ്റൻ സാര**
39. ഏത് തത്വചിന്താപദ്ധതിയുമായാണ് ഫ്രഞ്ച് ചിന്തകനായ ഴാങ്പോൾ സാർത്ര് ബന്ധപ്പെട്ടിരിക്കുന്നത്? - **അസ്തിത്വവാദം** (Existentialism)
40. രാജ്യത്തെ ഏറ്റവും വലിയ കന്നുകാലി മേള നടക്കുന്നത് ബീഹാറിലെ ഏത് ജില്ലയിലാണ്? - **സോനെപൂർ**
41. 'വാട്ട് ഗാന്ധി ആൻഡ് കോൺഗ്രസ് ഹാവ് ഡൺ ടു



ദി അൺടച്ചബിൾസ്' എന്ന പുസ്തകം എഴുതിയത് **ഡോ. ബി. ആർ. അംബേദ്കർ**

42. 'സ്റ്റോപ്പിങ്ങ് ബൈ വുഡ്സ് ഓൺ എ സ്നോവി ഈവനിങ്ങ്' എന്ന പ്രശസ്ത കവിതയുടെ രചയിതാവ് - **റോബർട്ട് ഫ്രോസ്റ്റ്**
43. കാറ്റാടിയന്ത്രത്തോട് യുദ്ധത്തിനൊരുങ്ങുന്ന കഥാനായകനെ ഏതു കൃതിയിലാണ് സ്പാനിഷ് എഴുത്തുകാരനായ സെർവാന്റസ് സൃഷ്ടിച്ചത്? ഡോൺ ക്വിക്സോട്ട്
44. മാനവരാശിയുടെ നന്മകളെ പ്രകീർത്തിക്കാൻ യൂറോപ്യൻ യുവ ചിന്തകനായ റൂജർ ബ്രെഗ്മാൻ എഴുതിയ പുതിയ പുസ്തകം - **ഹ്യൂമൻ കൈന്റ്**
45. വൈലോപ്പിള്ളി ശ്രീധരമേനോന്റെ മാമ്പഴം, ആശുപത്രിയിൽ, വെള്ളിലവള്ളി തുടങ്ങിയ കവിതകളിൽ കാണുന്ന പൊതുവായ രൂപകം - **രോഗവും മരണവും**
46. മോഹിനിയാട്ടം എന്ന ചിത്രത്തിലൂടെ മികച്ച ഛായാഗ്രാഹകനുള്ള ദേശീയ പുരസ്കാരം നേടിയ വ്യക്തി (ഈയിടെ അന്തരിച്ചു) - **പി.എസ്. നിവാസ്**
47. ഗോൾഡൻ ഗ്ലോബ് അവാർഡ് ലഭിച്ച ആദ്യ ഭാരതീയൻ - **എ.ആർ. റഹ്മാൻ**



48. ആദ്യ ഡോക്യുമെന്ററി ചലച്ചിത്രം - **നാനൂക്ക് ഓഫ് നോർത്ത്**
49. പ്രശസ്ത ക്രിക്കറ്റ് താരം സുനിൽ ഗാവസ്കർ അഭിനയിച്ച മറാഠി ചലച്ചിത്രം - **പ്രേമാചിസാവ്ലി**
50. ഷാജി എൻ. കരുണിന്റെ 'പിറവി' ക്ക് സംഗീതസംവിധാനം നിർവ്വഹിച്ച പ്രശസ്ത ചലച്ചിത്ര സംവിധായകൻ - **അരവിന്ദൻ**

# ആധുനിക തിരുവിതാംകൂറിന്റെ നാൾവഴികൾ 3

## റാണി ഗൗരി ലക്ഷ്മിഭായി (1810–14)

മൈസൂർ പടയോട്ടകാലത്ത് മലബാറിൽനിന്നു പലായനം ചെയ്ത് തിരുവിതാംകൂറിൽ അഭയംതേടിയ കോലത്തുനാട് രാജകുടുംബത്തിലെ ഒരു ശാഖയായിരുന്നു റാണി ലക്ഷ്മീഭായിയുടെ പൂർവകുടുംബം. ധർമരാജാവിന്റെ കാലത്ത് ഗൗരി ലക്ഷ്മീഭായിയെയും അനുജത്തി ഗൗരിപാർവതിഭായിയെയും ആറ്റിങ്ങൽ കൊട്ടാരത്തിലേക്ക് ദത്തെടുത്തു. ഈ റാണിക്ക് രാജരാജവർമ കോയിത്തമ്പുരാനിൽ ജനിച്ച പുത്രനാണ് ഗർഭശ്രീമാനെന്ന് പ്രസിദ്ധനായ സ്വാതിതിരുനാൾ മഹാരാജാവ്. 1810 ൽ അവിട്ടംതിരുനാൾ ബാലരാമവർമ നാടുനീങ്ങിയപ്പോൾ സിംഹാസനത്തിനുവേണ്ടി മാവേലിക്കര കേരളവർമ അവകാശമുന്നയിച്ചു. അന്ന് രാജകുടുംബത്തിൽ പുരുഷപ്രജകൾ ഉണ്ടായിരുന്നില്ല. വേലുത്തമ്പിക്ക് അനുകൂലമായി പ്രവർത്തിച്ചയാളാണ് കേരളവർമ എന്നതിനാൽ ഈസ്റ്റിന്ത്യാകമ്പനിക്ക് അദ്ദേഹത്തെ രാജ്യാവകാശിയാക്കാൻ താൽപര്യമുണ്ടായിരുന്നില്ല. അന്നത്തെ റസിഡന്റ് കേണൽ മൺറോ ഗൗരീലക്ഷ്മീഭായിക്കുവേണ്ടിയാണ് നിലകൊണ്ടത്. മുൻരേഖയുടെ അടിസ്ഥാനത്തിൽ ബ്രിട്ടീഷുകാർ ലക്ഷ്മീഭായിയെ റാണിയായി അവരോധിച്ചു. അതിന്റെ ഉപകാരസ്മരണ എന്ന നിലയിൽ ദിവാൻ ഉമ്മിണിത്തമ്പിയെ മാറ്റി മൺറോയെ ദിവാനായി നയിമിക്കുകയും ചെയ്തു (നെല്ലൂരിൽ തടവറയിൽ കിടന്നാണ് ഉമ്മിണിത്തമ്പി മരിച്ചത്).



തിരുവിതാംകൂർ ഭരണം പൂർണമായും ഈസ്റ്റിന്ത്യാ കമ്പനിക്ക് അടിയറവയ്ക്കുന്നതിന് ഇത് വഴിതെളിച്ചു. കേരളവർമയും സഹായികളും ചേരിതിരിവിന്റെ ലക്ഷണങ്ങൾ കാണിച്ചുതുടങ്ങിയപ്പോൾ കേണൽ മൺറോ അദ്ദേഹത്തെ ആദ്യം തലശ്ശേരിയിലും പിന്നീട് അവിടെനിന്നും ചിങ്കൽപേട്ടയിലേക്കും മാറ്റി താമസിപ്പിച്ചു. അവിടെ അദ്ദേഹം ഏറെക്കാലം കഴിച്ചുകൂട്ടി. തമ്പുരാൻമുക്ക് എന്നറിയപ്പെട്ട ആ സ്ഥലം പിന്നീട് താംബരമായി. പ്രജാക്ഷേമം ലക്ഷ്യമിട്ട് റാണി രാജ്യഭരണം മൺറോയെ വിശ്വസിച്ചേൽപ്പിച്ചു. രാജ്യത്തിന്റെ ക്രമസമാധാനം പുനഃസ്ഥാപിക്കണമെന്നും രാജ്യനന്മയ്ക്കുവേണ്ടി പ്രവർത്തിക്കണമെന്നും റാണിയെപ്പോലെ താൽപര്യം മൺറോയ്ക്കുമുണ്ടായിരുന്നു. റസിഡന്റിനെയും ദിവാന്റെയും ഭാരിച്ച ചുമതലകൾ ഏൽപ്പിക്കപ്പെട്ട മൺറോയ്ക്കുമുന്നിൽ നിരവധി പ്രശ്നങ്ങളുണ്ടായിരുന്നു. കീഴുദ്യോഗസ്ഥരുടെ മേൽ നിയന്ത്രണമില്ല എന്നത് ഭരണസംവിധാനത്തിന്റെ പ്രധാന നൂതനകളിലൊന്നായി മനസ്സിലാക്കിയ അദ്ദേഹം സർക്കാരുദ്യോഗസ്ഥന്മാർ ചെയ്യുന്ന അഴിമതിക്കും മറ്റുതരത്തിലുള്ള അസാന്മാർഗിക പ്രവൃത്തികൾക്കും ദണ്ഡനീതി നടപ്പാക്കി. ഒരു വർഷത്തിനിടയിൽ അദ്ദേഹം ചിട്ട, അച്ചടക്കം, അനുസരണ തുടങ്ങിയ ഉദ്യോഗസ്ഥർക്കിടയിൽ നടപ്പാക്കി. ബ്രിട്ടീഷ് മാതൃകയിൽ തിരുവിതാംകൂറിൽ സെക്രട്ടറിയറ്റ് സമ്പ്രദായം നടപ്പാക്കിയത് മൺറോ ആണ്. സർക്കാർ തലത്തിലുള്ള എല്ലാ എഴുത്തുകുത്തുകളും ദിവാന്റെ അറിവോടും കൈയൊപ്പോടുംകൂടി നടത്തണമെന്ന് മൺറോ നിഷ്കർഷിച്ചു. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പിരിച്ചുവിട്ട് ആ സ്ഥാനങ്ങളിൽ സ്വഭാവശുദ്ധിയുള്ളവരെ നിയമിച്ചു. ഭരണരംഗത്ത് മിതവ്യയത്തിനുള്ള നടപടികൾ കൈക്കൊണ്ടു. സർവീസിൽ തകരാറുകൾക്ക് പരിഹാരം കണ്ടശേഷം മൺറോ പൊതുഭരണരംഗം പരിഷ്കരിച്ചു. ഭൂവുടമകൾക്ക് വിസ്തീർണം, ഇനം, നിശ്ചയിച്ചുകൊണ്ട് പട്ടയംകൊടുത്തു. ഇതിലൂടെ കരംപിരിവ് ക്രമീകൃതമായി. പൊതുമുതലിന്റെ ദുർവിനിയോഗം തടയാൻ കർശനമായ നിയമങ്ങൾ ഏർപ്പെടുത്തി. കാര്യക്ഷമമായ ഓഡിറ്റ്- അക്കൗണ്ട് സമ്പ്രദായം നടപ്പാക്കി. ഉദ്യോഗസ്ഥർക്ക് പെൻഷൻ പദ്ധതികൾ നടപ്പാക്കി. കൊട്ടാരച്ചെലവിനുള്ള നിശ്ചിതമായ പരിധി നിർണയിക്കുകയും അതുപോലെയുള്ള മറ്റനവധി നടപടികൾ സ്വീകരിക്കുകയുംചെയ്തു. തലപ്പണം തുടങ്ങിയ അനാവശ്യനികുതികൾ ഒഴിവാക്കി. പല നികുതി കുടിശികകളും ഇളവ് ചെയ്തുകൊടുത്തു.

1811ൽ പത്മനാഭപുരം, തിരുവനന്തപുരം, കൊല്ലം, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ ജില്ലാകോടതികൾ സ്ഥാപിച്ചു. മൺറോയുടെ പ്രധാനപ്പെട്ട ഒരു സംഭാവനയാണ് 'ചട്ടവരിയോലകൾ' എന്നുപേരായ ഒരു നിയമസംഹിത ആവിഷ്കരിച്ചത്. തിരുവിതാംകൂറിൽ നീതിനിർവഹിച്ചിരുന്നത് മനുസ്മൃതി, വ്യവഹാരം, വിവാദ രത്നാകരം തുടങ്ങിയ ഗ്രന്ഥങ്ങളെ ആശ്രയിച്ചായിരുന്നു. വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട കർമശേഷിയുള്ള പ്രമുഖരുമായി ചർച്ചചെയ്ത് രാജ്യത്ത് നിലവിലുണ്ടായിരുന്ന നിയമങ്ങൾ കാലോചിതമായി പരിഷ്കരിച്ചു. ഇത് ധർമശാസ്ത്രങ്ങളുടെയും കമ്പനിയുടെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു ക്രോഡീകരിച്ചത്. ചട്ടവരിയോലകൾ 1811ലാണ് പ്രസിദ്ധീകരിച്ചത്. അപ്പീൽ കോടതികളും ജില്ലാ കോടതികളും സ്ഥാപിക്കുകയും ജഡ്ജിമാരുടെ അധികാരപരിധികൾ നിശ്ചയിക്കുകയും ചെയ്തു. സർക്കാരുദ്യോഗസ്ഥരെ സംബന്ധിച്ച കേസുകൾക്കായി പരിധികൾ നിശ്ചയിക്കുകയുംചെയ്തു. സർക്കാരുദ്യോഗസ്ഥരെ സംബന്ധിച്ച കേസുകൾക്കായി ഹുസൂർ കോടതി സ്ഥാപിച്ചു. കാര്യക്കാർ എന്ന ഉദ്യോഗപ്പേര് ബ്രിട്ടീഷിന്ത്യയിലെപോലെ തഹസീൽദാർ എന്നാക്കിമാറ്റി. നികുതി പിരിവിനു പുറമെ തഹസീൽദാർക്ക് നീതിന്യായാധികാരങ്ങളും ഉണ്ടായിരുന്നു. നീതിന്യായാധികാരങ്ങൾ തഹസീൽദാരിൽനിന്ന് വേർപ്പെടുത്തി പുതുതായി നിയമിച്ച താനായിക്കന്മാർക്ക് നൽകി. സകല പൊലീസ് കേസുകളും അന്വേഷിക്കുകയും ജില്ലാ കോടതികൾക്ക് കൊടുക്കുക എന്നതും ഇവരുടെ ജോലിയായി. കള്ളക്കടത്തുതടയാൻ ഉചിത സ്ഥാനങ്ങളിൽ ചൗക്കകൾ സ്ഥാപിച്ചു. ഒരു രാജകീയ വിളംബരത്തിലൂടെ 1812ൽ തിരുവിതാംകൂറിൽ അടിമക്കച്ചവടം നിർത്തലാക്കപ്പെട്ടു. സൈന്യത്തെയും മൺറോ നവീകരിച്ചു.

തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾക്ക് ധാരാളം സ്ഥലമുണ്ടായിരുന്നതിനാലും അവയുടെ കീഴിൽ നിരവധി സേവകന്മാർ ഉണ്ടായിരുന്നതിനാലും ഇവയ്ക്ക് വലിയ അധികാരവും സ്വാധീനവും ഉണ്ടായിരുന്നു. ജനങ്ങളെ കലാപത്തിനു തയ്യാറെടുപ്പിക്കുവാൻകൂടി ഇവ പ്രാപ്തമാണെന്നു മനസ്സിലാക്കിയ വേലുത്തമ്പി ക്ഷേത്രങ്ങളെ സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ ശ്രമിച്ചെങ്കിലും ആ ഉദ്യമം പൂർത്തിയാക്കുന്നതിനുമുമ്പ് അദ്ദേഹത്തിന് മറ്റു പ്രശ്നങ്ങളിൽപെട്ട് ജീവത്യാഗം ചെയ്യേണ്ടിവന്നു. മൺറോ ക്ഷേത്രങ്ങളെ സർക്കാർ ഉടമയിലാക്കി. അങ്ങനെ ക്ഷേത്രംവക വസ്തുക്കളും വരുമാനങ്ങളും സർക്കാർ നിയന്ത്രണത്തിലായി (1811). ക്ഷേത്രങ്ങൾക്കുമേൽ കരക്കാർക്കുണ്ടായിരുന്ന സ്വാധീനം നിലച്ചു. ജനശക്തി സർക്കാരിനെതിരെ തിരിയരുതെന്ന മുൻകരുതലോടെ മൺറോ എടുത്ത ഈ നടപടി പിൽക്കാലത്ത് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കി. ഈ വിധത്തിൽ തിരുവിതാംകൂർ ഭരണത്തെ കാലോചിതമായി പരിഷ്കരിച്ച് സിവിൽ ഭരണത്തെ പൂർണ ബ്യൂറോക്രസിയാക്കി മാറ്റിയതിൽ പ്രശംസ സ്വന്തമാക്കിയ മൺറോ ഇവിടത്തെ ഭരണസമ്പ്രദായത്തെ ആധുനികമാക്കിത്തീർത്തു. സ്വാതിതിരുനാൾ ജനിച്ച ഉടനെതന്നെ (1813) അദ്ദേഹത്തെ അടുത്ത സിംഹാസനാവകാശിയായി പ്രഖ്യാപിക്കുന്നതിലും മൺറോ ശ്രദ്ധവച്ചു. തുടർന്ന് റാണി ഗൗരി ലക്ഷ്മീഭായി റീജന്റെന്ന നിലയിൽ രാജ്യഭരണം നടത്തി. മൺറോയുടെ പ്രഗൽഭമായ ഭരണപാടവം ഉപയോഗിക്കാൻ സാധിച്ച മഹാറാണി ജനപ്രീതിക്കും ഈസ്റ്റിന്ത്യാക്കമ്പനിയുടെ തൃപ്തിക്കും പാത്രമായി.

1814ൽ ഹുസൂർ കോടതിയിൽ ജഡ്ജിയായ ദേവൻ പത്മനാഭനെ തന്റെ പിൻഗാമിയായി നാമനിർദേശംചെയ്ത് മൺറോ ദിവാൻ സ്ഥാനമൊഴിഞ്ഞു. അപ്പോഴേക്കും തിരുവിതാംകൂർ വീണ്ടും സമ്പൽസമൃദ്ധമായിക്കഴിഞ്ഞിരുന്നു. തിരുവിതാംകൂർ ചരിത്രത്തിലെ ആദ്യത്തെ ഹൈന്ദവേതര ദിവാൻ എന്ന വിശേഷണവും മൺറോയ്ക്ക് സ്വന്തമാണ്. പലതുകൊണ്ടും ശ്രദ്ധേയമായിരുന്നു റാണി ലക്ഷ്മീഭായിയുടെ ഭരണകാലം. യൂറോപ്യൻമാർ കൊട്ടാരത്തിനകത്തോ കോട്ടയ്ക്കകത്തോ പ്രവേശിക്കാൻ പാടില്ലെന്ന നിയമം അവർ റദ്ദുചെയ്തു. തിരുവിതാംകൂറിൽ രാജ്ഞിമാർ പ്രായപൂർത്തിയായാൽ ജനം കാണത്തക്കവിധം സഞ്ചരിക്കുകയോ അന്യപുരുഷന്മാരെ കാണുകയോ ചെയ്യരുതെന്ന ആചാരം നിർത്തലാക്കി. ദിവാനെയും ഉദ്യോഗസ്ഥരെയും കൊട്ടാരത്തിൽ വരുത്തി ഭരണകാര്യങ്ങൾ ചർച്ചചെയ്തു. നാലുവർഷത്തെ ഭരണത്തിനുശേഷം അപ്രതീക്ഷിതമായി നാടുനീങ്ങിയ ഈ റാണി ആ കുറഞ്ഞ കാലയളവിനുള്ളിൽ തന്റെ വല്യമ്മാവനായ ധർമരാജാവിനോളം പ്രസിദ്ധി നേടിക്കഴിഞ്ഞിരുന്നു.

## ഗൗരി പാർവതീഭായി

രാമവർമ (സ്വാതിതിരുനാൾ) രാജകുമാരന് പ്രായം തികയുന്നതുവരെയുള്ള കാലത്തേക്ക് റീജന്റായി. നിയമിക്കപ്പെടുമ്പോൾ ഗൗരി പാർവതീഭായിക്ക് 13 വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളൂ. സാമൂഹിക-ഭരണരംഗങ്ങളിൽ പുരോഗമനാത്മകമായ സംഭവവികാസങ്ങളാൽ ശ്രദ്ധേയമാണ് അവരുടെ ഭരണകാലം. 1814ൽ ദിവാൻ പദവിയിൽനിന്നു വിരമിച്ച മൺറോ 1818ൽ റസിഡന്റുദ്യോഗത്തിൽനിന്നു പിരിഞ്ഞുപോകുംവരെ തിരുവിതാംകൂറിന്റെ ഭരണകാര്യങ്ങളിൽ ആവശ്യമായ നിർദേശങ്ങൾ നൽകി. അന്തരിച്ച തന്റെ സഹോദരിയുടെ ഭർത്താവ് രാജരാജവർമ കോയിത്തമ്പുരാന്റെ രക്ഷാകർതൃത്വം അവർക്ക് തുണയായി.

ഗൗരി പാർവതീഭായിയുടെ ഭരണകാലത്ത് കൃഷിക്കും വാണിജ്യത്തിനും ഗണനീയമായ പുരോഗതിയുണ്ടായി. കച്ചവടസൗകര്യത്തിനായി ജലഗതാഗതം മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരത്തെ കഠിനംകുളം കായലുമായി ബന്ധിപ്പിക്കുന്ന തോടും പാർവതീപുത്തനാറും ഈ റാണിയുടെ കാലത്താണ് നിർമിച്ചത്. 1816ൽ ലണ്ടൻ മിഷന് നാഗർകോവിലിൽ വിദ്യാലയം സ്ഥാപിക്കാനുള്ള സൗകര്യം നൽകി. ചർച്ച് മിഷൻ സൊസൈറ്റിക്ക് ആലപ്പുഴയിലും കോട്ടയത്തും പ്രവർത്തനം നടത്താൻ സഹായവും ചെയ്തുകൊടുത്തു. കൊല്ലം ജില്ലയിലെ കല്ലടയിലുള്ള ഒരു തുരുത്ത് (മൺറോ തുരുത്ത്) ചർച്ച് മിഷൻ സൊസൈറ്റിക്ക് വിട്ടുകൊടുത്തു. അവർക്ക് സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു ഇത്. ഈ വക നടപടികളിൽ കേണൽ മൺറോയുടെ പ്രത്യേക താൽപര്യവും ഉണ്ടായിരുന്നു.

സാമൂഹിക സ്വാതന്ത്ര്യം ഉറപ്പാക്കുന്ന നിരവധി രാജകീയ വിളംബരങ്ങൾ ഇക്കാലത്തുണ്ടായി. ഹിന്ദുമതാനുഷ്ഠാനത്തോടനുബന്ധിച്ചുള്ള ജോലികൾക്ക് കുടിയാന്മാരായ ക്രിസ്ത്യാനികളെക്കൊണ്ട് ഊഴിയം എന്ന സേവനം ചെയ്യാൻ പാടുള്ളതല്ല എന്നു വിലക്കി. ഞായറാഴ്ച ദിവസങ്ങളിൽ ക്രിസ്ത്യാനികളെക്കൊണ്ട് പൊതുസ്ഥാപനങ്ങളിൽ പ്രവൃത്തി ചെയ്യിപ്പിക്കരുത് എന്നതായിരുന്നു മറ്റൊരു വിളംബരം. ആധാരങ്ങളെ ഓലയിൽ എഴുതുന്നത് നിർദിഷ്ടമായ സ്റ്റാമ്പുകളോടുകൂടിയായിരിക്കണം എന്നും വ്യവസ്ഥചെയ്തു. ശൂദ്രജാതിയിൽപെടുന്നവരും മറ്റുള്ളവരും സ്വർണം, വെള്ളി എന്നിവകൊണ്ട് ആഭരണം ധരിക്കുന്നതിന്റെ നിയന്ത്രണം പിൻവലിച്ചു. ദേവസ്വം കുടിയാന്മാരാണെങ്കിൽ ചെട്ടിയാന്മാർ തുടങ്ങിയുള്ള ജാതികളിൽനിന്ന് തലപ്പണം ഈടാക്കാൻ പാടുള്ളതല്ല എന്നും ഉത്തരവിട്ടു. കേസുകളിൽ പ്രതികളായിട്ടുള്ള കക്ഷികളുമായി ന്യായാധിപന്മാർ സ്വകാര്യമായി കോടതിയിൽവച്ചോ, പ്രതികളുടെ ഗൃഹങ്ങളിൽവച്ചോ സംഭാഷണം നടത്തുന്നതും പ്രതികൾ ന്യായാധിപന്മാരുടെ വീടുകളിൽപോയി കാണുന്നതും നിരോധിച്ചു.



കാപ്പിക്കൃഷി തുടങ്ങുന്നതിന് പൊതുവെ അംഗീകാരം നൽകിയതായിരുന്നു മറ്റൊരു പരിഷ്കാരം. ജാതിയുടെയോ പദവിയുടെയോ വ്യത്യാസം ബാധകമാകാതെ എല്ലാവർക്കും വീടുകൾ ഓടുമേയുന്നതിനുള്ള അവകാശം അനുവദിച്ചുകൊണ്ട് ഒരു രാജകീയ വിളംബരവും ഇക്കാലത്തുണ്ടായി. 1829ൽ രാമവർമ രാജകുമാരന് 16 വയസ്സ് പൂർത്തിയായതോടെ റാണി രാജ്യഭാരമേൽപിച്ചുകൊടുത്തു. പിന്നീടുള്ള കാലം പൊതുജീവിതത്തിൽനിന്നുമൊഴിഞ്ഞ് വിശ്രമജീവിതം നയിച്ചു. പ്രജാക്ഷേമ തൽപരയായ ഒരു ഭരണാധികാരിയായി ചരിത്രം റാണി ഗൗരി പാർവതീഭായിയെ വിലയിരുത്തുന്നു. ●

# പൊതുവിജ്ഞാനം

സമാഹരണം: രാജേഷ്കുമാർ.എസ്

1. ചട്ടമ്പിസ്വാമിയുടെ ഭവനം ഏതാണ്?
(എ) ഉള്ളൂർക്കോട് വീട് (ബി) വയൽവാരം വീട്
(സി) കൂടില്ലാ വീട് (ഡി) തലക്കുളത്തു വീട്
2. ചുവടെപ്പറയുന്ന നവോത്ഥാന നായകർ, അവരുടെ ജന്മസ്ഥലം എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക.

| | |
|---|---|
| A. ആഗമാനന്ദ സ്വാമി | 1. ചവറ (കൊല്ലം) |
| B. ആനന്ദതീർത്ഥൻ | 2. തലശ്ശേരി |
| C. വാഗ്ഭടാനന്ദൻ | 3. കാർത്തികപ്പള്ളി |
| D. ആറാട്ടുപുഴ വേലായുധപണിക്കർ | 4. പാട്യം (കണ്ണൂർ) |

(എ) A-2, B-1, C-3, D-4 (ബി) A-1, B-2, C-4, D-3
(സി) A-1, B-2, C- 3, D-4 (ഡി) A-2, B-1, C-4, D-3
3. 'കേരള സഞ്ചാരി' എന്ന പത്രത്തിന്റെ പത്രാധിപരായിരുന്നത് ആരാണ്?
(എ) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
(ബി) സഹോദരൻ അയ്യപ്പൻ
(സി) മൂർക്കോത്ത് കുമാരൻ
(ഡി) സി കൃഷ്ണൻ
4. തമിഴ്നാട്ടിലെ തക്കലയ്ക്കടുത്ത് സ്ഥിതിചെയ്യുന്ന ഉദയഗിരിക്കോട്ട നിർമ്മിച്ച ഭരണാധികാരി?



(എ) മാർത്താണ്ഡവർമ്മ (ബി) ഡീലനോയി
(സി) വീര രവിവർമ്മ (ഡി) രാമയ്യൻ ദളവ
5. മാർത്താണ്ഡവർമ്മയുടെ റവന്യൂമന്ത്രി ആരായിരുന്നു?
(എ) പള്ളിയാടി മല്ലൻ ശങ്കരൻ
(ബി) എരുവയിൽ അച്യുതവാര്യർ
(സി) കണ്ടൻമേനോൻ (ഡി) രാമയ്യങ്കാർ
6. വിഴിഞ്ഞം തുറമുഖവും ബാലരാമപുരം പട്ടണവും പണികഴിപ്പിച്ചത്
(എ) വേലുത്തമ്പി ദളവ (ബി) ഉമ്മിണിതമ്പി
(സി) ആയില്യംതിരുനാൾ (ഡി) ശ്രീമൂലംതിരുനാൾ
7. തിരുവിതാംകൂറിന്റെ തലസ്ഥാനം പത്മനാഭപുരത്തുനിന്നും (കൽക്കുളം) തിരുവനന്തപുരത്തേക്ക് മാറ്റിയ ഭരണാധികാരി?
(എ) അവിട്ടംതിരുനാൾ ബാലരാമവർമ
(ബി) ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ
(സി) റാണി ഗൗരി ലക്ഷ്മീഭായി
(ഡി) കാർത്തികതിരുനാൾ രാമവർമ
8. 1926-ൽ നടന്ന ശുചീന്ദ്രം സത്യാഗ്രഹത്തിന്റെ വോളണ്ടിയർ ക്യാപ്റ്റൻ ആരായിരുന്നു?
(എ) എ കെ ഗോപാലൻ (ബി) എം ഇ നായിഡു
(സി) കെ കേളപ്പൻ (ഡി) മുത്തുസ്വാമി
9. തിരുവനന്തപുരത്ത് അഞ്ചുതെങ്ങിൽ ഇംഗ്ലീഷുകാർക്ക് വ്യാപാരശാല സ്ഥാപിക്കാൻ അനുവാദം നൽകിയ വേണാട് ഭരണാധികാരി?
(എ) ആദിത്യവർമ്മ (ബി) ഉമയമ്മറാണി
(സി) റാണി സേതു ലക്ഷ്മിഭായി
(ഡി) റാണി ഗൗരി പാർവ്വതിഭായി
10. ആറ്റിങ്ങൽ കലാപാനന്തരം മാർത്തണ്ഡവർമ്മ, അലക്സാണ്ടർ ഓം എന്നിവർ ചേർന്ന് വേണാട് ഉടമ്പടിയിൽ ഒപ്പുവച്ച വർഷം ഏതാണ്?
(എ) 1722 (ബി) 1723
(സി) 1725 (ഡി) 1724
11. 1947 ഏപ്രിലിൽ കെ കേളപ്പന്റെ അദ്ധ്യക്ഷതയിൽ ഐക്യകേരള സമ്മേളനത്തിന് വേദിയായ സ്ഥലം ?
(എ) എറണാകുളം (ബി) തൃശ്ശൂർ
(സി) തിരുവനന്തപുരം (ഡി) കണ്ണൂർ
12. കുത്തബ്ദീൻ ഐബക്കിന്റെ ഭരണം പ്രതിപാദിക്കുന്ന ഗ്രന്ഥമായ താജ്-ഉൽ-മാസിർ രചിച്ചത് ആരാണ്?
(എ) മിൽഹാജ് അസ് സിറാജ്
(ബി) ഹസൻ നിസാമി
(സി) ബക്തിയാർ ഖിൽജി (ഡി) മാലിക് അൽത്തുനിയ
13. ഖിൽജി വംശത്തിലെ പ്രമുഖ ഭരണാധികാരിയായ അലാവുദ്ദീൻ ഖിൽജിയുമായി ബന്ധമില്ലാത്ത പ്രസ്താവന ഏതാണ്?
(എ) ഇന്ത്യയിൽ ആദ്യമായി കമ്പോള നിയന്ത്രണവും തപാൽ സമ്പ്രദായവും നടപ്പിലാക്കിയ ഭരണാധികാരി
(ബി) 'ആയിരം തൂണുകളുടെ കൊട്ടാരം' പണികഴിപ്പിച്ച ഭരണാധികാരി
(സി) അലൈ ദർവാസ (കുത്തബ്മിനാറിന്റെ കവാടം) പണികഴിപ്പിച്ച ഭരണാധികാരി
(ഡി) മാലിക് ഫിറോസ് എന്നപേരിൽ അറിയപ്പെട്ടു.
14. ചുവടെപ്പറയുന്ന ഭരണാധികാരികൾ അവരുടെ ഇതര നാമങ്ങൾ എന്നിവയിൽ ശരിയായത് ഏതെല്ലാം?
1. ജലാലുദ്ദീൻ ഖിൽജി-മാലിക് ഫിറോസ്
2. ഗിയാസുദ്ദീൻ തുഗ്ലക്-ഗാസിമാലിക്
3. മുഹമ്മദ്ബിൻ തുഗ്ലക്-ജുനാഖാൻ
(എ) 1, 3 എന്നിവ മാത്രം (ബി) 1, 2 എന്നിവ മാത്രം
(സി) 2, 3 എന്നിവ മാത്രം (ഡി) 1, 2, 3 എന്നിവ
15. 'നിർഭാഗ്യവാനായ ആദർശവാദി' 'വൈരുദ്ധ്യങ്ങളുടെ കൂടിച്ചേരൽ', 'നാണയ നിർമ്മിതികളുടെ രാജകുമാരൻ' എന്നീ വിശേഷണങ്ങൾ ലഭിച്ച ഭരണാധികാരി ആരാണ്?
(എ) മുഹമ്മദ്ബിൻ തുഗ്ലക് (ബി) ഫിറോസ് ഷാ തുഗ്ലക്
(സി) ഗിയാസുദ്ദീൻ തുഗ്ലക് (ഡി) അലാവുദ്ദീൻ ഖിൽജി
16. അരവിഡുവംശ സ്ഥാപകൻ
(എ) വീര നരസിംഹൻ (ബി) തിരുമലൻ
(സി) വെങ്കടൻ-I (ഡി) ദേവരായർ-II
17. 'ചെങ്കല്ലിലെ ഇതിഹാസം' എന്നറിയപ്പെടുന്നത്?
(എ) ഫത്തേപൂർ സിക്രി (ബി) ചെങ്കോട്ട
(സി)താജ്മഹൽ (ഡി) ദിവാൻ ഇ ആം
18. 'തൗഹീദ്-ഇ-ഇലാഹി' എന്ന മതം സ്ഥാപിച്ച മുഗൾ ഭരണാധികാരി
(എ) ഷാജഹാൻ (ബി) അക്ബർ
(സി) ഔറംഗസീബ് (ഡി) ജഹാംഗീർ
19. മാസ്റ്റർ റാൽഫ് ഫിച്ച് എന്ന ഇംഗ്ലീഷുകാരൻ ഇന്ത്യ സന്ദർശിച്ചത് ആരുടെ ഭരണകാലത്താണ്?
(എ) ഷേർഷ (ബി) ജഹാംഗീർ
(സി) അക്ബർ (ഡി) ബാബർ
20. സാധാരണ ജനങ്ങൾക്ക് ചക്രവർത്തിയെ നേരിൽകണ്ട് പരാതി ബോധിപ്പിക്കുന്നതിനായി 'നീതിചങ്ങല' നടപ്പിലാക്കിയ ഭരണാധികാരി?



(എ) ജഹാംഗീർ (ബി) ഔറംഗസീബ്
(സി) അക്ബർ (ഡി) ഷാജഹാൻ
21. മുഗൾ ഭരണാധികാരികൾ പൊതുജനങ്ങൾക്ക് ദർശനം നൽകിയിരുന്ന സ്ഥലം
(എ) ദിവാൻ-ഇ-ഖാസ് (ബി) ദിവാൻ-ഇ-ആം
(സി)നാകൻ ഖാന (എ) ഷൗൻസത് ഖമ്പ
22. സൂർവംശ സ്ഥാപകനായ ഷേർഷാസൂരിയുടെ ഭരണപരിഷ്കാരങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?
(എ) ദാരുൽ അദാലത്ത് എന്ന നീതിന്യായ കോടതി സ്ഥാപിച്ചു
(ബി) ജാഗീർ സമ്പ്രദായം നിർത്തലാക്കിയ ഭരണാധികാരി
(സി) കൊൽക്കത്തയെ അമൃത്സറുമായി ബന്ധിപ്പിക്കുന്ന ഗ്രാന്റ് ട്രങ്ക് റോഡ് (NH2) നിർമ്മിച്ച ഭരണാധികാരി
(ഡി) ജസിയ നിരോധിച്ച മുഗൾ ഭരണാധികാരി
23. ശിവജിയുടെ ഗുരു ആരാണ്?
(എ) ഷഹാജി ബോൻസലെ (ബി) രാംദാസ്
(സി) ദാദാജി കൊണ്ടദേവ് (ഡി) ബൈറാംഖാൻ
24. ഒന്നാം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരിൽ ആരുടെ യഥാർത്ഥ നാമമാണ് 'ധോണ്ഡു പന്ത്?
(എ) താന്തിയാതോപ്പി (ബി) നാനാസാഹിബ്
(സി) കൻവർസിംഗ് (ഡി) ഖേദംസിംഗ്
25. 1857-ലെ വിപ്ലവത്തിന്റെ പ്രധാന നേതാക്കൾ, നേതൃത്വം നൽകിയ സ്ഥലങ്ങൾ എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക

| | |
|---|---|
| A. കൺവർസിംഗ് | 1. ബറേലി |
| B. ദിവാൻ മണിറാം | 2. ആസ്സാം |
| C. നാനാസാഹിബ് | 3. ഔദ്, ആഗ്ര, ലക്നൗ |
| D. ഖാൻ ബഹാദൂർ | 4. ബീഹാർ |
| E. ബീഗം ഹസ്രത്ത് മഹൽ | 4. കാൺപൂർ |

എ. A-2, B-4, C-5, D-3,E-1 ബി. A-3, B-4, C-2, D-5,E-1
സി. A-4, B-2, C-5, D-1,E-3 ഡി. A-4, B-1, C-3, D-2,E-5



26. ഇന്ത്യയിലെ ആദ്യത്തെ വനിതാ രക്തസാക്ഷി?
(എ) പ്രീതി ലതാ വഡേദ്കർ
(ബി) ഝാൻസിറാണി (സി) കിരൻ ഷെകാവത്
(ഡി) ബീഗം ഹസ്രത്ത്മഹൽ
27. ഝാൻസിറാണി വീരമൃത്യുവരിച്ച വർഷം
(എ) 1857 ജൂൺ 18 (ബി) 1858 ജൂൺ 18
(സി) 1858 മെയ് 10 (ഡി) 1861 ജൂൺ 17
28. 1857-ലെ വിപ്ലവത്തിലെ ആദ്യ രക്തസാക്ഷിയായ മംഗൾ പാണ്ഡെയെ തൂക്കിലേറ്റിയ വർഷം
(എ) 1857 ഏപ്രിൽ 8 (ബി) 1857 ജൂൺ 18
(സി) 1858 ജൂൺ 18 (ഡി) 1858 ഏപ്രിൽ 8
29. ചുവടെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
1. താന്തിയാതോപ്പിയെ ബ്രിട്ടീഷുകാർ തൂക്കിലേറ്റിയത് 1859-ലാണ്
2. 1857-ലെ വിപ്ലവത്തിന്റെ ബ്രിട്ടീഷ് സൈനിക തലവനാണ് കോളിൻ കാംബെൽ
3. 1857-ലെ വിപ്ലവ സമയത്തെ ബ്രിട്ടീഷ് ഗവർണർ ജനറലാണ് കാനിംഗ പ്രഭു
(എ) 1, 2 എന്നിവ മാത്രം (ബി) 1, 3 എന്നിവ മാത്രം
(സി) 2, 3 എന്നിവ മാത്രം (ഡി) 1, 2, 3 എന്നിവ
30. 'ഇന്ത്യൻ ജനതയുടെ മാഗ്നാകാർട്ട്' എന്നറിയപ്പെടുന്ന വിളംബരം
(എ) പണ്ടാരപ്പാട്ട വിളംബരം
(ബി) കുണ്ടറ വിളംബരം (സി) 1858-ലെ വിളംബരം
(ഡി) ക്ഷേത്രപ്രവേശന വിളംബരം
31. 1920-ൽ കൊൽക്കത്തയിൽ നടന്ന ഇന്ത്യൻനാഷണൽ കോൺഗ്രസിന്റെ പ്രത്യേക സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചത്?
(എ) ലാലാ ലജ്പത്റായ് (ബി) സി ആർ ദാസ്
(സി) മദൻമോഹൻ മാളവ്യ (ഡി) ആനിബസന്റ്
32. സ്വദേശി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് 'ബംഗാൾ സ്വദേശി സ്റ്റോഴ്സ്' സ്ഥാപിച്ചത്?
(എ) കഴ്സൺ പ്രഭു (ബി) ഹർഡിഞ്ച് പ്രഭു
(സി) എം എൻ റോയ് (ഡി) പി സി റോയ്
33. സൂററ്റ് പിളർപ്പ് നടന്ന വർഷം
(എ) 1905 (ബി) 1907
(സി) 1906 (ഡി) 1903
34. 'പത്ത് സിദ്ധാന്തങ്ങൾ' ഏത് പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ബ്രഹ്മസമാജം (ബി) പ്രാർത്ഥനാസമാജം
(സി) ദേവസമാജം (ഡി) ആര്യസമാജം
35. തുഹ്ഫത്ത്-ഉൾ-മുവാഹിദ്ദീൻ (Gift to Monotheists) എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
(എ) രാജാറാം മോഹൻറോയ്
(ബി) സർ സയ്യിദ് അഹമ്മദ് ഖാൻ

(സി) വക്കം അബ്ദുൽഖാദർ മൗലവി
(ഡി) ദയാനന്ദ സരസ്വതി

36.'വേദഭാഷ്യ ഭൂമിക' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്
(എ) ആത്മാറാം പാണ്ഡുരംഗ്
(ബി) സ്വാമി ദയാനന്ദ സരസ്വതി
(സി) സ്വാമി വിവേകാനന്ദൻ
(ഡി) ദേവേന്ദ്രനാഥ ടാഗോർ

37. ഗാന്ധിജി ഡർബനിൽ സ്ഥാപിച്ച ആശ്രമം ഏതാണ്?



(എ) കൊച്ച്റാബ് ആശ്രമം (ബി) സബർമതി ആശ്രമം
(സി) ഫീനിക്സ് സെറ്റിൽമെന്റ്
(ഡി) ടോൾസ്റ്റോയ് ഫാം

38. 'വ്യക്തി സത്യാഗ്രഹം' എന്ന സമരമുറ ഗാന്ധിജി ആരംഭിച്ചത് ഏത് വർഷമാണ്?
(എ) 1920 (ബി) 1929
(സി) 1935 (ഡി) 1940

39. 'മൈ ലിറ്റിൽ ഡിക്റ്റേറ്റർ' എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത്
(എ) ആത്മകഥയെ
(ബി) അൺടു ദിസ് ലാസ്റ്റ് എന്ന ഗ്രന്ഥത്തെ
(സി) ഗാന്ധിജിയുടെ കണ്ണടയെ
(ഡി) തൂക്കു ഘടികാരത്തെ

40. "രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി കൊലമരം കയറുന്ന ആദ്യത്തെ മുസൽമാൻ ഞാനാണെന്നോർക്കുമ്പോൾ എനിക്ക് അഭിമാനം തോന്നുന്നു" - ആരുടെ വാക്കുകളാണിത്?
(എ) അഹമ്മദുള്ളഷാ
(ബി) മുഹമ്മദ് കാസിം നനൗതവി
(സി) മുഹമ്മദ് ഹസ്സൻ ദിയോബന്തി
(ഡി) അഷ്ഫാഖ് ഉല്ലാഖാൻ

41. 'ക്വായിദ്-ഇ-അസം' എന്നറിയപ്പെട്ടത് ആരാണ്?
(എ) മുഹമ്മദലി ജിന്ന (ബി) ഫിറോസ്ഷാ മേത്ത
(സി) ഭഗത്സിംഗ്
(ഡി) മൗലാനാ അബ്ദുൽകലാം ആസാദ്

42. ചുവടെപ്പറയുന്ന കൃതികൾ, ഗ്രന്ഥകർത്താക്കൾ എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക.

| | |
|---|---|
| A. ജീസസിന്റെ കൽപനകൾ | 1. സച്ചീന്ദ്രനാഥ് സന്യാൽ |
| B. ഇന്ത്യൻ അൺറസ്റ്റ് | 2. വാലന്റൈൻ ഷിറോൺ |
| C. ബന്ദീ ജീവൻ | 3. ബിപിൻചന്ദ്രപാൽ |
| D. സോൾ ഓഫ് ഇന്ത്യ | 4. രാജാറാം മോഹൻറോയ് |

(എ) A-1, B-2, C-4, D-3 (ബി) A-4, B-2, C-1, D-3
(സി) A-4, B-2, C-3, D-1 (ഡി) A-2, B-4, C-1, D-3

43. ഏത് അന്താരാഷ്ട്ര ഏജൻസിയുടെ ഭരണഘടനയാണ് 'കവനന്റ്' എന്നപേരിൽ അറിയപ്പെട്ടത്?
(എ) സർവ്വരാജ്യ സഖ്യം (ബി) ഐക്യരാഷ്ട്ര സംഘടന
(സി) സാർക്ക് (ഡി) ആസിയാൻ

44. ആംനെസ്റ്റി (Amnesty) എന്ന വാക്കിനർത്ഥം
(എ) പൊതു താൽപര്യ ഹർജി(ബി) കരുതൽ തടങ്കൽ
(സി) പൊതുമാപ്പ് (ഡി) പൊതുസേവനം

45. ചേരിചേരാ പ്രസ്ഥാനത്തിന്റെ ആദ്യ സമ്മേളനം (ബൽഗ്രേഡ് സമ്മേളനം) നടന്ന വർഷം
(എ) 1961 (ബി) 1953
(സി) 1951 (ഡി) 1955

46. ലോക ബൗദ്ധിക സ്വത്തവകാശ സംഘടന (World Intellectual Property Organization) നിലവിൽ വന്ന വർഷം?
(എ) 1967 (ബി) 1963
(സി) 1976 (ഡി) 1974

47. 'ഹസ്തലക്ഷണ ദീപിക' എന്ന ഗ്രന്ഥം അടിസ്ഥാനമാക്കിയിരിക്കുന്ന കലാരൂപം
(എ) കൂടിയാട്ടം (ബി) കഥകളി
(സി) ഭരതനാട്യം (ഡി) മോഹിനിയാട്ടം

48. യുനെസ്കോ ലോക പൈതൃക പട്ടികയിൽ ഇടംനേടിയ ആദ്യ ഭാരതീയ നൃത്തരൂപം?
(എ) കൂടിയാട്ടം (ബി) കുച്ചിപ്പുടി
(സി) കഥകളി (ഡി) ലുഡ്ഢി

49. 'ഹാർഡ്കോർട്ട്' എന്നറിയപ്പെടുന്നത്
(എ) യുഎസ് ഓപ്പൺ നടക്കുന്ന വേദി
(ബി) ഓസ്ട്രേലിയൻ ഓപ്പൺ നടക്കുന്ന വേദി
(സി) ഫ്രഞ്ച് ഓപ്പൺ നടക്കുന്ന വേദി
(ഡി) a, b എന്നിവ

50. 'ഗ്രാന്റ്സ്ലാം' കിരീടം നേടിയ ആദ്യ ഇന്ത്യൻ വനിത?
(എ) സാനിയമിർസ (ബി) നിരുപമസഞ്ജീവ്
(സി) അൻകിതറെയ്ന (ഡി) സുനിതറാവു

51. സമാധാന നൊബേൽ സമ്മാനം നേടിയ യുഎൻ സെക്രട്ടറി ജനറൽ?
(എ) ട്രിഗ്വേലി
(ബി) ബുട്രോസ് ബുട്രോസ് ഘാലി
(സി) കോഫി അന്നൻ
(ഡി) അന്റോണിയോ ഗുട്ടെറസ്

52. യുഎൻ സെക്രട്ടറി ജനറലിനെ തെരഞ്ഞെടുക്കുന്നത്
(എ) രക്ഷാസമിതിയുടെ ശുപാർശപ്രകാരം പൊതുസഭയാണ്
(ബി) നീതിന്യായ കോടതിയുടെ ശുപാർശപ്രകാരം അംഗരാഷ്ട്രങ്ങൾ
(സി) പൊതുസഭയുടെ ശുപാർശപ്രകാരം അംഗരാഷ്ട്രങ്ങളാണ്
(ഡി) പരിരക്ഷണ സമിതിയുടെ ശുപാർശപ്രകാരം പൊതുസഭയാണ്

53. അന്താരാഷ്ട്ര നീതിന്യായ കോടതിയിൽ ജഡ്ജിയായ ആദ്യ ഇന്ത്യക്കാരൻ?
(എ) ആർ എസ് പഥക്
(ബി) ജസ്റ്റിസ് ഭൽവീർ ഭണ്ഡാരി
(സി) ബി എൻ റാവു (ഡി) നാഗേന്ദ്രസിങ്

54. 'തേർഡ് വിൻഡോ' എന്നത് ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ലോകബാങ്ക്
(ബി) അന്താരാഷ്ട്ര നാണയനിധി
(സി) മൂന്നാം ലോക രാജ്യങ്ങൾ
(ഡി) ലോക വ്യാപാര സംഘടന

55. 'ദാരിദ്ര്യരഹിതമായ ഒരു ലോകത്തിനുവേണ്ടി' എന്നത് ഏത് ഏജൻസിയുടെ ആപ്തവാക്യമാണ്?
(എ) ഭക്ഷ്യ കാർഷിക സംഘടന (FAO)
(ബി) ഏഷ്യൻ വികസന ബാങ്ക്
(സി) ലോക ബാങ്ക് (ഡി) നീതി ആയോഗ്

56. ജനീവ ആസ്ഥാനമായ യുഎൻ ഏജൻസികൾ ചുവടെപ്പറയുന്നവയിൽ ഏതെല്ലാമാണ്?
1. ലോകാരോഗ്യ സംഘടന
2. അന്താരാഷ്ട്ര തൊഴിലാളി സംഘടന
3. അന്താരാഷ്ട്ര നാണയനിധി
4. ലോക വ്യാപാര സംഘടന
(എ) 1, 2, 4 എന്നിവ (ബി) 1, 3, 4 എന്നിവ
(സി) 2, 3, 4 എന്നിവ (ഡി) 1, 2, 3, 4 എന്നിവ

57. അന്താരാഷ്ട്ര നാണയനിധി (IMF) യുടെ കറൻസി ഏത് പേരിലാണ് അറിയപ്പെടുന്നത്?
(എ) ബിറ്റ് കോയിൻ (ബി) ക്രിപ്റ്റോ കറൻസി
(സി) യൂറോ
(ഡി) സ്പെഷ്യൽ ഡ്രോയിംഗ് റൈറ്റ്സ് (SDR)

58. 'സ്ഥല മണ്ഡലം', 'ശിലാമണ്ഡലം' എന്നീ പേരുകളിൽ അറിയപ്പെടുന്നത്?
(എ) ലിത്തോസ്ഫിയർ (ബി) അസ്തനോസ്ഫിയർ
(സി) ഭൂവൽക്കം (ഡി) മാന്റിൽ

59. ഭൂവൽക്കത്തിന്റെയും മാന്റിലിന്റെയും അതിർവരമ്പ്?
(എ) മൊഹോറോവിസിക് വിച്ഛിന്നത
(ബി) ഗുട്ടൻബർഗ് വിച്ഛിന്നത
(സി) ബാഹ്യ അകക്കാമ്പ് (outer core)
(ഡി) അന്തർ അകക്കാമ്പ്

60. പരൽ രൂപമില്ലാത്ത ശിലകൾക്ക് ഉദാഹരണം?
(എ) ഗ്രാനൈറ്റ് (ബി) ബസാൾട്ട്
(സി) ഡോളറൈറ്റ് (ഡി) സിൽസ്

61. രാസപ്രക്രിയമൂലം രൂപംകൊള്ളുന്ന ശിലകൾക്ക് ഉദാഹരണം
(എ) ഷെയ്ൽ, കളിമണ്ണ് (ബി) കൽക്കരി ചുണ്ണാമ്പുകല്ല്
(സി) ജിപ്സം, കല്ലുപ്പ് (ഡി) ചോക്ക്, മണൽ കല്ല്

62. കേരളത്തിൽ ഏറ്റവും കൂടുതൽ കാണുന്ന ശിലകളാണ്
(എ) ആഗ്നേയ ശിലകൾ (ബി) കായാന്തരിത ശിലകൾ
(സി) അവസാദ ശിലകൾ (ഡി) ബാഹ്യജാത ശിലകൾ

63. ദൈനംദിന കാലാവസ്ഥാ വ്യതിയാനത്തിന് കാരണമായ അന്തരീക്ഷ മണ്ഡലം
(എ) ട്രോപ്പോസ്ഫിയർ (ബി) തെർമോസ്ഫിയർ
(സി) സ്ട്രാറ്റോസ്ഫിയർ (ഡി) മിസോസ്ഫിയർ

64. അന്തരീക്ഷത്തിന്റെ ഏറ്റവും മുകളിലത്തെ പാളി
(എ) തെർമോസ്ഫിയർ (ബി) എക്സോസ്ഫിയർ
(സി) മിസോസ്ഫിയർ (ഡി) അയണോസ്ഫിയർ

65. ബംഗാളിൽ കാൽബൈശാഖി എന്നറിയപ്പെടുന്ന കാറ്റ്
(എ) മാംഗോഷവർ (ബി) നോർവെസ്റ്റർ
(സി) ചിനൂക്ക് (ഡി) ഫൊൻ

66. പർവ്വതക്കാറ്റ് വീശുന്നത് എപ്പോഴാണ്?
(എ) രാത്രി സമയം (ബി) പകൽ സമയം
(സി) മുഴുവൻ സമയവും(ഡി) വേലിയേറ്റ ദിവസങ്ങളിൽ

67. അലറുന്ന നാൽപതുകൾ (Roaring forties) എന്നറിയപ്പെടുന്നത് ദക്ഷിണാർദ്ധ ഗോളത്തിൽ വീശുന്ന ......
(എ) ധ്രുവീയ വാതങ്ങളാണ്
(ബി) പശ്ചിമ വാതങ്ങളാണ്
(സി) വാണിജ്യ വാതങ്ങളാണ്
(ഡി) കാലിക വാതങ്ങളാണ്

68. ഗ്രീനിച്ച്രേഖയും ഭൂമധ്യരേഖയും സംഗമിക്കുന്ന സമുദ്രം ഏതാണ്?
(എ) പസഫിക് സമുദ്രം (ബി) ഇന്ത്യൻ മഹാസമുദ്രം
(സി) ആർട്ടിക് സമുദ്രം (ഡി) അറ്റ്ലാന്റിക് സമുദ്രം

69. ജാവ, സുമാത്ര എന്നീ ഇൻഡോനേഷ്യൻ ദ്വീപുകൾ സ്ഥിതിചെയ്യുന്ന സമുദ്രം
(എ) ഇന്ത്യൻമഹാസമുദ്രം (ബി) പസഫിക് സമുദ്രം
(സി) ആർട്ടിക് സമുദ്രം (ഡി) അറ്റ്ലാന്റിക് സമുദ്രം

70. 'ഓപ്പറേഷൻ ഗംഭീർ' എന്നറിയപ്പെടുന്നത്
(എ) ഇന്തോനേഷ്യൻ സുനാമി ഓപ്പറേഷൻ
(ബി) ലത്തൂർ ഭൂകമ്പത്തെ തുടർന്നുള്ള നടപടികൾ
(സി) കാർഗിൽ ആർമി ഓപ്പറേഷൻ
(ഡി) അമേരിക്കൻ ടൊർനാഡോ ഓപ്പറേഷൻ

71. ഭൂപടത്തിലൂടെ ഒരു സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കാൻ സഹായിക്കുന്ന ഉപകരണം?
(എ) റോട്ടാ മീറ്റർ (ബി) പ്ലാനി മീറ്റർ
(സി) ഒപിസോ മീറ്റർ (ഡി) തീയോഡോ മീറ്റർ

72. വിക്രം സാരാഭായിയുടെ ജന്മദിനമാണ് ഇന്ത്യൻ റിമോട്ട് സെൻസിങ് (വിദൂര സംവേദനം) ദിനമായി ആചരിക്കുന്നത്. ആയത് ഏത് ദിവസമാണ്?
(എ) ആഗസ്റ്റ് 18 (ബി) സെപ്റ്റംബർ 8
(സി) ആഗസ്റ്റ് 12 (ഡി) സെപ്റ്റംബർ 2

73. ഭൂപടത്തിൽ വരയ്ക്കുന്ന സാങ്കൽപിക രേഖയായ 'ഐസോടോക്കുക'ളെ സംബന്ധിച്ച് ശരിയായ പ്രസ്താവന ഏതാണ്?
(എ) തുല്യ മൂടൽമഞ്ഞുള്ള മേഖലകളെ യോജിപ്പിച്ചുകൊണ്ട് വരയ്ക്കുന്ന രേഖകൾ
(ബി) ഒരേ തരത്തിൽ മഴ ലഭിക്കുന്ന സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ച് വരയ്ക്കുന്ന രേഖകൾ
(സി) തുല്യ സഞ്ചാരസമയം ഒരു പ്രത്യേക പോയിന്റിൽ രേഖപ്പെടുത്തുന്ന രേഖകൾ
(ഡി) കാറ്റിന് ഒരേ വേഗതയുള്ള പ്രദേശങ്ങളെ കൂട്ടി യോജിപ്പിച്ച് വരയ്ക്കുന്ന രേഖകൾ.

74. ഏഷ്യ, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളുടെ അതിർത്തിയായി കണക്കാക്കുന്ന പർവ്വത നിര?
(എ) യുറാൽ (ബി) കാരക്കോറം
(സി) ആരവല്ലി (ഡി) സത്പുര

75. മാലിദ്വീപിലെ പ്രധാന ഭാഷ ഏതാണ്?
(എ) ഇംഗ്ലീഷ് (ബി) ചൈനീസ്
(സി) ഫ്രഞ്ച് (ഡി) ദിവേഹി

76. 'നക്ഷത്രാങ്കിത പതാക' എന്നു തുടങ്ങുന്ന ദേശീയഗാനം ഏത് രാജ്യത്തിന്റേതാണ്?
(എ) കാനഡ (ബി) ജർമ്മനി
(സി) അമേരിക്ക (ഡി) ക്യൂബ

77. പക്ഷി ഭൂഖണ്ഡം എന്നറിയപ്പെടുന്നത്?
(എ) തെക്കേ അമേരിക്ക (ബി) യൂറോപ്പ്
(സി) അന്റാർട്ടിക്ക (ഡി) ഓസ്ട്രേലിയ

78. 'ദയാമിർ' എന്ന പ്രാദേശിക പേരിൽ അറിയപ്പെടുന്ന പർവ്വതം
(എ) മൗണ്ട് എവറസ്റ്റ് (ബി) കാഞ്ചൻ ജംഗ
(സി) നംഗ പർവ്വതം (ഡി) മൗണ്ട് k2

79. ലുഷായി കുന്നുകൾ സ്ഥിതിചെയ്യുന്ന സംസ്ഥാനം
(എ) മിസോറാം (ബി) മണിപ്പൂർ
(സി) നാഗാലാന്റ് (ഡി) ആസാം

80. ബോർഘട്ട്, താൽഘട്ട് എന്നീ ചുരങ്ങൾ സ്ഥിതിചെയ്യുന്ന പർവ്വതനിര ഏതാണ്?
(എ) പൂർവ്വ ഘട്ടം (ബി) പശ്ചിമ ഘട്ടം
(സി) ആരവല്ലി (ഡി) വിന്ധ്യാ-സത്പുര

81. ജമ്മു കാശ്മീരിലെ ഉറി പവർ പ്രോജക്ട് സ്ഥിതിചെയ്യു



ന്ന നദി
(എ) രവി (ബി) ചിനാബ്
(സി) ഝലം (ഡി) ചമ്പൽ

82. 'വാല്മീകി ദേശീയോദ്യാനം' സ്ഥിതിചെയ്യുന്നത് ഏത് നദിയുടെ സമീപത്താണ്?
(എ) ഗന്ധകി (ബി) മേഘ്ന
(സി) രാംഗംഗ (ഡി) ഗാഘ്ര

83. താമ്രഭരണി നദിയുടെ പതനസ്ഥാനം
(എ) ബംഗാൾ ഉൾക്കടൽ (ബി) അറബിക്കടൽ
(സി) ചെങ്കടൽ (ഡി) മാന്നാർ ഉൾക്കടൽ

84. ഒറീസയിലെ ബിർമിത്രാപൂർ എന്ന സ്ഥലം പ്രസിദ്ധമായത് ഏതിന്റെ ഉൽപാദനത്തിലാണ്?
(എ) ഇരുമ്പയിര് (ബി) ക്രോമൈറ്റ്

(സി) മാംഗനീസ് (ഡി) ഡോളമൈറ്റ്

85. ധൈത്രി സ്റ്റീൽ പ്ലാന്റ് സ്ഥിതിചെയ്യുന്നത്
(എ) രത്നഗിരി (മഹാരാഷ്ട്ര)
(ബി) കലിംഗ നഗർ (ഒഡീഷ)
(സി) പാരദീപ് (ഒഡീഷ) (ഡി) ജാർഖണ്ഡ്

86. കസ്തൂരിരംഗൻ റിപ്പോർട്ടിലെ ഭേദഗതികൾ പരിശോധിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച കമ്മിറ്റി?
(എ) ഗാഡ്ഗിൽ കമ്മിറ്റി (ബി) സ്വാമിനാഥൻ കമ്മിറ്റി
(സി) ഉമ്മൻ വി ഉമ്മൻ കമ്മിറ്റി
(ഡി) അശോക് മേത്ത കമ്മിറ്റി

87. കേരളത്തിലെ ആദ്യത്തെ സീപ്ലെയിൻ സർവ്വീസ് ആരംഭിച്ച കായൽ?



(എ) അഷ്ടമുടി കായൽ (ബി) പുന്നമട കായൽ
(സി) ശാസ്താംകോട്ട കായൽ (ഡി) കഠിനംകുളം കായൽ

88. മൗലികാവകാശങ്ങളുടെ സംരക്ഷകൻ എന്ന് വിശേഷിപ്പിക്കുന്നത്?
(എ) പ്രസിഡന്റ് (ബി)പാർലമെന്റ്
(സി) കോടതി (ഡി) ഭരണഘടന

89. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം നിലനിന്ന ദേശീയ അടിയന്തിരാവസ്ഥ ഏതാണ്?
(എ) രണ്ടാമത്തേത് (ബി) ഒന്നാമത്തേത്
(സി) മൂന്നാമത്തേത് (ഡി) ഇവയൊന്നുമല്ല

90. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 356 പ്രകാരം രാഷ്ട്രപതി ഭരണം ഏർപ്പെടുത്തപ്പെട്ട ആദ്യ സംസ്ഥാനം
(എ) തമിഴ്നാട് (ബി) പഞ്ചാബ്
(സി) കേരളം (ഡി) മണിപ്പൂർ

91. രാഷ്ട്രപതി സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചാൽ പാർലമെന്റിന്റെ അംഗീകാരം ലഭിച്ചിരിക്കേണ്ട കാലയളവ്
(എ) 3 മാസത്തിനുള്ളിൽ (ബി) 6 മാസത്തിനുള്ളിൽ
(സി) 2 മാസത്തിനുള്ളിൽ (ഡി) പ്രത്യേകകാലയളവില്ല

92. ദേശീയ പിന്നാക്ക വിഭാഗ കമ്മീഷനിൽ ചെയർമാൻ ഉൾപ്പെടെയുള്ള അംഗങ്ങളുടെ എണ്ണം എത്രയാണ്?
(എ) 3 (ബി) 5
(സി) 6 (ഡി) 9

93. ചുവടെപ്പറയുന്നവയിൽ ഇന്ത്യൻ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിഷയങ്ങൾ ഏതെല്ലാമാണ്?
1. വിദ്യാഭ്യാസം 2. ഗതാഗതം
3. വിദേശകാര്യം 4. സാമ്പത്തികാസൂത്രണം
(എ) 1, 3 എന്നിവ (ബി) 1,2 എന്നിവ
(സി) 2, 3 എന്നിവ (ഡി) 1, 4 എന്നിവ

94. ഇംപീരിയൽ ബാങ്ക് ഓഫ് ഇന്ത്യ നിലവിൽവന്ന വർഷം?
(എ) 1955 (ബി) 1935
(സി) 1921 (ഡി) 1969

95. ഇന്ത്യൻ രൂപ അംഗീകൃത കറൻസിയായിട്ടുള്ള രാജ്യങ്ങൾ ഏതെല്ലാമാണ്?
(എ) ഭൂട്ടാൻ, മ്യാൻമർ
(ബി) നേപ്പാൾ, അഫ്ഗാനിസ്ഥാൻ
(സി) ചൈന, നേപ്പാൾ (ഡി) ഭൂട്ടാൻ, നേപ്പാൾ

96. സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (SEBI) നിലവിലെ ചെയർമാൻ ആരാണ്?
(എ) യു കെ സിൻഹ (ബി) അജയ് ത്യാഗി
(സി) എം ദാമോദരൻ (ഡി)സി ബി ബാവെ

97. 'ഡീബഗ്ഗിംഗ്' എന്നിയപ്പെടുന്നത്?
(എ) കമ്പ്യൂട്ടർ വൈറസുകളെ നീക്കംചെയ്യുന്ന പ്രക്രിയ
(ബി) കമ്പ്യൂട്ടർ ഹാർഡ്‌വെയറിന്റെ തകരാറുകൾ പരിഹരിക്കുന്ന പ്രക്രിയ
(സി) കമ്പ്യൂട്ടറിൽ നൂതന സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്യുന്ന പ്രക്രിയ
(ഡി) കമ്പ്യൂട്ടർ പ്രോഗ്രാമുകളിൽ വരുന്ന തെറ്റുകളെ നീക്കംചെയ്യുന്ന പ്രക്രിയ

98. ഹാർഡ് ഡിസ്ക്കുകളുടെ സംഭരണശേഷി അളക്കാൻ ഉപയോഗിക്കുന്ന യൂണിറ്റ്?
(എ) മെഗാബൈറ്റ് (ബി) ജിഗാബൈറ്റ്
(സി) ടെറാബൈറ്റ് (ഡി) മേൽപ്പറഞ്ഞവയെല്ലാം

99. കമ്പ്യൂട്ടർ കീബോർഡിലെ ഏറ്റവും വലിയ കീ ഏതാണ്?
(എ) ലെറ്റേഴ്സ് കീ (ബി) ക്യാപ്സ് ലോക്ക് കീ
(സി) സ്പെയ്സ്ബാർ കീ (ഡി) എസ്കേപ്പ് കീ

100. വിവരണാത്മക പരീക്ഷകളിൽ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുവാനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത സാങ്കേതിക സംവിധാനം അറിയപ്പെടുന്നത്............ എന്ന പേരിലാണ്
(എ) ഒ എം ആർ
(ബി) ഓഫ് സ്ക്രീൻ മാർക്കിങ്
(സി) ഓൺ സ്ക്രീൻ മാർക്കിങ്
(ഡി) ഇന്റർനെറ്റ് ബേസ്ഡ് മാർക്കിങ്

101. നവകേരള മിഷനോട് അനുബന്ധിച്ച് കേരള സർക്കാർ ആരംഭിച്ച വികസനപദ്ധതികൾ ഏതെല്ലാമാണ്?
1. ആർദ്രം 2. കുടുംബശ്രീ
3. ലൈഫ് 4. ഹരിതകേരളം
(എ) 1, 2 എന്നിവ (ബി) 2, 3 എന്നിവ
(സി) 2, 4 എന്നിവ (ഡി) 1, 3, 4 എന്നിവ

102. മനുഷ്യരിൽ മധ്യകർണ്ണത്തിൽ ചുറ്റികയുടെ ആകൃതിയിൽ കാണപ്പെടുന്ന അസ്ഥിയാണ്?
(എ) മാലിയസ് (ബി) സ്റ്റേപിസ്
(സി) ഇൻകസ് (ഡി) പെൽവിസ്

103. ചുവടെപ്പറയുന്നവയിൽ സെറിബെല്ലത്തിന്റെ ധർമം അല്ലാത്തത്?
(എ) ശരീരത്തിന്റെ തുലനാവസ്ഥ നിലനിർത്തുന്നു
(ബി) ഐച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു
(സി) ലിറ്റിൽ ബ്രയിൻ എന്നറിയപ്പെടുന്ന ഭാഗം
(ഡി) പേശീപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന മസ്തിഷ്കഭാഗം

104. കാത്സ്യത്തിന്റെ അഭാവംമൂലം ഉണ്ടാകുന്ന രോഗം ഏതാണ്?
(എ) ടെറ്റനസ് (ബി) ഓസ്റ്റിയോപോറോസിസ്
(സി) ടെറ്റനി (ഡി) ബി, സി എന്നിവ

105. വന്ധ്യതയ്ക്ക് കാരണമായേക്കാവുന്നത് ഏത് വൈറ്റമിന്റെ അഭാവമാണ്?
(എ) വൈറ്റമിൻ K (ബി) വൈറ്റമിൻ $B_9$
(സി) വൈറ്റമിൻ E (ഡി) വൈറ്റമിൻ $B_3$

106. കാലാഅസർ എന്ന രോഗത്തിന് കാരണമാകുന്നത്?
(എ) ഈഡിസ് കൊതുക്
(ബി) ക്യൂലക്സ് പെൺകൊതുകുകൾ
(സി) സെ സെ ഫ്ളൈ
(ഡി) സാൻഡ് ഫ്ളൈ

107. ക്ലോറോമൈസെറ്റിൻ ഉപയോഗിക്കുന്നത് ഏത് രോഗത്തിന്റെ ചികിത്സയ്ക്കാണ്?
(എ) ടൈഫോയ്ഡ് (ബി) മന്ത്
(സി) മലേറിയ (ഡി) എയ്ഡ്സ്

108. എയ്ഡ്സ് രോഗ നിർണയ പരിശോധനകളിൽ ഉൾപ്പെടാത്തത് ഏതാണ്?
(എ) ഹിസ്റ്റാമിൻ ടെസ്റ്റ് (ബി) എലിസ ടെസ്റ്റ്
(സി) നേവ ടെസ്റ്റ് (ഡി) വെസ്റ്റേൺ ബ്ലോട്ട് ടെസ്റ്റ്

109. ഭാരതീയ സുഗന്ധവിള ഗവേഷണകേന്ദ്രം സ്ഥിതി ചെയ്യുന്നത്?
(എ) ഇടുക്കി (ബി) വയനാട്
(സി) കോഴിക്കോട് (ഡി) കണ്ണൂർ

110. പ്രതിധ്വനി (echo) ഉണ്ടാക്കുവാനാവശ്യമായ ദൂരപരിധി എത്രയാണ്?
(എ) 10 മീറ്റർ (ബി) 17 മീറ്റർ
(സി) 12 മീറ്റർ (ഡി) 25 മീറ്റർ

111. ഭൂമി എന്നർഥം വരുന്ന പേരുള്ള മൂലകം?
(എ) ടെല്ല്യൂറിയം (ബി) സെലിനിയം
(സി) ഫെർമിയം (ഡി) ടൈറ്റാനിയം

112. 'ബ്രൈൻ' എന്നറിയപ്പെടുന്നത് ഏത് ലായനിയാണ്?
(എ) സോഡിയം നൈട്രേറ്റ്
(ബി) സോഡിയം ക്ലോറൈഡ് ലായനി
(സി) സോഡിയം തയോസൾഫേറ്റ് ലായനി
(ഡി) സോഡിയം കാർബണേറ്റ് ലായനി

113. ജലത്തിന്റെ സ്ഥിരകാഠിന്യം ഇല്ലാതാക്കാനുള്ള മാർഗങ്ങൾ എന്തെല്ലാമാണ്?
1. തിളപ്പിക്കുക 2. വാഷിങ് സോഡ ചേർക്കുക
3. ലൈം ചേർക്കുക 4. ഡിസ്റ്റിലേഷൻ ചെയ്യുക
(എ) 1, 2 എന്നിവ (ബി) 1, 4 എന്നിവ
(സി) 2, 3 എന്നിവ (ഡി) 2, 4 എന്നിവ

114. ഫ്രാഷ് (Frasch) പ്രക്രിയ എന്നറിയപ്പെടുന്നത്
(എ) സൾഫറിന്റെ നിർമാണ പ്രക്രിയയാണ്
(ബി) മഗ്നീഷ്യം വേർതിരിച്ചെടുക്കുന്ന പ്രക്രിയയാണ്
(സി) സോഡിയം വേർതിരിച്ചെടുക്കുന്ന പ്രക്രിയയാണ്
(ഡി) ഉരുക്കിന്റെ വ്യാവസായികോൽപ്പാദനമാണ്

115. 'ടക്സ്' എന്ന പെൻഗ്വിൻ ഏത് ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ ലോഗോയാണ്?
(എ) ഉബുണ്ടു (ബി) ലിനക്സ്
(സി) യുനിക്സ് (ഡി) വിൻഡോസ്

116. കമ്പ്യൂട്ടർ ഭാഷയായ ജാവ വികസിപ്പിച്ചെടുത്ത സ്ഥാപനം ഏതാണ്?
(എ) മൈക്രോസോഫ്റ്റ്
(ബി) ഇന്റൽ
(സി) സൺ മൈക്രോ സിസ്റ്റം
(ഡി) ആൾഫ മൈക്രോ സിസ്റ്റം

117. TCP എന്നതിന്റെ പൂർണരൂപം
(എ) ട്രാൻസ്ഫർ കൺട്രോൾ പ്രോഗ്രാം
(ബി) ട്രാൻസ്ഫർ കണക്ടീവ് പ്രോട്ടോക്കോൾ
(സി) ട്രാൻസ്മിഷൻ കാപബിൾ പ്രോഗ്രാംസ്
(ഡി) ട്രാൻസ്മിഷൻ കൺട്രോൾ പ്രോട്ടോക്കോൾ

118. 'ഹാക്കിങ്ങി'നെക്കുറിച്ച് പരാമർശിക്കുന്ന ഐടി ആക്ട് സെക്ഷൻ ഏതാണ്?
(എ) സെക്ഷൻ 65 (ബി) സെക്ഷൻ 66 C
(സി) സെക്ഷൻ 67 A (ഡി) സെക്ഷൻ 66

119. 'Don't be evil' എന്നത് ഏതിന്റെ ആപ്തവാക്യമാണ്?
(എ) ഗൂഗിൾ (ബി) വിപ്രോ
(സി) മൈക്രോസോഫ്റ്റ്(ഡി) ഇൻഫോസിസ്

120. ഇന്ത്യയിലെ ആദ്യ സൈബർ പോസ്റ്റോഫീസ് സ്ഥിതി ചെയ്യുന്നത്?
(എ) ത്രിപുര (ബി) ബാംഗ്ലൂർ
(സി) മുംബൈ (ഡി) ചെന്നൈ

121. കംപ്യൂട്ടറിൽ മറ്റ് ഉപഭോക്താക്കളുടെ ഫയലുകളും ഡേറ്റയും അവരറിയാതെ വായിക്കുന്ന പ്രക്രിയയാണ്
(എ) ഫിഷിങ് (ബി) സ്നൂപിംഗ്
(സി) ഹാക്കിങ് (ഡി) സൈബർ സ്ക്വാട്ടിങ്

122. 'സൈക്ലോൺ' എന്നത് ഏത് ഭാഷയിലെ പദമാണ്?
(എ) ഗ്രീക്ക് (ബി) ലാറ്റിൻ
(സി) ഫ്രഞ്ച് (ഡി) ജർമൻ

123. 'ബാഫിൻ' ദ്വീപ് സ്ഥിതി ചെയ്യുന്നത് ഏത് സമുദ്രത്തി



ലാണ്?
(എ) ഇന്ത്യൻ മഹാസമുദ്രം(ബി) ഉത്തര അറ്റ്ലാന്റിക്
(സി) ആർട്ടിക് സമുദ്രം (ഡി) പസഫിക് സമുദ്രം

124. നോക്ടിലുസന്റ് മേഘങ്ങൾ കാണപ്പെടുന്ന അന്തരീക്ഷ പാളി?
(എ) ട്രോപ്പോസ്ഫിയർ (ബി) തെർമോസ്ഫിയർ
(സി) മീസോസ്ഫിയർ (ഡി) സ്ട്രാറ്റോസ്ഫിയർ

125. നിഫെ (NIFE) എന്നറിയപ്പെടുന്ന ഭൂമിയുടെ ഭാഗം
(എ) അകക്കാമ്പ് (Core) (ബി) ബഹിരാവരണം (Mantle)
(സി) ഭൂവൽക്കം (Crust) (ഡി) ഇവയൊന്നുമല്ല

## ഉത്തരങ്ങൾ

1 (എ), 2 (ബി), 3 (ഡി), 4 (സി), 5 (എ), 6 (ബി), 7 (ഡി), 8 (ഡി), 9 (ബി), 10 (ബി), 11 (ബി), 12 (ബി), 13 (ഡി), 14 (ഡി), 15 (എ), 16 (ബി), 17 (എ), 18 (ബി), 19 (സി), 20 (എ), 21 (ബി), 22 (ഡി), 23 (സി), 24 (ബി), 25 (സി), 26 (എ), 27 (ബി), 28 (എ), 29 (ഡി), 30 (സി), 31 (എ), 32 (ഡി), 33 (ബി), 34 (ഡി), 35 (എ), 36 (ബി), 37 (സി), 38 (ഡി), 39 (ഡി), 40 (ഡി), 41 (എ), 42 (ബി), 43 (എ), 44 (സി), 45 (എ), 46 (എ), 47 (ബി), 48 (എ), 49 (ഡി), 50 (എ) 51 (സി), 52 (എ), 53 (സി), 54 (എ), 55 (സി), 56 (എ), 57 (ഡി), 58 (എ), 59 (എ), 60 (ബി), 61 (സി), 62 (ബി), 63 (എ), 64 (ബി), 65 (ബി), 66 (എ), 67 (ബി), 68 (ഡി), 69 (എ), 70 (എ), 71 (ബി), 72 (സി), 73 (ഡി), 74 (എ), 75 (ഡി), 76 (സി), 77 (എ), 78 (സി), 79 (എ), 80 (ബി), 81 (സി), 82 (എ), 83 (ഡി), 84 (ഡി), 85 (സി), 86 (സി), 87 (എ), 88 (സി), 89 (എ), 90 (സി), 91 (സി), 92 (ബി), 93 (ഡി), 94 (സി), 95 (ഡി), 96 (ബി), 97 (ഡി), 98 (ഡി), 99 (സി), 100 (സി) 101 (ഡി), 102 (എ), 103 (ബി), 104 (ഡി), 105 (സി), 106 (ഡി), 107 (എ), 108 (എ), 109 (സി), 110 (ബി), 111 (എ), 112 (ബി), 113 (ഡി), 114 (എ), 115 (ബി), 116 (സി), 117 (ഡി), 118 (ഡി), 119 (എ), 120 (ഡി), 121 (ബി), 122 (എ), 123 (ബി), 124 (സി), 125 (എ)

# കേരള നവോത്ഥാന ശില്പികൾ

## തൈക്കാട് അയ്യ (1814-1909)

തൈക്കാട് അയ്യയുടെ യഥാർഥ പേര് സുബ്ബരായൻ എന്നായിരുന്നു. വെള്ളാള സമുദായത്തിലായിരുന്നു ജനനം. പിതാവ് മുത്തുകുമാരൻ. മാതാവ് രുക്മിണി അമ്മാൾ. തമിഴ്നാട്ടിലെ നകലപുരത്ത് 1814 ലാണ് സുബ്ബരായൻ ജനിച്ചത്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മലബാറിൽനിന്ന് തമിഴ്നാട്ടിലേക്ക് താമസം മാറ്റിയവരാണ് അദ്ദേഹത്തിന്റെ പൂർവികർ. സുബ്രമണ്യനായിരുന്നു അവരുടെ കുടുംബ ദേവത.



കുടുംബജീവിതം നയിച്ചിരുന്ന ഒരു യോഗിയായിരുന്നു തൈക്കാട് അയ്യ. അദ്ദേഹം പത്തൊൻപതാം നൂറ്റാണ്ടിൽ പന്തീഭോജനം ആരംഭിച്ചു. മഹാത്മാഗാന്ധി പന്തീഭോജനത്തെക്കുറിച്ച് ചിന്തിക്കുംമുമ്പാണിത്. ഏതൊരു യോഗിക്കും വിഗ്രഹ പ്രതിഷ്ഠ നടത്താനാവുമെന്ന അദ്ദേഹത്തിന്റെ വാദഗതിയാണ് അരുവിപ്പുറത്ത് ശിവ പ്രതിഷ്ഠ നടത്താൻ ശ്രീനാരായണഗുരുവിന് പ്രചോദനമായത്.ശ്രീനാരായണഗുരുവിന് മാത്രമല്ല, ചട്ടമ്പിസ്വാമികൾക്കും അയ്യങ്കാളിക്കും മാർഗദർശിയായിരുന്നു അയ്യ. ഇന്ത ഉലകിലേ ഒരേ ഒരു ജാതി താൻ, ഒരേ ഒരു മതം താൻ, ഒരേ ഒരു കടവുൾ താൻ എന്ന തൈക്കാട് അയ്യയുടെ വചനത്തിന്റെ മലയാള പരിഭാഷയായ ഒരു ജാതി ഒരു മതം ഒരു ദൈവം പ്രസിദ്ധമാക്കിയത് ശ്രീനാരായണഗുരുവാണ്.

പന്ത്രണ്ടാം വയസ്സിലാണ് സുബ്ബരായൻ ആത്മീയമാർഗം സ്വീകരിച്ചത്. പതിനാറാം വയസ്സിൽ അദ്ദേഹം ഗുരുക്കൻമാരൊടൊപ്പം ബർമ, സിംഗപ്പൂർ, പെനാംഗ്, ആഫ്രിക്ക എന്നിവിടങ്ങളിൽ പോയി. ഈ കാലയളവിൽ അദ്ദേഹം യോഗവിദ്യയിൽ അതീവ നൈപുണ്യം കൈവരിച്ചു. മൂന്നുവർഷത്തിനുശേഷം തിരികെയെത്തിയ അദ്ദേഹം യോഗ പരിശീലനം തുടർന്നു. ക്രമേണ അദ്ദേഹം അഷ്ടസിദ്ധി എന്ന വിദ്യയും സ്വായത്തമാക്കി. ഇരുപത്തിയേഴ് വയസ്സുള്ളപ്പോൾ ഗുരുവിന്റെ നിർദ്ദേശപ്രകാരം അദ്ദേഹം കൊടുങ്ങല്ലൂർ ദേവിക്ഷേത്രം സന്ദർശിച്ചു. അവിടെനിന്ന് തിരുവിതാംകൂർ സന്ദർശനത്തിനുപോയി. തിരുവനന്തപുരത്ത് തൈക്കാട് എന്ന സ്ഥലത്തുവച്ച് ദേവി പൂർണസ്വരൂപത്തിൽ അദ്ദേഹത്തിന് പ്രത്യക്ഷയായി. ശിഷ്ടകാലം അവിടെ കഴിയാൻ അദ്ദേഹം തീരുമാനിച്ചു.

അയ്യയുടെ ആത്മീയ പ്രഭാവത്തെക്കുറിച്ചറിഞ്ഞ് തിരുവിതാംകൂർ മഹാരാജാവ് സ്വാതി തിരുനാൾ കൊട്ടാരത്തിലേക്ക് അദ്ദേഹത്തെ ക്ഷണിക്കുകയും ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. നാഗർകോവിലിലെ സ്വാമിതോപ്പിലുള്ള ശ്രീവൈകുണ്ഠപാദരെയും തൈക്കാട് അയ്യ സന്ദർശിച്ചു. തന്റെ പിതാവ് കാശിക്കുപോയപ്പോൾ അയ്യയ്ക്ക് കുടുംബത്തെ സംരക്ഷിക്കേണ്ട ചുമതല വന്നുചേർന്നു. ഗുരുവിന്റെ നിർദ്ദേശപ്രകാരം കൊല്ലം സ്വദേശിനിയായ കമലമ്മാളെ അദ്ദേഹം വിവാഹം കഴിച്ചു. അവർക്ക് മൂന്ന് ആൺമക്കളും രണ്ടു പെൺമക്കളും ജനിച്ചു. കുടുംബജീവിതത്തിൽ കഴിയുമ്പോഴും അയ്യ ആത്മീയ പ്രവർത്തനങ്ങൾ തുടർന്നു. അദ്ദേഹത്തിന്റെ ശിഷ്യരിൽ നാനാജാതി മതസ്ഥർ ഉണ്ടായിരുന്നു. ചെന്നൈയിലെ പട്ടാള ക്യാമ്പിലേക്ക് സാധനങ്ങൾ കൊടുക്കുന്ന ജോലി നിർവഹിച്ചിരുന്നു. ഇത് മെസ് സെക്രട്ടറി മക്ഗ്രിഗറുമായുള്ള പരിചയത്തിനിടയാക്കി. അദ്ദേഹം അയ്യയിൽനിന്ന് തമിഴും യോഗയും പഠിച്ചു.

ആയില്യം തിരുനാൾ രാജാവിന്റെ കാലത്ത് മക്ഗ്രിഗർ തിരുവിതാംകൂറിലേക്കുള്ള റഡിഡന്റായി നിയമിതനായി. മക്ഗ്രിഗർ അയ്യയെ തൈക്കാട് റസിഡൻസിയുടെ മാനേജരായി നിയമിച്ചു. 1873 മുതൽ 1909 ൽ സമാധിയാകുംവരെ അയ്യ ആ പദവിയിൽ തുടർന്നു. സഹപ്രവർത്തകർ അദ്ദേഹത്തെ ബഹുമാനപുരസ്സരം സൂപ്രണ്ട് അയ്യ എന്നു വിളിച്ചു. പേട്ടയിലെ ജ്ഞാനപ്രകാശിക സഭയിൽ അയ്യ യോഗ, വേദാന്തം തുടങ്ങിയ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തിയിരുന്നു. തിരുവനന്തപുരത്തെ സാമൂഹിക, ആത്മീയ മേഖലകളിലെ പ്രമുഖർ അദ്ദേഹവുമായി ബന്ധം പുലർത്തിയിരുന്നു. തിരുവിതാംകൂറിലെ ആദ്യത്തെ ബിരുദാനന്തര ബിരുദധാരിയായ മനോൻമണിയം സുന്ദരൻപിള്ളയുടെ സഹായത്തോടെ തിരുവനന്തപുരത്ത് ശൈവപ്രകാശിക സഭ സ്ഥാപിച്ചു.1909 ൽ തൈക്കാട് അയ്യ സമാധിയായി. 1943-ലാണ് തൈക്കാട് അയ്യയുടെ സ്മരണാർഥം തിരുവനന്തപുരത്ത് തൈക്കാട് അയ്യാ സ്വാമി ക്ഷേത്രം സ്ഥാപിച്ചത്. ശിവനാണ് ഈ അമ്പലത്തിലെ പ്രതിഷ്ഠ.

## ആറാട്ടുപുഴ വേലായുധപ്പണിക്കർ (1825-1874)

കല്ലിശ്ശേരിയിൽ വേലായുധ ചേകവർ എന്ന് യഥാർഥനാമമുള്ള ആറാട്ടുപുഴ വേലായുധപ്പണിക്കർ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ ആറാട്ടുപുഴയിൽ 1825-ൽ ജനിച്ചു. കളരിപ്പയറ്റ്, ആയുർവേദം, ജ്യോതിഷം എന്നിവയിൽ നിപുണരായിരുന്നു അദ്ദേഹത്തിന്റെ പൂർവികർ.

ബാല്യത്തിൽത്തന്നെ അച്ഛനമ്മമാരെ നഷ്ടപ്പെട്ട വേലായുധപ്പണിക്കർക്ക് കളരിയുടെയും സംസ്കൃതത്തിന്റെയും പാഠങ്ങൾ പകർന്നുകൊടുത്തത് മുത്തച്ഛനായിരുന്നു. താഴ്ന്ന ജാതിക്കാരെ ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുവദിക്കാതിരുന്ന അക്കാലത്ത് മംഗലത്ത് എന്ന സ്ഥലത്ത് പണിക്കരുടെ നേതൃത്വത്തിൽ ഒരു ക്ഷേത്രം നിർമിക്കുകയും അവിടെ ശിവപ്രതിഷ്ഠ നടത്തുകയും ചെയ്തു (1852).1853-ൽ തണ്ണീർമുക്കം ചെറുവാരണം കരയിൽ രണ്ടാമത്തെ അവർണ ശിവക്ഷേത്രം സ്ഥാപിക്കപ്പെട്ടു. സവർണർ ഇതിനെതിരെ ശക്തമായി പ്രതിഷേധിച്ചു. ക്ഷേത്രാചാരവിധികൾ പഠിക്കാനായി അദ്ദേഹം ഗോവയിൽ പോയിരുന്നു.



അച്ചിപ്പുടവ സമരത്തിന് നേതൃത്വം നൽകിയത് വേലായുധപ്പണിക്കരാണ്. അക്കാലത്ത് സവർണർക്കുമാത്രമേ മനോഹരമായ വസ്ത്രങ്ങൾ ധരിക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ. സവർണസ്ത്രീകൾ ധരിക്കുന്ന കണങ്കാൽവരെ എത്തുന്ന ഇരട്ടത്തുണി അറിയപ്പെട്ടിരുന്നത് അച്ചിപ്പുടവ എന്നാണ്. കായംകുളത്തിനടുത്ത് പന്നിയൂരിൽ അച്ചിപ്പുടവ ഉടുത്തുനടന്ന ഒരു ഈഴവയുവതിയുടെ പുടവ സവർണർ വലിച്ചുകീറിക്കളഞ്ഞു. ഇതറിഞ്ഞ പണിക്കർ ഏതാനും ഈഴവയുവതികളെ അച്ചിപ്പുടവ ഉടുപ്പിച്ച് പന്നിയൂരിൽ പരേഡ് ചെയ്യിച്ചു. തുടർന്ന് എല്ലാ സ്ത്രീകൾക്കും മാന്യമായ വസ്ത്രം ധരിക്കുന്നതിനുള്ള അവകാശത്തിനായി പണിക്കർ ആറാട്ടുപുഴയിലും പരിസരത്തും പണിമുടക്ക് നടത്തി. കൃഷിയടക്കമുള്ള ജോലികളിൽനിന്ന് ഈഴവരടക്കമുള്ള പിന്നാക്കജാതിക്കാർ മാറിനിന്നു. കാര്യങ്ങൾ പന്തിയല്ലെന്നുകണ്ട സവർണർ ഒത്തുതീർപ്പിനു തയ്യാറാവുകയും ആ പ്രദേശങ്ങളിലെ സ്ത്രീകൾക്ക് അച്ചിപ്പുടവ ഉടുക്കാൻ അവസരം ലഭിക്കുകയും ചെയ്തു.

വേലായുധപ്പണിക്കർക്ക് കഥകളി വളരെ ഇഷ്ടമായിരുന്നു. അക്കാലത്ത് അവർണരെ കഥകളി കാണുന്നതിനോ പരിശീലിക്കുന്നതിനോ അനുവദിച്ചിരുന്നില്ല. ക്ഷേത്രകലയായ കഥകളിയെ താൻ സ്ഥാപിച്ച മംഗലം ക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ പരിശീലിപ്പിക്കാൻ പണിക്കർ തീരുമാനിച്ചു. കഥകളി വിദഗ്ധനും തന്റെ കൂട്ടുകാരനുമായ അമ്പലപ്പുഴ മാധവക്കുറുപ്പിന്റെ സഹായത്തോടെ ഈഴവയുവാക്കളെ പരിശീലിപ്പിച്ച് അരങ്ങേറ്റം നടത്തി. ഇത് സവർണമേൽക്കോയ്മയ്ക്കേറ്റ കനത്ത അടിയായി. അവർ ദിവാന് പരാതി നൽകി. പണിക്കരുടെ വാദങ്ങൾ അംഗീകരിക്കപ്പെടുകയും അവർക്കും കഥകളി അവതരിപ്പിക്കാൻ അനുമതി ലഭിക്കുകയും ചെയ്തു. അവർണ സ്ത്രീകൾക്ക് അക്കാലത്ത് സ്വർണാഭരണങ്ങളണിയാൻ അവകാശമുണ്ടായിരുന്നില്ല. പന്തളത്ത് ഒരു അവർണയുവതി പൊന്നിൻ മൂക്കുത്തി ധരിച്ച് ചന്തയിൽ എത്തി. ഇതുകണ്ട സവർണപ്രമാണിമാർ മൂക്കുത്തി വലിച്ചുപറിച്ചുകളഞ്ഞു. ഇതറിഞ്ഞ വേലായുധപ്പണിക്കർ അടുത്തദിവസം സ്വർണമൂക്കുത്തികളുമായി പന്തളം ചന്തയിലെത്തി അവർണയുവതികളെ വിളിച്ചുകൂട്ടി മൂക്കുത്തി ധരിക്കാൻ ആവശ്യപ്പെട്ടു. അവർ മൂക്കിൽ ധരിച്ചിരുന്ന ഈർക്കിലും പിച്ചളക്കമ്പികളും മാറ്റി പൊൻമൂക്കുത്തി ധരിച്ചു. അവ പറിച്ചെടുത്തു കളയാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ എന്ന് പണിക്കർ വെല്ലുവിളിച്ചു. ആരും മുന്നോട്ടുവന്നില്ല.

ആറാട്ടുപുഴയിൽ ഒരു സ്കൂളും വായനശാലയും അദ്ദേഹം സ്ഥാപിച്ചു. ഇപ്രകാരം ജാതിവ്യവസ്ഥയ്ക്കെതിരെ പോരാടിയ വേലായുധപ്പണിക്കർ 1874-ൽ 49-മത്തെ വയസ്സിൽ ഒരു ബോട്ടുയാത്രയ്ക്കിടെ ഇരുട്ടിന്റെ മറവിൽ വധിക്കപ്പെട്ടു.

## ബ്രഹ്മാനന്ദ ശിവയോഗി (1852-1929)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് എന്ന സ്ഥലത്ത് രാവുണ്ണ്യാരത്ത് കുഞ്ഞികൃഷ്ണമേനോന്റെയും കാരാട്ട് നാണിയമ്മയുടെയും മകനായി 1852 ഓഗസ്ത് 26-ന് ജനിച്ച ബ്രഹ്മാനന്ദ ശിവയോഗിയുടെ പൂർവാശ്രമത്തിലെ പേര് കാരാട്ട് ഗോവിന്ദമേനോൻ എന്നായിരുന്നു. യൗവനാരംഭത്തിൽ ഗോവിന്ദൻകുട്ടി എന്നും വിളിക്കപ്പെട്ടു. അച്ഛനമ്മമാരുടെ പ്രേരണമൂലം ഗോവിന്ദൻകുട്ടിക്ക് താവുക്കുട്ടിയമ്മ എന്ന പതിനേഴുകാരിയെ വിവാഹം കഴിക്കേണ്ടിവന്നു. പിൽക്കാലത്ത് അവർ ആരാധകരുടെ യോഗിനി മാതാവായി അറിയപ്പെട്ടു.

ദൈവസങ്കൽപത്തെയും ജാതിമതഭേദങ്ങളെയും അനാചാരങ്ങളെയും തള്ളിക്കളഞ്ഞ സന്ന്യാസിവര്യനായിരുന്നു ശിവയോഗി. ബ്രഹ്മാനന്ദ ശിവയോഗിയുടെ ആദ്യ പുസ്തകമായ സിദ്ധാനുഭൂതിയിൽ ക്ഷേത്രാചാരങ്ങളോട് അനുബന്ധിച്ചുള്ള വ്രതം, പൂജ എന്നിവയൊക്കെ നിരർഥകമാണെന്ന് പ്രതിപാദിക്കുന്നു. പാലക്കാട്ടെ ആലത്തൂരിൽ 1907-ൽ അദ്ദേഹം സിദ്ധാശ്രമം സ്ഥാപിച്ചു. നിരീശ്വരവാദിയായ അദ്ദേഹം വിഗ്രഹാരാധനയെ എതിർത്തു. തന്റെ ആശയങ്ങളുടെ പ്രചരണാർഥം അദ്ദേഹം ആനന്ദമതം സ്ഥാപിച്ചു (1907). വേദോപനിഷത്തുകളെയും ഭഗവത്ഗീത തുടങ്ങിയ മതഗ്രന്ഥങ്ങളെയും അപഗ്രഥിച്ച് ആനന്ദലബ്ധിക്കുതകുന്നവയെ സ്വീകരിച്ച് ക്രോഡീകരിച്ചതാണ് ആനന്ദമതം. സർവമതസ്ഥർക്കും അതിൽ പ്രവർത്തിക്കാമായിരുന്നു. നിർമമനായ ഈശ്വരനെക്കൊണ്ട് ലൗകിക ജീവിതത്തിൽ പ്രയോജനമില്ല എന്ന് ആനന്ദമതം സിദ്ധാന്തിച്ചു.

മദ്യനിരോധനവും സ്ത്രീ വിദ്യാഭ്യാസവും അദ്ദേഹം പ്രോൽസാഹിപ്പിച്ചു. വിഗ്രഹാരാധനയെ എതിർത്തു. തന്റെ പരിഷ്കൃതാശയങ്ങൾ വിശദമാക്കിക്കൊണ്ട് അദ്ദേഹം രചിച്ച കൃതികളാണ് മോക്ഷപ്രദീപവും ആനന്ദസൂത്രവും. 1929 സെപ്തംബർ പത്തിന് ശിവയോഗി സമാധിയായി. മനസ്സാണ് ദൈവം എന്നു പ്രസ്താവിച്ച സാമൂഹിക പരിഷ്കർത്താവാണ് ബ്രഹ്മാനന്ദശിവയോഗി. മനുഷ്യന്റെ നന്മയിലാണ് യഥാർഥ സന്തോഷമെന്ന് അദ്ദേഹം ഉദ്ഘോഷിച്ചു. ബ്രഹ്മാനന്ദശിവയോഗി സ്ഥാപിച്ച പ്രസ്ഥാനമാണ് ആനന്ദമഹാസഭ(1918). ഹിന്ദുമതത്തിലെ അനാവശ്യമായ ആചാരങ്ങൾ ഒഴിവാക്കുക, ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ജനങ്ങളെ വേർതിരിക്കാതിരിക്കുക, മാംസാഹാരം ഒഴിവാക്കുക, ഹിംസാത്മകമായ മതകർമങ്ങൾ ഒഴിവാക്കുക എന്നിവയായിരുന്നു ആനന്ദമതപ്രസ്ഥാനത്തിന്റെ ആശയാദർശങ്ങൾ. ആനന്ദ മഹാസഭയുടെ ആദ്യ പ്രസിഡന്റ് ബ്രഹ്മാനന്ദ ശിവയോഗിയും സെക്രട്ടറി രാമപ്പണിക്കരുമായിരുന്നു.



ആശയപ്രചാരത്തിന് അദ്ദേഹമാരംഭിച്ച പ്രസിദ്ധീകരണമാണ് സാരഗ്രാഹി. ശിവയോഗരഹസ്യം, സ്ത്രീവിദ്യപോഷിണി, ആനന്ദഗണം, ആനന്ദദർശനം,ആനന്ദവിമാനം തുടങ്ങിയവ ശിവയോഗിയുടെ പ്രധാന കൃതികളാണ്. ശിവയോഗിയുടെ മോക്ഷപ്രദീപം എന്ന ഗ്രന്ഥം അഭ്യസ്തവിദ്യരായ ചിലരിൽ ചെലുത്തിയ ശക്തമായ സ്വാധീനത്തിന്റെ ഫലമായി തിരുവനന്തപുരത്തെ ആറ്റുകാൽ ക്ഷേത്രത്തിൽ പതിവായി നടന്നുവന്നിരുന്ന ആടുവെട്ടും കോഴിവെട്ടും നിറുത്തുവാൻ കഴിഞ്ഞതിനെക്കുറിച്ച് ശിവയോഗിക്ക് എഴുതിയ മഹാകവിയാണ് കെ.സി.കേശവപിള്ള. •

PLUS POINTS 2.0

# ENRICH YOUR GK

1. What was the role of Tantia Tope in 1857 mutiny?
a. He was Commander-in-chief of the army of Nana Saheb
b. He organized Bhils of Panchamahal region against the British
c. Both A and B d. Neither A nor B

2. Identify the personality
1. He was a Member of Hindustan Socialist Republican Army
2. He started the Militant Naujawan Bharat Sabha in Punjab
3. He killed British official Saunders in 1928 and was involved in Lahore conspiracy and bombed the central Legislative Assembly
a. Anand Mohan Bose b. Bhagat Singh
c. Baliram Keshav-Rao Hedgewar
d. Barindra Kumar Ghosh

3. Identify the Personality
1. He founded a social service organization as Seva Sadan
2. He worked for the cause of women and by his efforts the Age of consent Act (1891) was passed.
a. Bhulabhai Desai b. Acharya Narendra
c. Achyut S Patwardhan d. Behramji M Malabari

4. Which of the following statement is INCORRECT regarding V D Sarvarkar?
a. He founded the Mitra Mela in 1899 and renamed it as Abhinav Bharat Society in 1904.
b. He founded the Free India Society in London in 1906.
c. He was arrested for his involvement in Lahore Conspiracy case
d. He was elected as the President of the Hindu Mahasabha in 1937.

5. Identify the INCORRECT statement about Subhash Chandra Bose?
a.The 'Indian struggle' is his autobiography
b. He passed the Indian Civil Service Examination in 1920 in England but left it on Gandhiji's call of NCM
c. The slogans "Dilli Chalo" and 'Jai Hind' were associated with him
d.He addressed Gandhiji as 'Mahatma'

6. Match List 1 with List II and choose the correct answer using the code given below.

| List 1 | List II |
|---|---|
| A. Tattvabodhini Sabha | 1. Radhakant Deb |
| B. Dharma Sabha | 2. Debendranath Tagore |
| C. Wahabi Movement | 3. Haji Shariat Ullah |
| D. Farazi Movement | 4. Shah Walliullah |

a. A-1, B-2, C-3, D-4 b. A-2, B-1, C-3, D-4
c. A-2, B-1, C-4, D-3 d. A-1, B-2, C-4, D-3

7. Regarding the development of Indian press during British rule in India, Match List 1 with List II and select the correct answer using the code given below.

| List 1 | List II |
|---|---|
| A. Censorship of Press Act | 1. 1799 |
| B. Metcalfe Act | 2. 1835 |
| C. Vernacular Press Act | 3. 1878 |
| D. Indian Press Act | 4. 1910 |

a. A-1, B-2, C-3, D-4 b. A-2, B-1, C-3, D-4
c. A-2, B-1, C-4, D-3 d. A-2, B-3, C-1, D-4

8. Which of the following statement is related to the Gandhara School of Art?
a. Artistic Manifestation of Greco-Budhism
b. Artistic Manifestation of Indo-Greek God
c. Artistic Manifestation of Jainism
d. Artistic Manifestation of Vaishnavism

9. Which of the following leader was not present in the very first meeting of Indian National Congress?
a. Dadabhai Naoroji b. Kashinath Trimbak Telang
c. Pherozeshah Mehta d. Surendranath Banerjee

10. Which of the following is NOT correctly matched?
a. Harappa - Pakistan
b. Lothal - India
c. Dholavira - Rajasthan
d. Banwali - Haryana

11. Which of the following is Not the provision of Government of India Act, 1935?
a. This act ended the system of diarchy
b. The structure for "Federation of India" was established for both British India and some or all of the "princely states"
c. Burma became the part of India
d. The introduction of direct elections thus increasing the franchise from seven million to thirty five million people.

12. When was the Hindu college, Calcutta established?
a. 1829 b.1817
c. 1858 d.1853

13. Henry Vivian Derozio started 'Young Bengal Movement' with the inspiration of which revolutionary ideas?
a. Industrial revolution b. French revolution
c. American revolution d. Marxian Theory

14. Which of the following is not true about Tipu Sultan?
a. He was a great admirer of Jagadguru Sankaracharya of Sringeri
b. His autobiography was Tarikh-i-Khudai
c. He died during the Fourth Anglo-Mysore war
d. He laid the foundation of Krishnaraj Sagar Dam on Cauvery

15. The treaty of Allahabad took place between
a. Shuja-ud-daulah, Robert Clive and Shah Alam II
b. Shuja-Ud-Daulah, Mir Jafar and Shah Alam II
c. Shuja-Ud-Daulah, Wajid Ali Shah and Shah Alam II
d. None of the above

16. What is the correct order (first to last) of states annexed under the policy of "Doctrine of Lapse"?
a. Satara>Jaipur>Sambhalpur>Bahat
b. Jaipur>Satara>Jaipur>Sambhalpur
c.Bahat>Satara>Jaipur>Sambhalpur
d. Satara>Jaipur>Bahat>Sambhalpur

17. Which of the following is the highlight of the 'Rally for Valley' programme in India?
a. Biodiversity b. Loss of agricultural land
c. Resettlement of displaced people
d. Environmental degradation

18. Which of the following place in the Jammu & Kashmir is famous for 'Saffron Cultivation'?
a. Pampore b. Kashmir
c. Jammu d. Kathua

19. Which of the following soil has air space and loosely packed?
a. Sandy soil b. Clayey soil
c. Loamy soil d. All of these

20. Which trees do not belong to the Tropical Deciduous Forests?
a. Tendu b. Pine
c. Acacia d. Pasur

21. Where is Mayurakshi project?
a. Jammu & Kashmir b. Punjab
c. West Bengal d. Maharashtra

22. Kusaali falls are located in which district of Karnataka?
a.Chitradurga b. Devanagiri
c. Kolar d. Udupi

23. Which river National Waterway I (NWI) is located?
a. Ganga b. Mahanadi
c. Barak d. Narmada

24. Which is the easternmost longitude of India?
a. $97^{0}25'$E b.$77^{0}6'$E
c. $68^{0}7'$E d. $82^{0}32'$E

25. Which of the following is the reason of rainfall during winters in North Western part of India?
a. Cyclonic depression b. Western disturbances
c. Retreating Monsoon d. Southwest Monsoon

26. Which of the following statement (s) is/are correct?
1. Sarkaria Commission was set up in 1983 by the Central Government of India to examine the central-state relationship on various portfolios.
2. Justice Ranjit Singh Sarkaria, Chairman of the commission was a retired Judge of the Supreme Court of India.
a. 1 only b. 2 only
c. Both 1 and 2 d. Neither 1 nor 2

27. Identify the correct statement (s).
1. The Central Bureau of Investigation was established in 1963
2. The Central Bureau of Investigation (CBI) comes under the administrative control of Department of Personnel and Training of the Ministry of Personnel
a. Both 1 and 2 b. Neither 1 nor 2
c. 2 only d.1 only

28. Who have the power to remove Central Vigilance Commissioner and other Vigilance Commissioners?
a. Chief Justice of Supreme Court
b. President and Supreme Court
c. President on the recommendation of Election Commission
d. Prime Minister, Home Minister and Chief Justice of India

29. Which of the following statement (s) is/are true
1. The CBI has its Academy located at Ghaziabad, Uttarpradesh
2.The CBI Academy was established in 1966
3. The CBI director is appointed for a term of two years
4. The legal powers of investigation of CBI are derived from the Delhi Special Police Establishment Act (DSPE) 1946
a. 1, 2 and 4 only b. 1, 3 and 4 only
c. 2, 3 and 4 only d. 1, 2, 3 and 4

30. The Chief Minister of various Indian states are given below. Match them correctly using the code given below.

| | |
|---|---|
| A. Andhra Pradesh | 1. Y S Jagamohan Reddy |
| B. Gujarat | 2. Vijay Rupani |
| C. Jharkhand | 3. Zoramthanga |
| D. Mizoram | 4. Hemant Soren |

a. A-1, B-2, C-3, D-4 b. A-2, B-1, C-3, D-4
c. A-1, B-2, C-4, D-3 d. A-2, B-1 , C-4, D-3

31. The Constitution of which of the following country is known as Mac Arthur or Showa Constitution?
a. France b. U K
c. USA d. Japan

32. Consider the following statements
1. The Enforcement Directorate was established in the year 1956.
2. Its Headquarters is situated at New Delhi.
3. The Directorate is under the administrative control of the Department of Revenue (under the Ministry of Finance) for operational purposes.
4. Enforcement Directorate is responsible for enforcement of the Foreign Exchange Management Act, 1999 (FEMA) and certain provisions under the Prevention of Money Laundering Act (PMLA).
Which of the given statements are true?
a. 1 and 3 only b. 2 and 4 only
c. 2, 3 and 4 only d. 1, 2, 3 and 4

33. List of major Labour Law Acts in India are given below. Which pair is wrongly matched?
a. Minimum Wages Act-1948
b. Sexual Harassment of Women at workplace Act-2013
c. Payments of Gratuity Act-1972 d. Factories Act-1949

34. Some of the Martial Arts and their origin is given below. Identify the wrong one.
a. Thoda-Himachal Pradesh b. Gatka-Punjab
c. Musti Yuddha-Tamil Nadu d. Pari-Khanda-Bihar

35. Which of the following institution is NOTpart of the World Bank Community
a. IBRD b. WTO
c. IDA d. IFC

36. Who is the richest person in the world in July 2020?
a. Jeff Bezos b. Jack ma
c. Bill Gates d. Warren Buffett

37. What are the pillars of Self-Reliant India Movement?
a. Infrastructure b. Economy
c. Demography d. All of the above

38. On which of the following the Aatma Nirbhar Bharat Abhiyan package is focused?
a. Land b.Labour
c. Liquidity and Laws d. All of the above

39. Find the statement which is INCORRECT?
a. Article 24 of the Indian Constitution prohibits Child Labour
b. Child Labour (Prohibition and Abolition) Act was passed in 1986
c. Bonded Labour system (Abolition) Act was passed in 1957
d. Article 39 (d) of the Constitution envisages that men and women should receive equal pay for equal work.

40. Which of the following report is NOT matched correctly?
a. Human Development Index-UNDP
b. Global Competitive Report-World Economic Forum
c. Global Financial Stability Report-IMF
d. Global Economic Prospects: WTO

41. 'Zero Defect Zero Effect" slogan is related to which of the following scheme?
a. Digital India b. Make in India
c. Startup India d. Clean India Mission

42. Which of the following good will not be covered under the GST Bill?
a. Cooking gas b. Liquor
c. Petrol d. All of the above

43. Hindu rate of growth is counted at the rate of
a. 6% per annum b. 7% per annum
c. 1% per annum d. 3.5% per annum

44. Who has become the first female Indian American Vice President elect of the United States?
a. Kamala Harris b. Maya Harris
c. Nikki Haley d. Seema Verma

45. Which nation's transitional government signed 'Juba Peace Agreement' with rebel groups?
a. Syria b.Turkey
c. Ethiopia d. Sudan

46. Which nation was invited to join India, United States and Japan in 'Malabar Exercise?
a. Australia b. France
c. Sri Lanka d. Bangladesh

47. Who has been conferred the honorary rank of General of the Nepali Army by President Bidya Devi Bhandari?
a. P M Narendra Modi b. Defence Minister Rajnath Singh
c. CDS General Bipin Rawat
d. Indian Army Chief General MM Naravane

48. ISRO launched earth Observation Satellite called EOS-01 on.........?
a. November 7th 2020 b. November 26th 2020
c.August 15th 2020 d. October 1st 2020

49. The navies of which two nations jointly launched 'CARAT' naval exercise on November 4th 2020
a.India Sri Lanka b. India Bangladesh
c. Bangladesh, U.S d. U S, Vietnam

50. When is world Tsunami Awareness Day observed?
a. November 5th b. November 6th
c. November 7th d. November 4th

**ANSWERS**

1 (c), 2 (b), 3 (d), 4 (c), 5 (d), 6 (b), 7 (a), 8 (a), 9 (d), 10 (c), 11 (c), 12 (b), 13 (b), 14 (c), 15 (a), 16 (b), 17 (d), 18 (a), 19 (a), 20 (a), 21 (c), 22 (d), 23 (a), 24 (a), 25 (b), 26 (c), 27 (a), 28 (b), 29 (d), 30 (c), 31 (d), 32 (d), 33 (d), 34 (c), 35 (b), 36 (a), 37 (d), 38 (d), 39 (c), 40 (d), 41 (b), 42 (d), 43 (d), 44 (a), 45 (d), 46 (a), 47 (d), 48 (a), 49 (c), 50 (a)

# GENERAL ENGLISH

I. There is no difference from ..............
a. Man to man b. Men to men
c. Man to men d. Men to man

2. He can speak ............. fluently........... she
a. so, so b. as, as
c. so, as d. as, so

3. No sooner did I hear the bell............. I sat out
a. when b. then
c. hardly d. than

4. How did you come ............. this book?
a. about b. for
c. by d. of

5. He made ............... but failed
a. attempt after attempts b. attempts after attempts
c. attempts after attempt d. attempt after attempt

6. He knows .............. Latin and less Greek
a. much b. little
c. few d. some

7. No .......... trees bore fruit
a. few b. many
c. some d. two

8. Find out the correct sentence among the following....
a. Ram and Sita plays Chess
b. Ram and Sita has played Chess
c. Ram and Sita was playing Chess
d. Ram and Sita are playing Chess

9. Which one of the following is a correct sentence?
a. I am liking reading books
b. You likes reading books
c. You have liked to read books
d. You like reading books

10. Find out the incorrect sentence among the following
a. Did they sent me any books?
b. Had I known this truth
c. Mohan and Sohan go to school daily
d. I love teaching

11. What is the Past Participle form of the Verb 'Bet'?
a. Beat b. Beaten
c. Bet d. Betted

12. It is high time, we ............. home
a. return b. returned
c. will return d. have returned

13. What is the function of a Gerund?
a. Verb + Noun b. Verb + Adjective
c. Verb + Participle d. Verb + Preposition

14. You .......... be very careful
a. shall b. would
c. might d. ought to

**Question 15 to 20. Choose the correct meaning of the given verb phrase.**

15. Bear out..........
a. support b. crush
c. overthrow d. destroy

16. Carry off .........
a. kill b. captivate
c. execute d. promote

17. Crow over ...........
a. to shrink to size b. to bemoan
c. to exult over a vanquished adversary
d. to interpose

18. To do off - hand ..............
a. to kill b. to do without preparation
c. to visit d. to do contrary

19. Pyrrhic Victory ...........
a. a victory gained at a colossal loss
b. first victory
c. last victory d. a short - lived victory

20. Hobson's choice ..........
a. Pleasant Choice b. the choice to die
c. the choice to live d. with no choice at all

**Question 21 to 25. Change the Voice**

21. Someone saw him picking up a gun:
a. He was seen pick up a gun by someone
b. He was seen picking up a gun by someone
c. He is seen picking up a gun by someone
d. He was seen by someone pick a gun

22. Who gave you permission to enter?
a. By whom were you given permission to enter?
b. By whom was you given permission to enter?
c. By whom you were given permission to enter?
d. By whom were given you permission to enter?

23. The thief climbed over the wall without being seen:
a. The wall was climbed over by the thief without being seen
b. The thief was climbed over the wall without being seen
c. Without being seen, the thief climbed over the wall
d. The thief climbed over the wall without anyone seeing him

24. Don't speak until someone speaks to you:
a. Don't speak until you are spoken to
b. Don't speak until someone is spoken to
c. Don't speak until you have been spoken to
d. Don't speak until someone has been spoken to

25. Circumstances will oblige me to go:
a. I will oblige the Circumstances and go
b. I shall be obliged to go by the Circumstances
c. Under the Circumstances, I should go
d. I shall be obliged by the Circumstances to go

**Questions 26 to 29. Change into indirect speech**

26. The man said, "Let me have the first choice"
a. The man told that he should have the first choice
b. The man urged that he should have the first choice
c. The man proposed that he should have the first choice
d. The man wished that he should have the first choice

27. He said, "Can I be of any service to try my luck"?
a. He told that I could be any service to try my luck
b. He asked me if he could be any service to try my luck
c. He asked if he could be any service to try his luck
d. He asked that if he could be any service to try his luck

28. My friend said to the Station Master, "When does the Punjab Mail reach Agra"?
a. My Friend asked the Station Master when the Punjab Mail reached Agra
b. My Friend told the Station Master when the Punjab Mail reached Agra
c. My Friend asked to the Station Master when the Punjab Mail reached Agra
d. My Friend asked the Station Master when did the Punjab Mail reach Agra

29. He said to me, "Please lend me your fountain pen"
a. He ordered me to lend me your fountain pen
b. He requested me to lend me your fountain pen
c. He suggested me to lend me your fountain pen
d. He requested me to lend him my fountain pen

**Questions 30-33. In each of the following sentences, there is an error either in the form or in the placement of either Adjective or Adverb. Below each sentence four alternative uses are shown. Point out which of them is correct.**

30. He is very better now
a. He is more better now b. He is much better now
c. He is most better now d. He is better now

31. He holds a more Superior Position than Mohan
a. He holds a Position more Superior than Mohan's
b. His Position is more Superior than Mohan's
c. He holds a Superior Position than Mohan
d. His Position is not as Superior as Mohan's

32. My father is too generous to his Servants
a. My father is enough generous to his Servants
b. My father is very generous to his Servants
c. My father is only generous to his Servants
d. My father is quitely generous to his Servants

33. He is the most Senior advocate
a. He is the Senior most advocate
b. He is the advocate most Senior
c. This advocate is most Senior
d. The Senior most advocate is he

**Question 34 to 37 - Choose the word which has the same meaning (Synonyms) to the given word/phrase**

34. Benign............
a. Favourable b. Wavering
c. Lover of books d. Blessed

35. Erudite ............
a. Cognizant b. Well educated
c. Studious d. Misinformed

36. Convoke ..............
a. Exhort b. Convene
c. Appeal d. Transfer

37. Taciturn ..............
a. Communicate b. Reticent
c. Garrulous d. Prolix

**Question 38- 40. Choose the word opposite in meaning (Antonyms) to the given word/phrase**

38. Levity ...............
a. Seriousness b. Solemnity
c. Gravity d. Religiosity

39. Vivisect ..........
a. Cement b. Explode
c. Join d. Partition

40. Arrogant .............
a. Polite b. Cowardly
c. Meek d. Gentlemanly

41. The city ........... will discuss that issue during the ......... meeting
a. Council, Council b. Consul, Council
c. Council, Counsel d. Consul, Consel

**Question 42 to 45. Choose the correct one word/meaning**

42. To walk with slow or regular steps
a. Limp b. Race
c. Stride d. Advance

43. Sentences added to a letter after the Signature
a. Glossary b. Past - script
c. Interlude d. Prelude

44. Stereotyped :
a. Old things no more of much importance and interest
b. Not in conformity with the established order
c. of different kinds
d. Typed by a special machine

45. Omniscient :
a. One who is all powerful
b. One who knows everything
c. One who is present anywhere
d. One who can manage everything

46. Let us play now ....................? (Question Tag)
a. Shall they b. Will they
c. Shall we d. Do we

47. Few people are interested in this scheme ............?
a. Are they b. Do they
c. Aren't they d. Will they

48. I saw ........ one eyed man
a. that b. the
c. a d. an

49. Find the INCORRECTLY Spelt word.
a. Dormitory b. Forty
c. Occurrence d. Adoloscent

50. I have been searching for a job .............. 1998.
a. in b. since
c. for d. after

## Answers

1 (a) 2 (b) 3 (d) 4 (c) 5 (d) 6 (b) 7 (b) 8 (d) 9 (d) 10 (a) 11 (c) 12 (b) 13 (a) 14 (d) 15 (a) 16 (a) 17 (c) 18 (b) 19 (a) 20 (d) 21(b) 22 (a) 23 (d) 24 (b) 25 (c) 26 (d) 27 (c) 28 (a) 29 (d) 30 (b) 31 (c) 32 (b) 33 (a) 34 (a) 35 (b) 36 (b) 37 (b) 38 (c) 39 (c) 40 (a) 41 (a) 42 (c) 43 (b) 44 (a) 45 (b) 46 (c) 47 (a) 48 (c) 49 (d) 50 (b)

# ചോദ്യങ്ങൾ പലത് ഉത്തരം ഒന്ന്

## നേപ്പാൾ

1 ദക്ഷിണേഷ്യയിൽ സ്ഥിതിചെയ്യുന്ന ഒരു കരബദ്ധ പരമാധികാര രാഷ്ട്രമാണ് നേപ്പാൾ.
2 നേപ്പാളിന്റെ തലസ്ഥാനം കാഠ്മണ്ഡുവാണ്.
3 നേപ്പാളിയാണ് ഔദ്യോഗിക ഭാഷ. നാണയം നേപ്പാളീസ് റുപ്പി.
4 ലോകത്തിലെ ഏക ഹിന്ദു രാഷ്ട്രമായിരുന്നു നേപ്പാൾ. ഇപ്പോൾ മതേതര രാഷ്ട്രമായ ഇത് ഏഷ്യയിലെ ഏറ്റവും പ്രായം കുറഞ്ഞ റിപ്പബ്ലിക്കാണ്.
5 പെറ്റമ്മയും പിറന്നനാടും സ്വർഗത്തെക്കാൾ മഹത്തരം ("Mother and Motherland are Greater than Heaven") എന്നത് നേപ്പാളിന്റെ പ്രമാണവാക്യമാണ്.
6 നേപ്പാളിന്റെ ദേശീയ ഗാനമാണ് Made of Hundreds of Flowers.
7 ലോകത്തിലെ ഏറ്റവും ഉയരംകൂടിയ കൊടുമുടിയായ എവറസ്റ്റ് നേപ്പാളിലാണ്.
8 എവറസ്റ്റ് നേപ്പാളിൽ സഗർമാതാ എന്നറിയപ്പെടുന്നു. ബാബുലാൽ ആചാര്യയാണ് ആ പേരു നൽകിയത്.
9 ലോകത്തിലെ ഏറ്റവും ഉയരംകൂടിയ കൊടുമുടിയാണ് എവറസ്റ്റ് എന്ന് തിരിച്ചറിഞ്ഞത് രാധാനാഥ് സിക്തർ ആണ്.
10 ഇന്ത്യയുടെ സർവേയർ ജനറലായിരുന്ന സർ ജോർജ് എവറസ്റ്റിന്റെ സ്മരണാർഥം നാമകരണം ചെയ്തത് Andrew Waugh ആണ്.
11 ടിബറ്റിൽ എവറസ്റ്റ് അറിയപ്പെടുന്ന പേരാണ് ചോമലുങ്മ. ലോകത്തിന്റെ മാതൃദേവത എന്നാണതിനർഥം.
12 ദേശീയ പതാക ചതുരാകൃതിയിലല്ലാത്ത ഏക രാജ്യമാണ് നേപ്പാൾ.
13 രണ്ടു ത്രികോണങ്ങൾ ചേർന്നതാണ് നേപ്പാൾ പതാക.
14 നേപ്പാളിന്റെ ദേശീയ മൃഗം പശുവാണ്.
15 ദേശീയ പക്ഷി Lophophoros. മയിലിനോട് സാദൃശ്യമുള്ള ഈ പക്ഷി Himalayan Monal Pheasant എന്നും അറിയപ്പെടുന്നു.
16 നേപ്പാളിന്റെ ദേശീയ പുഷ്പം പൂവരശ് ആണ് (റോഡോഡെൻഡ്രോൺ).
17 ഗൂർഖകൾ നേപ്പാളിലെ ഒരു ജനവിഭാഗമാണ്. ഇവരുടെ ധൈര്യം പ്രസിദ്ധമാണ്.
18 ലോകത്തിലെ ഏറ്റവും ഉയരംകൂടിയ കൊടുമുടികൾ സ്ഥിതി ചെയ്യുന്ന രാജ്യമാണ് നേപ്പാൾ.
19 ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഒരു വിദേശശക്തിയുടെയും മേൽക്കോയ്മയ്ക്ക് വിധേയമാകാത്ത ഏക രാജ്യമാണ് നേപ്പാൾ.
20 ലോകത്തിലെ ഏറ്റവും വലിയ ശിവക്ഷേത്രമായ പശുപതിനാഥ ക്ഷേത്രം നേപ്പാളിലാണ്.
21 മഹാഭാരത് മലനിരകൾ നേപ്പാളിനെ ഇന്ത്യയിൽനിന്ന് വേർതിരിക്കുന്നു.
22 ഒരേ ലിംഗപദവിയുള്ളവർ തമ്മിലുള്ള വിവാഹത്തിന് (same sex marriage) അംഗീകാരം നൽകിയ ആദ്യ ഏഷ്യൻ രാജ്യമാണ് നേപ്പാൾ (judicially mandated but not yet legislated). ലോകത്താദ്യമായി, ഒരേ ലിംഗപദവിയുള്ളവർ തമ്മിലുള്ള വിവാഹം നിയമ വിധേയമാക്കിയ രാജ്യം നെതർലൻഡ്സാണ് (2001).
23 നേപ്പാൾ കരബദ്ധരാജ്യമായതിനാൽ സമുദ്രവാണിജ്യത്തിന് കൊൽക്കത്ത തുറമുഖത്തെ ആശ്രയിക്കുന്നു.
24 നേപ്പാളിലെ ലുംബിനിയിലാണ് ബി.സി. 563-ൽ വൈശാഖപൗർണമി നാളിൽ ബുദ്ധൻ ജനിച്ചത്.
25 നേപ്പാളിന്റെ ആദ്യ പ്രധാനമന്ത്രിയാണ് രാംബരൺ യാദവ്. നേപ്പാൾ റിപ്പബ്ലിക്കിന്റെ ആദ്യ പ്രധാനമന്ത്രി പ്രചണ്ഡ എന്നറിയപ്പെടുന്ന പുഷ്പ കമൽ ദഹൽ ആണ്.
26 നേപ്പാളിലെ അവസാനത്തെ രാജാവായിരുന്ന ജ്ഞാനേന്ദ്രയാണ് ലോകത്തിൽ ഏറ്റവും അവസാനം അധികാരം കൈയാളിയ ഹിന്ദു രാജാവ്.
27 നേപ്പാൾ രാജാവിന്റെ ഔദ്യോഗിക വസതിയായിരുന്ന നാരായൺഹിതി കൊട്ടാരം ഇപ്പോൾ മ്യൂസിയമാണ്.
28 എവറസ്റ്റിൽ മന്ത്രിസഭായോഗം ചേർന്ന രാജ്യമാണ് നേപ്പാൾ.
29 കാഠ്മണ്ഡുവിൽ ജനിച്ച് ഇന്ത്യയിൽ വിദ്യാഭ്യാസം നേടിയ പ്രശസ്ത ബോളിവുഡ് നടിയായ മനീഷ കൊയ്രാള മുൻ നേപ്പാൾ പ്രധാനമന്ത്രി ബി.പി. കൊയ്രാളയുടെ ചെറുമകളാണ്.
30 കൊയ്രാള സഹോദരൻമാർ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ച രാജ്യമാണ് നേപ്പാൾ.
31 നേപ്പാളിന്റെ സ്റ്റാൻഡേർഡ് സമയം ഗ്രീൻവിച്ച് സമയത്തെക്കാൾ 5.45 മണിക്കൂർ മുന്നിലാണ്. സ്റ്റാൻഡേർഡ് സമയവും ഗ്രീൻവിച്ച് സമയവും തമ്മിലുള്ള വ്യത്യാസം 30 മിനിട്ടിന്റെ ഗുണിതമല്ലാത്ത ഒരു പ്രദേശങ്ങളിലൊന്നാണ് നേപ്പാൾ.

## മദർ തെരേസ

1 ഭാരത രത്നം നേടിയ രാമത്തെ ഇന്ത്യൻ വനിത
2 അന്താരാഷ്ട്ര ധാരണയ്ക്കുള്ള മഗ്സസേ



അവാർഡ് നേടിയ ആദ്യ ഇന്ത്യൻ
3 മഗ്സസേ അവാർഡും നൊബേലും നേടിയ ആദ്യ ഇന്ത്യൻ
4 മഗ്സസേ അവാർഡും നൊബേലും ഭാരതരത്നവും നേടിയ ഏക വ്യക്തി
5 അഗതികളുടെ അമ്മ എന്നറിയപ്പെട്ടതാര്
6 മിഷനറീസ് ഓഫ് ചാരിറ്റി സ്ഥാപിച്ചതാര്
7 മദർഹൗസിൽ അന്ത്യനിദ്ര കൊള്ളുന്നതാര്
8 ആരുടെ യഥാർഥ പേരാണ് ആഗ്നസ് ഗോൺക്സാ ബൊജാക്സ്ഹ്യൂ
9 സെയിന്റ് ഓഫ് ഗട്ടേഴ്സ് ആരുടെ അപരനാമമാണ്
10 ടെമ്പിൾടൺ അവാർഡിന് (1973) ഇന്ത്യയിൽനിന്ന് ആദ്യമായി അർഹയായത്
11 നൊബേൽ സമ്മാനത്തിനർഹയായ ആദ്യ ഇന്ത്യൻ വനിത
12 പിൽക്കാലത്ത് ഇന്ത്യയുടെ ചീഫ് ഇലക്ഷൻ കമ്മീഷണറായ നവീൻ ചൗള എന്ന സിവിൽ സെർവന്റ് 1992-ൽ രചിച്ച പ്രശസ്തമായ ജീവചരിത്രം 14 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ആരുടേതാണ് ആ ജീവചരിത്രം?
13 അനാഥത്വമാണ് ഏറ്റവും മാരകമായ രോഗം എന്ന് അഭിപ്രായപ്പെട്ടത്
14 മന്ദബുദ്ധികളെയും മനോരോഗികളെയും ചികിത്സിക്കാൻ 1971-ൽ നിർമൽ കെന്നഡി ഹോം സ്ഥാപിച്ചതാര്
15 മഗ്സസേ അവാർഡിനർഹയായ ആദ്യ ഇന്ത്യൻവനിത
16 അമേരിക്കയുടെ ഓണററി പൗരത്വം ലഭിച്ച ആദ്യ ഇന്ത്യൻ
17 ആരുടെ അവസാന വാക്കുകളാണ് ഞാൻ സ്വപ്നം കാണുകയാണ്
18 വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ട നൊബേൽ സമ്മാന ജേതാവ്
19 കുഷ്ഠരോഗ നിർമാർജന കേന്ദ്രമായ ഗാന്ധിജി പ്രേം നിവാസ് 1958-ൽ സ്ഥാപിച്ചത് ആരാണ്?
20 നൊബേലും ഭാരതരത്നവും നേടിയ ഏക വനിത

## മുഹമ്മദ് ബിൻ തുഗ്ലക്ക്

1 നാണയനിർമാതാക്കളുടെ രാജകുമാരൻ എന്ന് എഡ്വേർഡ് തോമസ് ആരെയാണ് വിശേഷിപ്പിച്ചത്
2 ബുദ്ധിമാനായ വിഡ്ഢി എന്നറിയപ്പെട്ട ഭരണാധികാരി
3 ആരുടെ സ്മരണാർഥമാണ് ഫിറോസ് ഷാ തുഗ്ലക് ജൗൺപൂർ നഗരത്തിന് പേരിട്ടത്
4 ഇബ്ൻ ബത്തൂത്ത ഇന്ത്യ സന്ദർശിക്കുമ്പോൾ ഡൽഹി സുൽത്താൻ
5 ഇന്ത്യയിലാദ്യമായി അടയാള നാണയ (ടോക്കൻ കറൻസി) സമ്പ്രദായം ആവിഷ്കരിച്ച 'രണാധികാരി
6 വിജയ നഗര സാമ്രാജ്യത്തിന്റെ തുടക്കം ഏത് ഡൽഹി സുൽത്താന്റെ കാലത്തായിരുന്നു
7 ജൂണാ ഖാൻ ആരുടെ യഥാർഥ പേരാണ്
8 വൈരുധ്യങ്ങളുടെ സങ്കലനം എന്നറിയപ്പെട്ട സുൽത്താൻ
9 തലസ്ഥാനം ദേവഗിരിയിലേക്ക് മാറ്റിയ ഡൽഹി സുൽത്താൻ
10 ദുർനക്ഷത്രക്കാരനായ ആദർശവാദി എന്നറിയപ്പെട്ട ഡൽഹി സുൽത്താൻ
11 ബാഹ്മനിവംശം സ്ഥാപിക്കപ്പെട്ടത് ഏത് ഡൽഹി സുൽത്താന്റെ കാലത്തായിരുന്നു
12 മുയിനുദ്ദീൻ ചിഷ്ടിയുടെ സമാധി സന്ദർശിച്ച ആദ്യ ഡെൽഹി സുൽത്താൻ
13 ഇബ്ൻ ബത്തൂത്ത രചിച്ച സഫർനാമ ആരുടെ നേട്ടങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു
14 കൃഷിക്കുവേണ്ടി പ്രത്യേക വകുപ്പ് ആവിഷ്കരിച്ച ആദ്യ സുൽത്താൻ
15 ഗിയാസുദ്ദീൻ തുഗ്ലക്കിന്റെ പിൻഗാമി
16 ഗിയാസുദ്ദീൻ തുഗ്ലക്കിന്റെ മരണത്തിനു കാരണക്കാരനെന്ന് ചില ചരിത്രകാരൻമാർ അനുമാനിക്കുന്നത് ആരെയാണ്
17 ഡൽഹി സുൽത്താനേറ്റിലെ ഭരണാധികാരികളിൽ ഏറ്റവും പാണ്ഡിത്യമുള്ള വ്യക്തിയായി വിലയിരുത്തപ്പെടുന്നത്
18 ഡൽഹി സുൽത്താനേറ്റ് വിസ്തീർണത്തിന്റെ പാരമ്യതയിലെത്തിയത് ആരുടെ കാലത്താണ്
19 ഡൽഹിയിൽ ജഹൻപന നഗരം സ്ഥാപിച്ചത്

## നാഗ്പൂർ

1 മഹാരാഷ്ട്ര അസംബ്ലിയുടെ ശീതകാല സമ്മേളനം നടക്കുന്ന വിധാൻ ഭവൻ എവിടെയാണ്
2 മഹാരാഷ്ട്രയുടെ auxiliary capital എന്നു വിശേഷിപ്പിക്കുന്നത്
3 മഹാരാഷ്ട്രയുടെ രണ്ടാം തലസ്ഥാനം എന്നറിയപ്പെടുന്നത്
4 മുംബൈയും നാസിക്കും കഴിഞ്ഞാൽ മഹാരാഷ്ട്രയിലെ ഏറ്റവും വലിയ നഗരം
5 അംബേദ്കർ എവിടെവച്ചാണ് ബുദ്ധമതം സ്വീകരിച്ചത്
6 ആർ.എസ്.എസിന്റെ (രാഷ്ട്രീയ സ്വയം സേവക് സംഘ്) ആദ്യ ശാഖ രൂപം കൊണ്ട സ്ഥലം
7 ഇന്ത്യൻ എയർഫോഴ്സിന്റെ മെയിന്റനൻസ് കമാൻഡിന്റെ ആസ്ഥാനം
8 ഇന്ത്യയിലെ ആദ്യത്തെ നാഷണൽ ഫയർ സർവീസ് കോളേജ് സ്ഥാപിക്കപ്പെട്ടത് എവിടെയാണ്
9 ഇന്ത്യയുടെ മധ്യത്തായി സ്ഥിതി ചെയ്യുന്ന നഗരം
10 വിദർഭ മേഖലയിലെ ഏറ്റവും വലിയ നഗരം
11 സ്വാതന്ത്ര്യാനന്തരം മധ്യഭാരത് സംസ്ഥാനത്തിന്റെ തലസ്ഥാനമായിരുന്ന നഗരം
12 ഭോൺസ്ലെ വംശത്തിന്റെ തലസ്ഥാനമായിരുന്നത്
13 ലോകത്തിന്റെ ടൈഗർ ക്യാപിറ്റൽ എന്നു വിളിക്കുന്ന നഗരം
14 ഗോണ്ട് ഭരണാധികാരിയായ പതിനെട്ടാം നൂറ്റാണ്ടിൽ ഭക്ത് ബുലന്ദ് സ്ഥാപിച്ച നഗരം
15 ഡോ. ബാബാ സാഹേബ് അംബേദ്കർ എയർപോർട്ട് എവിടെയാണ്
16 ദേശീയ നാരക ഗവേഷണ കേന്ദ്രം എവിടെയാണ്
17 ദളിത് ബുദ്ധിസ്റ്റുകളുടെ കേന്ദ്രമായ ദീക്ഷ ഭൂമി എവിടെയാണ്
18 നാഷണൽ അക്കാദമി ഓഫ് ഡയറക്ട് ടാക്സസ് എവിടെയാണ്
19 നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്
20 ബ്രിട്ടീഷ് ഇന്ത്യയുടെ സമയത്ത് രാജ്യത്തിന്റെ മധ്യഭാഗത്തായിരുന്ന നഗരം
21 1861-ൽ സെൻട്രൽ പ്രൊവിൻസിന്റെ ആസ്ഥാനമായ നഗരം
22 1920-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനവേദി
23 ഇന്ത്യയിലെ ഓറഞ്ച് സിറ്റി
24 രാഷ്ട്രീയ സ്വയം സേവക് സംഘിന്റെ ആസ്ഥാനം
25 എവിടെയാണ് സീറോ മൈൽ സ്റ്റോൺ
26 ചണ്ഡിഗഢ് കഴിഞ്ഞാൽ ഇന്ത്യയിലെ ഏറ്റവും ഹരിതാഭമായ രണ്ടാമത്തെ നഗരം എന്ന് വിശേഷിപ്പിക്കപ്പെടുന്ന നഗരം
27 സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോട്ടൺ റിസർച്ച് എവിടെയാണ്
28 ടാറ്റ ഗ്രൂപ്പിന്റെ ആദ്യത്തെ ടെക്സ്റ്റൈൽ മിൽ 1877-ൽ സ്ഥാപിച്ച സ്ഥലം

## നെപ്പോളിയൻ ബോണപ്പാർട്ട്

1 നൂറു ബയണറ്റുകളെക്കാൾ ശക്തിയുള്ളവയാണ് നാലു പത്രങ്ങൾ എന്നു പറഞ്ഞത്
2 ഭാഗധേയത്തിന്റെ മനുഷ്യൻ എന്നറിയപ്പെട്ടത്
3 ഫ്രഞ്ചുവിപ്ലവത്തിന്റെ ശിശു എന്നറിയപ്പെട്ടത്
4 ബ്രിട്ടീഷുകാർ സെന്റ് ഹെലീനയിലേക്ക് നാടുകടത്തിയ ഫ്രഞ്ചു ചക്രവർത്തി
5 1821-ൽ സെന്റ് ഹെലീനയിൽവച്ച് അന്തരിച്ച മുൻഫ്രഞ്ചു ചക്രവർത്തി
6 അവസരമില്ലാത്തപക്ഷം കഴിവ്കൊണ്ട് പ്രയോജനമില്ല എന്നു പറഞ്ഞത്
7 അസാധ്യം എന്നത് വിഡ്ഢികളുടെമാത്രം നിഘണ്ടുവിലെ പദമാണ് എന്നു പറഞ്ഞത്
8 ലിറ്റിൽ കോർപ്പറൽ എന്നറിയപ്പെട്ടത്
9 ശത്രു പിഴവുവരുത്തുമ്പോൾ തടസ്സപ്പെടുത്തരുത് എന്നു പറഞ്ഞത്
10 ട്രഫൽഗർ യുദ്ധത്തിൽ അഡ്മിറൽ ഹൊറേഷ്യോ നെൽസൺ ആർക്കെതിരെയാണ് പട നയിച്ചത്
11 ആരുടെ റഷ്യൻ ആക്രമണമാണ് ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും എന്ന നോവലിന്റെ പശ്ചാത്തലത്തിനു നിദാനമായത്
12 എനിക്ക് ഫ്രാൻസിനെ ആവശ്യമുള്ളതിനെക്കാൾ ഫ്രാൻസിന് എന്നെയാണവശ്യം എന്നു പറഞ്ഞത്
13 വാട്ടർലൂ യുദ്ധത്തിൽ ഡ്യൂക് ഓഫ് വെല്ലിംഗ്ടൺ ആരെയാണ് പരാജയപ്പെടുത്തിയത്. •



# MENTAL ABILITY

**Σ Questions 1 to 4 complete the series**

1. 16, 19, 28, 43, 64 ?
   a) 91 b) 86
   c) 97 d) 76
2. 63, 58, 51, 40, 27 ?
   a) 8 b) 12
   c) 10 d) 14
3. 7, 25, 61, 121, .......?
   a) 230 b) 216
   c) 208 d) 211
4. 3, 4, 8, 17, 33, 58 ?
   a) 76 b) 94
   c) 84 d) 98

**Σ Find Out the correct term which is different from others**

5. a) 2008 b) 2012
   c) 2016 d) 2018
6. a) S-190 b) L-144
   c) P-256 d) T-400
7. a) Magazine b) Book
   c) Copy d) Newspaper
8. a) 11, 14, 17 b) 19, 16, 13
   c) 2, 5, 7 d) 25, 29, 32
9. In a certain code language SATURDAY is written as UTASYADR. How is HOSPITAL written in that code?
   a) PSOHLATI b) HPSOILAT
   c) SPOHATLI d) POSHLTAI
10. In a certain code language TABLE is written as SBAMD. How is COVER written in that code?
    a) DPWFQ b) BQUDS
    c) BQUFD d) BPUFQ

**Σ Questions 11 to 14 the equations have become wrong because of the wrong order of signs. choose the correct order of signs from the options given below so as to make the equation right.**

11. 11+2 = 1-10
    a) - + = b) = + -
    c) - = + d) + - =
12. 15 + 3 = 5 ✕ 50
    a) = + x b) x + =
    c) x = + d) + x =
13. 93+7 = 13+ 113
    a) = + + b) + = +
    c) + + = d) - = +
14. 27 x 5 = 11 - 2
    a) - x = b) = x -
    c) x - = d) - = x
15. Day after tomorrow is christmas. If today is monday, then What will be the first day of the new year?
    a) Sunday b) Thursday
    c) Tuesday d) Wednesday
16. A man pointing toward a lady says "She is the only daughter-in-law of my fathers mother''. How is that lady related to that man?
    a) Daughter b) Sister
    c) Sister-in-law d) Mother

**Σ Directions (Q 17-18). In the following questions if the value of A=1, B=2, C=3, D=4, E =5........Y= 25 and Z = 26. Find the correct answer of each question.**

17. CAT + RAT is equal to -----------
    a) STARE b) POCKET
    c) APPLE d) STATE
18. The value of SMARTNESS is less than ---------
    a) INTELLIGENCE b) HARD WORK
    c) POTENTIALITY d) APTITUDE
19. There are 23 steps to reach a temple. On descending from the temple Ram takes two steps. In the same time, Shyam ascends one step. If they start to walk simultaneously then at which step will they meet each other?
    a) $8^{th}$ b) $9^{th}$
    c) $10^{th}$ d) $11^{th}$

**Σ Directions (Q 20-23). Read the information given below and answer the following questions.**

1. Ram Plays Football, Hockey and Volleyball
2. Shyam Plays Cricket, Hockey and Football
3. Anil Plays Hockey, Volleyball and Badminton
4. Deepak Plays Volleyball, Cricket and Football
5. Harish Plays Football only

20. Which game is played by most of the boys?
    a) Cricket b) Hockey
    c) Football d) Volleyball
21. How many boys play hockey?
    a) Two b) Three
    c) Five d) One
22. How many boys play cricket?
    a) Two b) Four
    c) One d) Three
23. Which boys do not play volleyball?
    a) Ram-Harish b) Shyam-Deepak
    c) Anil-Shyam d) Shyam-Harish

**Σ Directions (Q 24-27). Fill the missing letters to complete the letter series?**

24. abca-bcaab-ca-bbc-
    a) ccaa b) bbaa
    c) abac d) abba
25. mnn -- mn -- mmn - nm
    a) nmnnn b) mnnnm
    c) nmmnm d) nmmnn
26. cd-c-dcc-dd-ccc-d
    a) cddcc b) cdcdd
    c) ccddc d) cdcdc
27. a-bab-ab-abb
    a) baa b) aaa
    c) bbb d) aab

**Σ Directions (Q 28-33). In each of the following questions, the first two words/numbers have some relationships. Find out the word/number from the four alternatives, which has the same relationship with the third word/number.**

28. Flower : Bouquet : : Player : ?
    a) Captain b) Team
    c) Playground d) Flock
29. Yes : No: Alive : ?
    a) Funeral b) Dead
    c) Life d) Live
30. Snake : Fang: : Bee : ?
    a) Honey b) Humming
    c) Wax d) Stings
31. Virology : Virus : : Semantics : ?
    a) Amoeba b) Language
    c) Nature d) Society
32. 64 : 100 : : 121 : ?
    a) 169 b) 144
    c) 225 d) 81
33. 11 : 1331 : : 9 : ?
    a) 841 b) 521
    c) 729 d) 1728
34. CIRCLE is related to RICELC in the same way as SQUARE is related to -----?
    a) QSUERA b) QUSERA
    c) UQSAER d) UQSERA

**Σ Directions (Q 35-38). Choose out the odd one**

35. a) Pituitary b) Pancreas
    c) Thalamus d) adrenal
36. a) Where b) Near
    c) Beside d) Above
37. a) RTW b) QOM
    c) IKG d) IKM
38. a) PEAR b) TORE
    c) REAP d) TEAR
39. Rajeev walked 7m in the direction of North and then he turned to his right and walked 6m. After this he turned to his right, and moved 15 m. Now how far is he from his Starting Point?
    a) 10 m b) 8m
    c) 19m d) 6m
40. If 7645321 denotes READING, What would 762567 mean?
    a) DURING b) RENDER
    c) READER d) DEARER

## Answers with explanation

1. (a) add 3 x1, 3 x 3, 3x5, 3x7, 3 x9
2. (c) -5, -7, -11, -13, -17
3. (d) +18 + 36+ 60+ 90
   6x3 6x4 6x5
4. (b) add $1^2, 2^2, 3^2, 4^2, 5^2, 6^2$
5. (d) Rest are leap years
6. (a) Second is the perfect square of the first letter
7. (c) Rest are used for reading
8. (c) 2, 5, 7 is the prime number series
9. (a)
10. (d) (-1, +1) letter series
11. a
12. b
13. c
14. d
15. (d) If today is monday. Then day after tomorrow is christmas ie Day on 25th December is Wednesday. So, first day of the New Year will be Wednesday.
16. d
17. a
18. c
19. (a) Ram takes 2 steps = 2x
    Shyam takes 1 step = y
    Total Steps = 2x + y = 23
    Here, x = y
    then, 2x+y= 23
    3y =23
    y =23/3= 7.66
    So they will meet each other 8th step from bottom.

**For Q (20-23)**

| | Football | Hockey | Volleyball | Cricket | Badminton |
|---|---|---|---|---|---|
| Ram | ✔ | ✔ | ✔ | X | X |
| Shyam | ✔ | ✔ | X | ✔ | X |
| Anil | X | ✔ | ✔ | X | ✔ |
| Deepak | ✔ | X | ✔ | ✔ | X |
| Harish | ✔ | X | X | X | X |

20. (c)
21. (b)
22. (a)
23. (d)
24. (c)
25. (a)
26. (d)
27. (c)
28. (b)
29. (b) opposite relationship 30 (d) second is the bite of the first
31. (b)
32. (a)
33. (c) 11, $11^3$, 9, $9^3$
34. (d)
35. (c) All except thalamus are hormone secreting glands
36. (a) All others are used to answer 'Where'
37. (a) All other groups contain attemate letters of the alphabet
38. (b) All other groups contain E, A and R
39. (a)
40. (b)

**(പേജ് 14ൽ നിന്ന്)**

**5. നിയമന രീതി :** (ലാറ്റിൻ കത്തോലിക്/ആംഗ്ലോ ഇന്ത്യൻ സംവരണ വിഭാഗത്തിൽ ഉൾപ്പെടുന്ന വിമുക്ത ഭടന്മാരിൽ നിന്നും നേരിട്ടുള്ള നിയമനം )

(എൽ.സി/എ.ഐ വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികളിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്ക് നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.)

**6. പ്രായം** : 21–49; ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ.) (പാർട്ട് IIലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)ന്റെ ആനുകൂല്യം ഉൾപ്പെടെ)

7. യോഗ്യതകൾ : a) ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്ല്യം

**യ)** കര, നാവിക, വ്യോമ എന്നീ സായുധ സേനകളിലേതെങ്കിലുമൊന്നിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള പരിചയം.

c) സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

d) ഉയരം 168 സെ.മീ

e) നെഞ്ചളവ് സാധാരണ 81 സെ.മീ, വികസിപ്പിക്കുമ്പോൾ 86 സെ.മീ.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2, (ii),(iii), (iv),(vi),(xii) നോക്കുക.)

11.a. പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡികയിലെ v, vii, ix, x, xi, xiii എന്നീ ഉപഖണ്ഡികകളും 5a, 6, 7 എന്നീ ഖണ്ഡികകളും മേൽ പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

യ. മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്ററി നമ്പർ :36/2021
## പ്രൊജക്ഷൻ അസിസ്റ്റന്റ്
## കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : പ്രൊജക്ഷൻ അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 4510–6230/(PR)
**4. ഒഴിവുകളുടെ എണ്ണം** : എൻ.സി.എ ഒ.ബി.സി 01 (ഒന്ന്)

**കുറിപ്പ് : (1)** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക ഈ തസ്തികയുടെ 08.05.2020 തിയ്യതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയുടെ (കാറ്റഗറി നമ്പർ 117/2016,ഗസറ്റ് തിയ്യതി 14.06.2016) കാലയളവിൽ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് (ഒ.ബി.സി.) നീക്കി വെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നത് വരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം ഒ.ബി.സി. വിഭാഗത്തിൽ പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

(ഒ.ബി.സി. വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികളിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്ക് നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.)

**6. പ്രായം** : 18–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ പാർട്ട് 2ലെ ഖണ്ഡിക 2(i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ കാണുക).(ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ :** a) ഏഴാം ക്ലാസ് (പുതിയത്)

b) കേരള സർക്കാറിന്റെ ലൈസൻസിംഗ് ബോർഡ് നൽകിയ 35 എം.എം. സിനിമ എക്യുപ്മെന്റ് പ്രവർത്തിപ്പിക്കുവാനുള്ള ലൈസൻസ് (സിനിമ ഓപ്പറേറ്റേഴ്സ് ലൈസൻസ്)

c) 35 എം.എം പ്രൊജക്ഷൻ സ്വതന്ത്രമായി പ്രവർത്തിപ്പിച്ച് ഒരു വർഷത്തെ പരിചയം.

**8. പ്രൊബേഷൻ:** ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്ന ഓരോ ഉദ്യോഗാർത്ഥിയും ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തിയ്യതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii), (iv),(vi),(vii),(x),(xii) നോക്കുക.)

പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം .

**(പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ് സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ് :** 1. പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ സൂചിപ്പിച്ച മാതൃകയിൽ പരിചയസർട്ടിഫിക്കറ്റിന്റെ Scanned Image Upload ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു.

2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

3. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

4. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 19 കാണുക.

5. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി/അപ്രന്റീസ്/സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

12.a. പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡികയിലെ v, viii, ix, xi, xiii എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽ പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b. മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്ററി നമ്പർ :37/2021
## സിനി അസിസ്റ്റന്റ്
## കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : സിനി അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 3050–5230/(PR)
**4. ഒഴിവുകളുടെ എണ്ണം** : എൻ.സി.എ വിശ്വകർമ്മ 01 (ഒന്ന്)

**കുറിപ്പ് :** (1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക, ഈ തസ്തികയുടെ 10.09.2012 തിയ്യതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയുടെ (കാറ്റഗറി നമ്പർ 118/2008) വിശ്വകർമ്മ സംവരണ സമുദായത്തിന് നീക്കി വെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നത് വരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. കാറ്റഗറി നമ്പർ 11/2017 (ഗസറ്റ് തീയ്യതി.28.02.2017 ) പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനപ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം വിശ്വകർമ്മ വിഭാഗത്തിൽ പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

(വിശ്വകർമ്മ വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികളിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്ക് നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.)

**6. പ്രായം** : 18–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ പാർട്ട് 2ലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ കാണുക). ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ** : a) എസ്.എസ്.എൽ.സി അഥവാ തത്തുല്ല്യ യോഗ്യത

b) ഒരു പ്രശസ്ത ഫിലിം സ്റ്റുഡിയോയിലെ ക്യാമറാ സെക്ഷനിൽ രണ്ടു വർഷത്തെ പരിചയം.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (vi),(vii), (xii) നോക്കുക.)

പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം .

**(പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ് സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

**കുറിപ്പ് :** 1. പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ സൂചിപ്പിച്ച മാതൃകയിൽ പരിചയസർട്ടിഫിക്കറ്റിന്റെ Scanned Image Upload ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു.

2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

3. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 19 കാണുക.

5. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി/അപ്രന്റീസ്/സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11.a. പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡികയിലെ ii, ,iii, iv, v, viii, ix, x, xi, xiii എന്നീ ഉപഖണ്ഡികകളും 5(a),6,7 എന്നീ ഖണ്ഡികകളും മേൽ പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b. മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്ററി നമ്പർ :38/2021–39/2021
## സിനി അസിസ്റ്റന്റ്
## കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
## മൂന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : സിനി അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 3050–5230/(PR)
**4. ഒഴിവുകളുടെ എണ്ണം** : എൻ.സി.എ
ഈഴവ/തീയ്യ/ബില്ലവ-01 (ഒന്ന്) 38/2021
ലത്തീൻ കത്തോലിക്/ ആംഗ്ലോ ഇന്ത്യൻ-01 (ഒന്ന്) 39/2021

**കുറിപ്പ് :** (1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക ഈ തസ്തികയുടെ 10.09.2012 തിയ്യതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയുടെ (കാറ്റഗറി നമ്പർ 118/2008,ഗസറ്റ് തിയ്യതി 28.02.2017) ഈഴ്യവ/തീയ്യ/ബില്ലവ, എൽ.സി/ഏ.ഐ എന്നീ സമുദായങ്ങൾക്ക് നീക്കി വെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നത് വരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. രണ്ടാം എൻ.സി.എ വിജ്ഞാപനപ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനമാണിത്. വിവരങ്ങൾ താഴെ ചേർക്കുന്നു.

**ഒന്നാം എൻ.സി.എ**

| സമുദായം | കാറ്റഗറി നമ്പർ | ഗസറ്റ് തീയ്യതി |
|---|---|---|
| ഈഴവ / തീയ്യ / ബില്ലവ | 433/2013 | 15.11.2013 |
| | 09/2017 | 28.02.2017 |

**രണ്ടാം എൻ.സി.എ**

| സമുദായം | കാറ്റഗറി നമ്പർ | ഗസറ്റ് തീയ്യതി |
|---|---|---|
| ലത്തീൻ കത്തോലിക് / | 435/2013 | 15.11.2013 |
| ആംഗ്ലോ ഇന്ത്യൻ | 10/2017 | 28.02.2017 |

(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള

ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം ഈഴവ/തീയ്യ/ബില്ലവ, എൽ.സി/എ.ഐ. വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം) (ഈഴവ/തീയ്യ/ബില്ലവ, എൽ.സി/എ.ഐ വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികളിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്ക് നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.)

**6. പ്രായം** : 18–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ പാർട്ട് 2ലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ കാണുക).(ഖണ്ഡിക 2 (i) ഒഴികെ)

**7. യോഗ്യതകൾ :** a) എസ്.എസ്.എൽ.സി അഥവാ തത്തുല്ല്യ യോഗ്യത

b) ഒരു പ്രശസ്ത ഫിലിം സ്റ്റുഡിയോയിലെ ക്യാമറാ സെക്ഷനിൽ രണ്ടു വർഷത്തെ പരിചയം.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(vi),(vii),(xii)നോക്കുക.

**(പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

**കുറിപ്പ് :** 1. പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ സൂചിപ്പിച്ച മാതൃകയിൽ പരിചയസർട്ടിഫിക്കറ്റിന്റെ Scanned Image Upload ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു.

2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

3. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 19 കാണുക.

5. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി/അപ്രന്റീസ്/സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11.a. പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡികയിലെ ii, ,iii, iv, v, viii, ix, x, xi, xiii എന്നീ ഉപഖണ്ഡികകളും 5(a),6,7 എന്നീ ഖണ്ഡികകളും മേൽ പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b. മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## എൻ.സി.എ. റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ :40/2021
### ഹൈസ്ക്കൂൾ ടീച്ചർ (ഗണിതശാസ്ത്രം) തമിഴ്മാധ്യമം
### വിദ്യാഭ്യാസം
### നാലാം എൻ.സി.എ വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : ഹൈസ്ക്കൂൾ ടീച്ചർ (ഗണിതശാസ്ത്രം) തമിഴ്മാധ്യമം |
| **3. ശമ്പളം** | : ₹ 29200–62400/ രൂപ |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ പട്ടികവർഗ്ഗം ഇടുക്കി – 1 (ഒന്ന് ) |

(31.12.2013 ലെ ഗസറ്റിൽ 596/2013 കാറ്റഗറി നമ്പർ ആയും 24.9.2018 ലെ ഗസറ്റിൽ 172/18 കാറ്റഗറി നമ്പർ ആയും 30/12/2019ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 445/2019 ആയും വിജ്ഞാപനം ചെയ്ത തസ്തികയുടെ പുനർ വിജ്ഞാപനം )

**കുറിപ്പ്:** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപന പ്രകാരം ഇടുക്കി ജില്ലയിലേക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ , ഈ തസ്തികയ്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെയോ ഏതാണ് ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ്പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 02.05.2013 | 21/2007 |

(iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഇടുക്കി ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾ അനുസരിച്ച് നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.) (പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ അഭാവത്തിൽ പട്ടികജാതിയിൽപെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്.)

**6. പ്രായം** : 18–45. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2, പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2 (i) ഒഴികെ)

**7. യോഗ്യതകൾ :** 1 കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ മാത്തമാറ്റിക്സിലോ, സ്റ്റാറ്റിസ്റ്റിക്സിലോ ഉള്ള ബിരുദം ഉണ്ടായിരിക്കണം. കൂടാതെ ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ B.Ed/BT ബിരുദവും ഉണ്ടായിരിക്കണം.

ii) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡിയും ഏതെങ്കിലും വിഷയത്തിൽ എം.എഡും യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016, G.O.(P) No:15/2020/G.Edn തീയതി 09.10.2020) തമിഴ് ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ പഠിച്ച് എസ് എസ് എൽ സി /പ്ലസ് ടു /പ്രീ ഡിഗ്രി പരീക്ഷ പാസായിരിക്കണം

**അല്ലെങ്കിൽ**

തമിഴ് ഭാഷയിലുള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം നേടിയിരിക്കണം.

(മുകളിൽ (I), (ii) എന്നിവയിൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളുടെ അഭാവത്തിൽ അവയുടെ തത്തുല്യ യോഗ്യതകളും പരിഗണിക്കുന്നതാണ്. (G.O. (P) No:166/16/G.Edn തീയതി 30.09.2016 )

Note:- i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

ii) മാത്തമാറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ് ബിരുദാനന്തര ബിരുദം നേടിയവരെയും ബന്ധപ്പെട്ട വിഷയത്തിൽത്തന്നെ B.Ed/BT ബിരുദമുള്ള പക്ഷം ഈ തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

iii) റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

iv) NCERT യുടെ മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നടത്തുന്ന ഫിസിക്സ് കെമിസ്ട്രി ഗണിതശാത്രം സ്ട്രീമിലെ B.Sc Ed യോഗ്യത നേടിയവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (GO (P) No 117/13/G Edn dtd 30.3.2013).

v) ബിരുദത്തിന്/ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

vi) ഈ തസ്തികയിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തമിഴിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും ആയത് ഇന്റർവ്യൂ സമയത്ത് പരിശോധിക്കുന്നതുമാണ്. എഴുത്ത് പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് തമിഴിൽ ആയിരിക്കും. ഉത്തരങ്ങളും തമിഴിൽ തന്നെ എഴുതേണ്ടതാണ്. ഒ .എം .ആർ ഉത്തരക്കടലാസ് സംബന്ധിച്ച് ഉത്തരങ്ങൾ എഴുതുന്നതിനു പകരം നിർദേശിക്കുന്ന പ്രകാരം അടയാളപ്പെടുത്തേണ്ടതാണ് .

8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975).

(iii) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) 466/70/എഡ്യൂ തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ (ഖണ്ഡിക 2 (i)ഒഴികെ) പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

### കാറ്റഗറി നമ്പർ : 41/2021
### ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)
### ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ
### മൂന്നാം എൻ.സി.എ വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : ഇൻഡ്യൻ സിസ്റ്റംസ് ഓഫ്മെഡിസിൻ /ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ |
| **2. ഉദ്യോഗപ്പേര്** | : ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം) |
| **3. ശമ്പളം** | : ₹ 20,000–45,800/ |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ (എസ്.സി.സി.സി)<br>കോട്ടയം – 01 (ഒന്ന്)<br>ഇടുക്കി – 01 (ഒന്ന്) |

**കുറിപ്പ് :** (i) മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം കോട്ടയം, ഇടുക്കി ജില്ലകൾക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷംവരെയോ ഏതാണോ ആദ്യം ആ തീയതിവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ്പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കോട്ടയം | 23.07.2015 | 336/2013 |
| ഇടുക്കി | 19.08.2015 | 336/2013 |

(ii) മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iii) കാറ്റഗറി നമ്പർ 188/2018 [കോട്ടയം, ഇടുക്കി എസ്.സി.സി.സി (ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ) പ്രകാരമുള്ള ഒന്നാം എൻ.സി.എ, കാറ്റഗറി നമ്പർ 377/2019 [ കോട്ടയം, ഇടുക്കി എസ്.സി.സി.സി (ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ)] പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും മേൽപ്പറഞ്ഞ സമുദായത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് മൂന്നാം

എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No.154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** ഈ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്നു വേണ്ടി 18–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1980 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

2. ആയുർവ്വേദ കോളേജുകൾക്കു വേണ്ടി

19–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1980 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**

1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ആയുർവ്വേദ കോളേജുകൾക്കു വേണ്ടി

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള ഗവൺമെന്റ് അംഗീകരിച്ച ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ് / ഡിപ്ലോമ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസിനുവേണ്ടി ഗവൺമെന്റ് അംഗീകൃത ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്.

## കാറ്ററി നമ്പർ : 42/2021

## ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)

## ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ

## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഇൻഡ്യൻ സിസ്റ്റംസ് ഓഫ്മെഡിസിൻ /ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ

**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)

**3. ശമ്പളം** : ₹ 20,000–45,800/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
മുസ്ലിം–കൊല്ലം 01 (ഒന്ന്)

**കുറിപ്പ് :** (i) മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം കൊല്ലം ജില്ലക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷംവരെയോ ഏതാണോ ആദ്യം ആ തീയതിവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ്പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കൊല്ലം | 30.06.2015 | 336/2013 |

(ii) മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ മുസ്ലീം വിഭാഗത്തിൽ നിന്നു മാത്രം)

**കുറിപ്പ്:** മുകളിൽ പറഞ്ഞ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** 1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസിനു വേണ്ടി 18–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

2. ആയുർവ്വേദ കോളേജുകൾക്കു വേണ്ടി

19–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**

1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ആയുർവ്വേദ കോളേജുകൾക്കു വേണ്ടി

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള ഗവൺമെന്റ് അംഗീകരിച്ച ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ് / ഡിപ്ലോമ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസിനുവേണ്ടി ഗവൺമെന്റ് അംഗീകൃത ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്.

## കാറ്ററി നമ്പർ : 43/2021

## ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)

## ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ

## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഇൻഡ്യൻ സിസ്റ്റംസ് ഓഫ്മെഡിസിൻ /ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ

**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)

**3. ശമ്പളം** : ₹ 20,000–45,800/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ (എസ്.സി.സി.സി)
ആലപ്പുഴ 01 (ഒന്ന്)

**കുറിപ്പ് :** (i) മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലകളിലെ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷംവരെയോ ഏതാണോ ആദ്യം ആ തീയതിവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ്പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ആലപ്പുഴ | 07.12.2015 | 336/2013 |

(ii) മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iii) കാറ്റഗറി നമ്പർ 379/2019 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും മേൽപ്പറഞ്ഞ സമുദായത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് രണ്ടാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO(MS) No.154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ (എസ്.സി.സി.സി) നിന്നു മാത്രം)

**കുറിപ്പ്:** മുകളിൽ പറഞ്ഞ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. ഇത്തരക്കാർക്ക് നിരസന മെമ്മോ അയയ്ക്കുന്നതല്ല.

**6. പ്രായം** : 1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

18–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1980 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

2. ആയുർവ്വേദ കോളേജുകൾ

19–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1980 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :** 1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ആയുർവ്വേദ കോളേജുകൾ

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള ഗവൺമെന്റ് അംഗീകരിച്ച ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ് / ഡിപ്ലോമ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

ഗവൺമെന്റ് അംഗീകൃത ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്.

## കാറ്ററി നമ്പർ : 44/2021– 45/2021

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ

## വനം

## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : വനം

**2. ഉദ്യോഗപ്പേര്** : ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.)

**3. ശമ്പളം** : ₹ 20,000–45,800/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 44/2021 | ഹിന്ദു നാടാർ | വയനാട് | 1 (ഒന്ന്) |
| 45/2021 | എസ്.ഐ.യൂ.സി നാടാർ | കണ്ണൂർ | 1 (ഒന്ന്) |
| | | എറണാകുളം | 1 (ഒന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(iii) മേൽ സൂചിപ്പിച്ച ഒഴിവകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം വയനാട്, കണ്ണൂർ, എറണാകുളം ജില്ലകൾക്കായി തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീ

ക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ്പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| വയനാട് | 143/2020/DOW dtd 17.03.2020 | 582/17 |
| കണ്ണൂർ | 144/2020/DOC dtd 17.03.2020 | 582/17 |
| എറണാകുളം | 138/2020/DOE dtd 17.03.2020 | 582/17 |

(iv) ഈ തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യതകൾ എന്നിവ 30.08.2010 ലെ G.O(P)No. 60/2010/F & WLD (SRO No.861/2010) പ്രകാരവും 20.09.2014 ലെ G.O(P)No. 84/2014/F & WLD (SRO No.574/2014) പ്രകാരവുമാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (നിർദ്ദിഷ്ട സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായം** : 19–33; ഉദ്യോഗാർത്ഥികൾ 02.01.1988 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള മറ്റ് പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II-ലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (2 (i)
ഒഴികെ) നോക്കുക.

**7. യോഗ്യതകൾ:** 1 വിദ്യാഭ്യാസ യോഗ്യതകൾ:
കേരള സർക്കാരിന്റെ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്ലസ് ടു പരീക്ഷ വിജയിച്ചിരിക്കണം അല്ലെങ്കിൽ കേരള/ഭാരത സർക്കാർ അംഗീകരിച്ച തത്തുല്യ പരീക്ഷ വിജയിച്ചിരിക്കണം.
(2) പുരുഷ/വനിതാ ഉദ്യോഗാർത്ഥികൾക്ക് താഴെപ്പറയുന്ന യോഗ്യതകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.
a ) പുരുഷ ഉദ്യോഗാർത്ഥികൾ:
(i) ശാരീരിക യോഗ്യതകൾ :
ഉയരം കുറഞ്ഞത് 168 സെ.മീ, നെഞ്ചളവ് കുറഞ്ഞത് 81 സെ.മീറ്ററും പൂർണ്ണ ഉച്ഛ്വാസത്തിൽ 5 സെ.മീ വികാസവും.
(ii) കായികക്ഷമതാ പരീക്ഷ എല്ലാ പുരുഷ ഉദ്യോഗാർത്ഥികളും വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.2 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.2 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264.ഗ്രാം) | 609.6 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

(iii) **എൻഡ്യൂറൻസ് ടെസ്റ്റ് :** എല്ലാ പുരുഷ ഉദ്യോഗാർത്ഥികളും 2 കിലോമീറ്റർ ദൂരം 13 (പതിമൂന്ന്) മിനിറ്റിനുള്ളിൽ ഓടി വിജയകരമായി പൂർത്തിയാക്കണം.
b)വനിതാ ഉദ്യോഗാർത്ഥികൾ :
(i) ശാരീരിക യോഗ്യതകൾ: ഉയരം കുറഞ്ഞത് 157 സെ.മീ
(ii) കായികക്ഷമതാ പരീക്ഷ:
എല്ലാ വനിതാ ഉദ്യോഗാർത്ഥികളും വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെപറയുന്ന 9 (ഒൻപത്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജമ്പ് | 106 സെ.മീ |
| 3 | ലോംഗ് ജമ്പ് | 305 സെ.മീ |
| 4 | പുട്ടിംഗ് ദ് ഷോട്ട്(4 കി.ഗ്രാം) | 400 സെ.മീ |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോബാൾ | 1400 സെ.മീ |
| 7 | ഷട്ടിൽ റേസ് (4 X 25 m) | 26 സെക്കന്റ് |
| 8 | പുൾ അപ്സ് അഥവാ ചിന്നിംഗ് | 8 തവണ |
| 9 | സ്കിപ്പിങ്ങ് (1 മിനിറ്റ്) | 80 തവണ |

(iii) **എൻഡ്യൂറൻസ് ടെസ്റ്റ് :**
എല്ലാ വനിതാ ഉദ്യോഗാർത്ഥികളും 2 കിലോമീറ്റർ ദൂരം 15 (പതിനഞ്ച്) മിനിറ്റിനുള്ളിൽ ഓടി വിജയകരമായി പൂർത്തിയാക്കണം.
**കുറിപ്പ്:** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പ് നടത്തുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിൽ നിന്നും ഒഴിവാക്കുന്നതാണ്. കായികക്ഷമതാ പരീക്ഷയിലോ എൻഡ്യൂറൻസ് ടെസ്റ്റിലോ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ആയതിന് പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.
(3) മെഡിക്കൽ നിലവാരം എല്ലാ പുരുഷ/വനിതാ ഉദ്യോഗാർത്ഥികൾക്കും താഴെ പറയുന്ന പ്രകാരമുള്ള മെഡിക്കൽ നിലവാരം ഉണ്ടായിരിക്കണം.
(i) ചെവി:നല്ല കേൾവിശക്തി ഉണ്ടായിരിക്കണം.
(ii) കണ്ണ് : കണ്ണടയില്ലാതെ താഴെ പറയുന്ന വിധത്തിലുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| സി) കളർവിഷൻ | സാധാരണ | |
| ഡി) നിശാന്ധത | ഇല്ലാതിരിക്കണം | |

(iii) പേശികളും സന്ധികളും: തളർവാതം ബാധിക്കാത്തതും എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നതുമായിരിക്കണം.
(iv) നാഡീവ്യൂഹം: പൂർണ്ണ ക്ഷമതയുള്ളതും പകർച്ചവ്യാധികളിൽ നിന്നും വിമുക്തവുമായിരിക്കണം.
**കുറിപ്പ്:** ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, അംഗവൈകല്യം, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്. ശാരീരിക ക്ഷമതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷ/ എൻഡ്യൂറൻസ് ടെസ്റ്റ് സമയത്ത് ഹാജരാക്കേണ്ടതാണ് കൂടാതെ, ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധന സമയത്ത് പ്രൊഫൈലിൽ Upload ചെയ്യേണ്ടതുമാണ്.
**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**
**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ/ ഗുഡ്/ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ (Better/Worse Standards of Vision) ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ ആയതിൽ രേഖപ്പെടുത്തേ ണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.
8. ടി തസ്തികയിലേക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഒരു വർഷം ഏതെങ്കിലും ഫോറസ്റ്റ് ട്രെയിനിംഗ് സ്ക്കൂളിൽ ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതാണ്. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കാത്ത ഉദ്യോഗാർത്ഥികളുടെ പ്രൊബേഷൻ റദ്ദാക്കുന്നതും അവരെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതുമായിരിക്കും.
9. നേരിട്ടുള്ള നിയമനം വഴി ജോലിയിൽ പ്രവേശിക്കുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.
10.എൻ.സി.സി യുടെ 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം '2%', '3%', '5%' എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ(എം.എസ്) നമ്പർ 112/2007/എച്ച്. ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതായിരിക്കും.

## കാറ്ററി നമ്പർ : 46/2021
## ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)
## ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ
## അഞ്ചാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഇൻഡ്യൻ സിസ്റ്റംസ് ഓഫ്മെഡിസിൻ /ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)
**3. ശമ്പളം** : ₹ 20,000–45,800/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ (എസ്.സി.സി.സി)
കാസറഗോഡ് 01 (ഒന്ന്)

**കുറിപ്പ് :** (i) മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം കാസർഗോഡ് ജില്ലക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷംവരെയോ ഏതാണോ ആദ്യം ആ തീയതിവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ്പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കാസറഗോഡ് | 21.06.2010 | 391/2008 |

(ii) മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.
(iii) കാറ്റഗറി നമ്പർ 290/2015 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 460/2017 പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 228/2018 പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും കാറ്റഗറി നമ്പർ 463/2019 പ്രകാരമുള്ള നാലാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും മേൽപ്പറഞ്ഞ സമുദായത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് അഞ്ചാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.
(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No.154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കരിൽ നിന്നു മാത്രം)
കുറിപ്പ് : മുകളിൽ പറഞ്ഞ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് 18–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]
പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1980 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]
2. ആയുർവ്വേദ കോളേജുകൾ
19–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]
പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1980 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]
**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**
1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ആയുർവ്വേദ കോളേജുകൾ
i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.
ii) കേരള ഗവൺമെന്റ് അംഗീകരിച്ച ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ് / ഡിപ്ലോമ.
2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഗവൺമെന്റ് അംഗീകൃത ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്.

## കാറ്ററി നമ്പർ : 47/2021
## ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)
## ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ
## ഏഴാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഇൻഡ്യൻ സിസ്റ്റംസ് ഓഫ്മെഡിസിൻ /ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവ്വേദ കോളേജുകൾ
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവ്വേദം)
**3. ശമ്പളം** : ₹ 20,000–45,800/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ (എസ്.സി.സി.സി)
തൃശ്ശൂർ 01 (ഒന്ന്)
പാലക്കാട് 01 (ഒന്ന്)

**കുറിപ്പ് :** (i) മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മേൽപറഞ്ഞ ജില്ലകളിലെ മേൽപറഞ്ഞ സമുദായത്തിനുവേണ്ടി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷംവരെയോ ഏതാണോ ആദ്യം ആ തീയതിവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ്പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തൃശ്ശൂർ | 23.07.2010 | 391/2008 |
| പാലക്കാട് | 24.06.2010 | 391/2008 |

(ii) ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായ

ങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിരിക്കുന്നതിൽ ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

(iii) കാറ്റഗറി നമ്പർ 263/2011 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 283/2013 പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 465/2015 പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും കാറ്റഗറി നമ്പർ 57/2017 പ്രകാരമുള്ള നാലാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും കാറ്റഗറി നമ്പർ 18/2018 പ്രകാരമുള്ള അഞ്ചാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും കാറ്റഗറി നമ്പർ 378/2019 പ്രകാരമുള്ള ആറാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും മേൽപ്പറഞ്ഞ സമുദായത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് ഏഴാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No.154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ പട്ടിക ജാതിയിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത എസ്.സി.സി.സി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** മുകളിൽ പറഞ്ഞ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. ഇത്തരക്കാർക്ക് പ്രത്യേക നിരസന മെമ്മോ നൽകുന്നതല്ല.

**6. പ്രായം** : 1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ / ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് 18–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1980 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) [പകാരമുള്ള ഇളവ് ഉൾപ്പെടെ]

2. ആയുർവ്വേദ കോളേജുകൾ

19–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1980 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**

1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ/ആയുർവ്വേദ കോളേജുകൾ

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള ഗവൺമെന്റ് അംഗീകരിച്ച ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ് / ഡിപ്ലോമ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഗവൺമെന്റ് അംഗീകൃത ആയുർവ്വേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്.

## കാറ്ററി നമ്പർ : 48/2021
## കുക്ക്
## വിനോദസഞ്ചാരം
### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : വിനോദസഞ്ചാരം
**2. ഉദ്യോഗപ്പേര്** : കുക്ക്
**3. ശമ്പളം** : ₹ 17500–39500
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
എൻ.സി.എ മുസ്ലീം
ഇടുക്കി 01 (ഒന്ന്)

**കുറിപ്പ് :** (ii) ഈ വിജ്ഞാപനപ്രകാരം ഇടുക്കി ജില്ലയിലേക്കറ് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന NCAറാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണ് ആദ്യം അതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ്പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 19.09.2017 | 564/2013 |

(ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) എൻ.സി.എ വിജ്ഞാപനപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽ പ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. ആയതിലേക്ക് പ്രത്യേക നിരസന മെമ്മോ നൽകുന്നതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (മുസ്ലീം സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 18–39 [ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)-ലെ ഇളവുകളടക്കം]

**കുറിപ്പ്:** (i) യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7 യോഗ്യതകൾ :** എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2 ഗവൺമെന്റ് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിച്ച ഫുഡ് പ്രൊഡക്ഷനിലുള്ള കെ.ജി.സി.ഇ (K.G.C.E) അല്ലെങ്കിൽ നിർദ്ദിഷ്ട യോഗ്യതയ്ക്ക് തുല്യമെന്ന് സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യത.

## കാറ്ററി നമ്പർ : 49/2021–50/2021
## ഡ്രൈവർ
## ജില്ലാ സഹകരണ ബാങ്ക്
### ഒന്നാം എൻ.സി.എ വിജ്ഞാപനം പാർട്ട് രണ്ട് (സൊസൈറ്റി ക്വാട്ട)

**1. സ്ഥാപനം** : ജില്ലാ സഹകരണ ബാങ്ക്
**2. ഉദ്യോഗപ്പേര്** : ഡ്രൈവർ
**3. ശമ്പളം** : ₹ 12,950–33,450/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ഇടുക്കി ഈഴവ/ തീയ്യ/
ബില്ലവ 01 (ഒന്ന്) –49/2021
ഇടുക്കി – പട്ടികജാതി 01 (ഒന്ന്)–50/2021

**കുറിപ്പ് :** (i) ഈ വിജ്ഞാപനപ്രകാരം ഇടുക്കി ജില്ലയിലേക്ക് മേൽപറഞ്ഞ സമുദായങ്ങൾക്ക് വേണ്ടി പ്രത്യേകം പ്രത്യേകം റാങ്ക് പട്ടികകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് പട്ടികകൾ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക്ഡ് ലിസ്റ്റിന്റെ കാലയളവിൽ മേൽപറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ളതുംഎന്നാൽ ആ സമുദായത്തിൽ പെട്ടഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ, ഈ വിജ്ഞാപനമനുസരിച്ച് നിലവിൽ വരുന്ന NCA റാങ്ക് പട്ടികയുടെ തീയതി മുതൽ 3 (മൂന്ന്) വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ്പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 10/08/17 | 304/2013 |

(ii) ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സമാനമായ അല്ലെങ്കിൽ ഉയർന്ന വിഭാഗത്തിലുള്ള മെമ്പർ സൊസൈറ്റിയിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും മേൽപറഞ്ഞ സമുദായത്തിൽപെട്ടവരുമായ ഉദ്യോഗാർത്ഥികൾ ഇടുക്കി ജില്ലയിലേക്കുമാത്രം അപേക്ഷിക്കേണ്ടതും അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ പ്രസ്തുത ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്.ഇതിനു വിപരീതമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

**5. നിയമന രീതി** : ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സമാനമായ അല്ലെങ്കിൽ ഉയർന്ന വിഭാഗത്തിലുള്ള മെമ്പർ സൊസൈറ്റിയിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ മേൽ പരാമർശിച്ചിട്ടുള്ള സമുദായത്തിൽ നിന്നുള്ള ജീവനക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്ന് നേരിട്ടുള്ള നിയമനം.

**കുറിപ്പ്:** ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 18–50 ഉദ്യോഗാർത്ഥികൾ 2.1.1971നും 1.1.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ:** 1) ഏഴാം സ്റ്റാൻഡേർഡ് ജയിച്ചിരിക്കണം.

2) ഡ്രൈവേഴ്സ് ബാഡ്ജും ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ളതും ചുരുങ്ങിയത് മൂന്നു വർഷമായി പ്രാബല്യത്തിലുള്ളതുമായ ലൈസൻസും ഉണ്ടായിരിക്കണം.

**കുറിപ്പ്:** a) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും ഒ.എം.ആർ പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങി തെരഞ്ഞെടുപ്പിന്റെ എല്ലാ തീയതികളിലും ഉദ്യോഗാർത്ഥിക്ക് കറന്റ് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

b) 12.10.2018 മുതൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനു ഡ്രൈവേഴ്സ് ബാഡ്ജ് ഒഴിവാക്കിയിട്ടുണ്ട്.

c) എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാന തീയതിയോ അതിനു മുമ്പോ നേടിയിരിക്കണം.

(3) അപേക്ഷകൻ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സമാനമായ അല്ലെങ്കിൽ ഉയർന്ന വിഭാഗത്തിലുള്ള മെമ്പർ സൊസൈറ്റിയിൽ മൂന്നു വർഷത്തിൽ കുറയാത്ത റഗുലർ സർവ്വീസുള്ള സർവ്വീസിൽ തുടരുന്നവരുമായ സ്ഥിരം ജീവനക്കാരനായിരിക്കണം. ജീവനക്കാരൻ അപേക്ഷ അയയ്ക്കുന്ന അവസരത്തിൽ മാത്രമല്ല, ജോലി ലഭിക്കുന്ന തീയതിയിലും സംഘത്തിന്റെ സേവനത്തിൽ ഉണ്ടായിരിക്കണം.

(4) ശാരീരിക യോഗ്യതകൾ :

(എ) ചെവി: പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

| (ബി) കണ്ണ്: | വലത് | ഇടത് |
|---|---|---|
| ദൂരകാഴ്ച: | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച: | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ: | സാധരണമായിരിക്കണം | |
| മാലക്കണ്ണ് : | ഇല്ലാതിരിക്കണം | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ്:** (i) ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാവീണ്യം പരിശോധിക്കുന്നതിനുള്ള H- Test ഉൾപ്പെടെയുള്ള പ്രായോഗിക പരീക്ഷ കമ്മീഷൻ നടത്തുന്നതാണ്. 'H' ടെസ്റ്റിൽ ജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

(ii) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ജോലിക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

(iii) പ്രായോഗിക പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അർഹത നേടുന്ന ഉദ്യോഗാർത്ഥികൾ മുകളിൽ 7ാം ഖണ്ഡികയിൽ നാലാമത്തെ ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള മെഡിക്കൽ ഫിറ്റ്നസ്സ് സംബന്ധമായ നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ ഗവ. സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്നും കാഴ്ച ശക്തി സംബന്ധിച്ച സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

(iv) ബന്ധപ്പെട്ട അപ്പെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ പി.എസ്.സി മുഖേന നിയമിക്കപ്പെട്ടവർ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം ഈ വിജ്ഞാപന പ്രകാരമുള്ള തസ്തികയിൽ നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള അംഗസംഘത്തിന്റെ സേവനത്തിലായിരിക്കണമെന്ന നിബന്ധന അവർക്ക് ബാധകമാകുന്നതല്ല.

(v) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അല്ലെങ്കിൽ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ആയത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം .

**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

സർവ്വീസ് സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപത്തിന്റെ രജിസ്ട്രേഷൻ നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(vi) മെമ്പർ സൊസൈറ്റികളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ തങ്ങൾ ജോലി ചെയ്യുന്ന സംഘം അംഗമായിട്ടുള്ളതും അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിലേക്ക് അപേക്ഷിക്കുമ്പോൾ അപേക്ഷ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സമർപ്പിക്കുന്നതിനുമുമ്പായി നിയമനാധികാരിയിൽ നിന്ന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു രസീതോ (സമ്മതപത്രം) രസീതിന്റെ അഭാവത്തിൽ ഒരു സർട്ടിഫിക്കറ്റോ വാങ്ങിയിരിക്കേണ്ടതും ആയവ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. നിയമനാധികാരിയിൽ നിന്നും വാങ്ങിയിരിക്കേണ്ട രസീതിന്റെ മാതൃക.

**(രസീതിന്റെ മാതൃക, മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

10 പൊതുവ്യവസ്ഥകളിലെ 2,7 എന്നീ ഖണ്ഡിക മേൽപ്പറഞ്ഞ തെരഞ്ഞെടുപ്പിന് ബാധകമല്ല. ●

# LANGUAGE CORNER

**ഇംഗ്ലീഷ്, മലയാളം ഭാഷകളിലെ വ്യാകരണ ശൈലിയിലും അതിന്റെ പ്രയോഗങ്ങളിലുമുള്ള വൈകല്യങ്ങളെ ലളിതമായി അനാവരണം ചെയ്യുന്ന പംക്തി**

**അരുൺ ജി മംഗലത്ത്, ഷിബു എ എസ്**

## English made easy 21

### Sentence conversion (തുടർച്ച)

Simple, Complex, Compound sentence കളെ convert ചെയ്യുന്നതിന് താഴെയുള്ള ഉദാഹരണങ്ങൾ കാണാം

1. The children heard the teacher's foot steps and kept silent. (Compound )
   Hearing the teacher's foot steps, the children kept silent. (Simple)
   When the children heard the teacher's footsteps, they kept silent. (Complex)
2. In spite of his hard work he failed the examination. (Simple)
   He worked hard but failed the examination. (Compound )
   Altthough he worked hard, he failed the examination. (Complex )
3. It was raining, so the match was cancelled. (Compound )
   The match was cancelled because of the rain. (Simple)
   As it was raining, the match was cancelled. (Complex)
4. It is too hot to go out. (Simple)
   It is so hot that we can't go out. (Complex )
   It is very hot so we can't go out. (Compound)
5. He received the telegram and left at once. (Compound )
   As soon as he received the telegram he left. (Complex)
   Having received the telegram he left at once. (Simple)
6. He was ill so he could not attend the party. (Compound)
   Owing to illness he could not attend the party. (Simple)
   As he was ill, he could not attend the party. (Complex )
7. With your permission I will go away. (Simple)
   If you permit me I will go away. (Complex)
   You must permit me or I won't go away. (Compound)
8. Water the seeds and they will grow. (Compound)
   If you water the seeds, they will grow. (Complex)
   Without watering the seeds won't grow. (Simple)
9. I am sure that our school will win the match. (Complex)
   Our school will win the match and I am sure of it. (Compound)
   Surely our school will win the match. (Simple)
10. The thief saw the police and ran away. (Compound)
    Seeing the police the thief ran away. (Simple)
    As the thief saw the police, he ran away. (Complex)

### Classification of subordinate clauses

മൂന്നു തരത്തിലുള്ള subordinate clauseകളാണ് നിലവിലുള്ളത്.

(a) Noun clause
(b) Adjective clause
(c) Adverb clause

**(a) Noun clause**

ഒരു Noun ന്റെ ജോലി ചെയ്യുന്ന clause കളാണ് Noun clause.
*What he said* was interesting. (as subject)
She said *that she wouldn't come.* (as object)
I know *where he lives* . (as object)
The truth is *that he has deceived us.* (as complement of a verb)

**(b) Adjective clause**

ഒരു adjective ന്റെ ജോലി ചെയ്യുന്ന clause കൾ adjective clause കളാണ്.
I remember the house *where I was born.*
The student *who behaved noisy* was punished.
This is the place *where the accident happened.*
The man *(whom) I was travelling with* could speak french.

**(c) adverb clause**

ഒരു adverb ന്റെ ജോലി ചെയ്യുന്ന clause കളാണ് adverb clause.

1. The meeting began *before I arrived.* (answers 'when' - **clause of time**)
2. *If they had permitted me* , I would have demonstrated my capability.(says a condition - **clause of condition**)
3. Read the lines *where you found simile.* (answers 'where' - **clause of place**)
4. The man seems *as if he were ill.* (answers 'how' - **clause of manner**)
5. He is older *than he looks.* (answers 'how many', 'how much', 'how little' - **clause of degree or comparison**)
6. Axar Patel played fine game *so that India might win the cup* . (Answers 'for what purpose' - **clause of purpose**)
7. The Minister spoke in such a low voice *that no one could hear him.* (answers 'what result' - **clause of result**)
8. *Since I was ill* I did not go to school yesterday. (answers 'why' - **clause of reason**)
9. *Even though he is poor*, he looks after his children briliantly.
   (answers 'even though what' - **clause of concession**)

# സുന്ദരമലയാളം

**വാക്പ്രയോഗങ്ങളിലെ ശരിയും തെറ്റും.**

കഴിഞ്ഞലക്കത്തിൽ 'ച' എന്ന അക്ഷരത്തിൽത്തുടങ്ങുന്ന ചില വാക്കുകൾ പരിശോധിച്ചിരുന്നല്ലോ. ഈ ലക്കത്തിൽ 'ജ' മുതലുള്ള അക്ഷരങ്ങളിൽത്തുടങ്ങുന്ന ചില വാക്കുകൾ നോക്കാം.


| തെറ്റ് | ശരി |
|---|---|
| ജഡാവൽക്കല ധാരി | ജടാവല്കലധാരി |
| ജന്നൽ കതക് | ജനൽക്കതക് |
| ജനൽ കമ്പി | ജനൽക്കമ്പി |
| ജനൽ പടി | ജനൽപ്പടി |
| ജനൽ പാളി | ജനൽപാളി |
| ജനാർദനനൻ | ജനാർദ്ദനൻ |
| ജനിമൃതി | ജനിമൃതികൾ |
| ജന്മന | ജന്മനാ |
| ജന്മ സാഫല്ല്യം | ജന്മസാഫല്യം |
| ജന്മാന്തര വാസന | ജന്മാന്തരവാസന |
| ജന്മിത്വം | ജന്മിത്തം |
| ജനയത്രി | ജനയിത്രി |
| ജയ ഘോഷം | ജയഘോഷം |
| ജയാജയം | ജയാപജയം |
| ജല നിർഗമന കുഴൽ | ജലനിർഗ്ഗമനക്കുഴൽ |
| ജലപ്പിശാച് | ജലപിശാച് |
| ജല പുഷ്പ്പം | ജലപുഷ്പം |
| ജളത, ജാള്യത | ജളത്വം |
| ജാഗ്രത കുറവ് | ജാഗ്രതക്കുറവ് |
| ജാഗ്രത കൂടുതൽ | ജാഗ്രതക്കൂടുതൽ |
| ജാഗ്രതാ നിർദേശം | ജാഗ്രതാനിർദ്ദേശം |
| ജാഗ്രത് അവസ്ഥ | ജാഗ്രദവസ്ഥ |
| ജാജ്വല്യ മാനം | ജാജ്ജ്വല്യമാനം |
| ജാതിഭ്രഷ്ട് | ജാതിബ്ഭ്രഷ്ട് |
| ജാതി ശ്രേഷ്ടത | ജാതിശ്ശ്രേഷ്ഠത |
| ജാത്യൽ | ജാത്യാ |
| ജാലക പടി | ജാലകപ്പടി |
| ജാലക കാഴ്ച്ച | ജാലകക്കാഴ്ച |
| ജില്ലാ തല ഉത്ഘാടനം | ജില്ലാതലോദ്ഘാടനം |
| ജീർണ്ണ സംസ്ക്കാരം | ജീർണ്ണസംസ്കാരം |
| ജീർണ്ണോധാരണം | ജീർണ്ണോദ്ധാരണം |
| ജീവത്ച്ഛവം | ജീവച്ഛവം |
| ജീവൽ തത്വം | ജീവത്തത്ത്വം |
| ജീവത്വം | ജീവത്ത്വം |
| ജീവത് ഭാഷ | ജീവദ്ഭാഷ |
| ജീവന്മരണ പോരാട്ടം | ജീവന്മരണപ്പൊരാട്ടം |
| ജീവത് മുക്തൻ | ജീവന്മുക്തൻ |
| ജീവിച്ചിരിക്കെ തന്നെ | ജീവിച്ചിരിക്കെത്തന്നെ |
| ജീവ സന്ധാരണം | ജീവസന്ധാരണം |
| ജീവൻ നിലനിർത്തൽ | ജീവൻനിലനിറുത്തൽ |
| ജൈവ കൃഷി | ജൈവകൃഷി |
| ജൈവ ഉത്പന്നം | ജൈവോത്പന്നം |
| ജ്യോതിഷ് ഗണം | ജ്യോതിർഗ്ഗണം |
| ജ്യോതിർപഥം | ജ്യോതിഷ്പഥം |
| ജ്യോതിർമയ | ജ്യോതിർമ്മയ |
| ജ്യോതിർ ലിംഗൻ | ജ്യോതിർലിംഗൻ |
| ജ്യോതിഷ വിദ്യ | ജ്യോതിർവിദ്യ |
| ജ്യോതിഷ് ചക്രം | ജ്യോതിശ്ചക്രം |
| ജ്യോതി ശാസ്ത്രം | ജ്യോതിശ്ശാസ്ത്രം |
| ജ്യോതിർ കണം | ജ്യോതിഷ്കണം |
| ജ്യോതിർമാൻ | ജ്യോതിഷ്മാൻ |

# ചരിത്രത്തോടൊപ്പം നടന്നവർ

**ലോക ചരിത്ര വീഥിയിൽ ഇടം പിടിച്ച ചില മഹത് വ്യക്തികളെ പരിചയപ്പെടാം**

## ഈസോപ്പ് (Aesop)

ബി.സി. 620 മുതൽ 564 വരെ ഗ്രീസിലെ ഫ്രിജിയായിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്ന ഈസോപ്പ് ഒരു കഥ പറച്ചിൽകാരനായാണ് ലോകം അറിയുന്നത്. അദ്ദേഹം ജീവിച്ചിരുന്നതിന്റെ തെളിവായി ഒരു രചനയും അവശേഷിക്കു



ന്നില്ല. നൂറ്റാണ്ടുകളായി ശേഖരിക്കപ്പെട്ട കഥകളിലൂടെയാണ് (Aesop's Fables) അദ്ദേഹം അറിയപ്പെടുന്നത്. പക്ഷിമൃഗാദികൾ മനഷ്യരെപ്പോലെ സംസാരിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന രൂപത്തിലാണ് കഥാപാത്രങ്ങൾ കടന്നുവരുന്നത്. ആളുകൾ പറഞ്ഞ് പറഞ്ഞ് തലമുറകളിലേക്ക് സംക്രമിക്കുകയായിരുന്ന കഥകൾ പിൽക്കാലത്ത് ഒരു ഗ്രീക്ക് സാഹിത്യകാരൻ ശേഖരിച്ച് രേഖപ്പെടുത്തിവയ്ക്കുകയായിരുന്നു.

## അലക്സാണ്ടർ ദ ഗ്രേറ്റ്

മാസിഡോണിയായിലെ ഫിലിപ്പ് രണ്ടാമൻ രാജാവിന്റെ മകനായി ബി.സി. 356 -ാം ആണ്ടിൽ ജനിച്ച അലക്സാണ്ടർ ത



ന്റെ 20 -ാം വയസ്സിൽ രാജാവായി അഭിഷിക്തനായി. എന്നാൽ 30 -ാം വയസ്സിൽ ഗ്രീസ് മുതൽ ഇന്ത്യ വരെ നീണ്ടുകിടക്കുന്ന ലോകത്തെ ഏറ്റവും വലിയ സാമ്രാജ്യത്തിനുടമായി മാറി. ലോക ചരിത്രാരംഭകാലത്തെ ഏറ്റവും വിഖ്യാതനായിരുന്ന യോദ്ധാവായിരുന്ന അദ്ദേഹം ഒരിക്കൽ പോലും യുദ്ധത്തിൽ പരാജയപ്പെട്ടിരുന്നില്ല. ഈജിപ്തിൽ അലക്സാണ്ട്രിയ നഗരം സ്ഥാപിച്ചത് അദ്ദേഹമായിരുന്നു. അനേകം നൂറ്റാണ്ടുകളിൽ ഈ നഗരം ഗ്രീക്ക് സംസ്ക്കാരത്തിന്റെയും സിരാകേന്ദ്രമായിരുന്നു. 323 ബി.സി. യിൽ മൃതിയടഞ്ഞു.

## ജൂലിയസ് സീസർ

ബി.സി. 100 മുതൽ 44 വരെ ജീവിച്ചിരുന്ന ജൂലിയസ് സീസർ ലോകപ്രശസ്തനായ റോമൻ ജനറലും പൗരപ്രമാണിയുമായിരുന്നു. റോമൻ സാമ്രാജ്യത്തിന്റെ വളർച്ചയ്ക്ക് ഏറെ സംഭാവന ചെയ്ത വ്യക്തിയാണ് സീസർ. റോമിൽ നിരവധി സാമൂഹ്യ പരിഷ്കാരങ്ങൾക്കും സർക്കാർ പരിഷ്കാരങ്ങൾക്കും സീസർ കാരണക്കാരനായി. ജൂലിയൻ കല



ണ്ടർ അദ്ദേഹത്തിന്റെ മഹത്തായ നേട്ടമായിരുന്നു. സ്വേച്ഛാധിപതിയായി ചിത്രീകരിക്കപ്പെട്ട അദ്ദേഹത്തെ ഗൂഢാലോചനയിലൂടെ വധിക്കുകയായിരുന്നു.

## മാർക്ക് ആന്റണി

മാർക്കസ് അന്റോണിയസ് (83 ബി.സി. 30 ബി.സി) പൊതുവെ മാർക്ക് ആന്റണി എന്നറിയപ്പെടുന്ന റോമൻ ജനറലും കോൺസലുമായിരുന്നു. റോമാ സാമ്രാജ്യചരിത്രത്തിൽ രണ്ടാം ത്രിനേതൃഭരണം (2nd Triumvirate) കെട്ടിപ്പടുക്കുന്നതിൽ ഒരു പങ്കാളിയായിരുന്നു. ലെപ്പിഡസ്, ഒക്ടോവിയസ് എന്നിവരായിരുന്നു മറ്റു രണ്ടുപേർ. ആഭ്യന്തര സമരത്തിൽ



ജൂലിയസ് സീസറിനെ പിൻതാങ്ങി. സീസർ വധിക്കപ്പെട്ടതിനുശേഷം അദ്ദേഹം ബ്രൂട്ടസിനെതിരെ യുദ്ധം ചെയ്തു ജയിച്ചു. ബി.സി. 32 ൽ റോമൻ സെനറ്റ് അദ്ദേഹത്തിന്റെ അധികാരങ്ങൾ എടുത്തുകളഞ്ഞു.

## ആർക്കിമിഡീസ്


പുരാതന ഗ്രീക്ക് ഗണിത ശാസ്ത്രജ്ഞനും ഭൗതിക ശാസ്ത്രജ്ഞനുമായിരുന്ന ആർക്കിമിഡീസ് (ബി.സി. 287 – ബി.സി. 212) സിസിലി ദ്വീപിലെ സിറക്യൂസിലാണ് ജനിച്ചത്.



ആർക്കിമിഡിയൻ സ്ക്രൂ ഉൾപ്പെടെ പല യന്ത്രങ്ങളും അദ്ദേഹം കണ്ടുപിടിച്ചതായി വിശ്വസിക്കപ്പെടുന്നു. സിറക്യൂസിലെ ഹീറോ രണ്ടാമൻ രാജാവ് ഒരു സ്വർണ്ണകിരീടം ഉണ്ടാക്കിയപ്പോൾ അതിൽ മായം ചേർന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ആർക്കിമിഡീസിനെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച ആലോചനയുമായി കുളിക്കാനിറങ്ങിയ അദ്ദേഹം ആ കുളിത്തൊട്ടിയിലെ വെള്ളം കവിഞ്ഞൊഴുകുന്നത് ശ്രദ്ധിച്ചു. ഇങ്ങനെയാണ് പ്രശസ്തമായ ആർക്കിമിഡീസ് തത്വം രൂപപ്പെടുന്നത്. ഒരു വസ്തുവിന്റെ ഭാരം ആ വസ്തു വെള്ളത്തിൽ മുക്കുമ്പോൾ അത് തള്ളിമാറ്റിയ വെള്ളത്തിന്റെ ഭാരത്തിന് തുല്യമാണ് എന്നതാണ് അദ്ദേഹം കണ്ടെത്തിയ തത്വം.

## അരിസ്റ്റോട്ടിൽ

പുരാതന ഗ്രീസിലെ പ്രസിദ്ധനായ തത്വജ്ഞാനിയും കവിയും എഴുത്തുകാരനും ചിന്തകനുമായിരുന്നു അരിസ്റ്റോട്ടിൽ (ബി.



സി. 348 – 322). വിഖ്യാത ഗ്രീക്ക് ചിന്തകൻ പ്ലേറ്റോ ഗുരുവും അലക്സാണ്ടർ ചക്രവർത്തി ശിഷ്യനുമായിരുന്നു. ഭൗതികശാസ്ത്രം, ആത്മീയവാദം, പ്രസംഗകല, രാഷ്ട്രതന്ത്രം, ഭരണകൂടം, ജീവശാസ്ത്രം, ജന്തുശാസ്ത്രം, സൻമാർഗ ശാസ്ത്രം തുടങ്ങി നിരവധി വിഷയങ്ങളിൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

## പ്ലാറ്റോ

പ്രാചീന ഗ്രീസിലെ പേരുകേട്ട തത്വചിന്തകനായിരുന്നു പ്ലാ



റ്റോ. (ബി.സി 427–347) പാശ്ചാത്യ തത്വചിന്തയിലെ യുഗപ്രഭാവനായ സോക്രട്ടീസിന്റെ ശിഷ്യനായിരുന്നു. ആഥൻസിൽ അദ്ദേഹം ഒരു പാഠശാല സ്ഥാപിച്ചു. വിജ്ഞാനദേവതയായ അഥീനയ്ക്ക് സമർപ്പിക്കപ്പെട്ട അക്കാദമിയ എന്ന വിദ്യാലയം 'അക്കാദമി' എന്നു വിളിക്കപ്പെട്ടു. തന്റെ രചനകളിലും പ്ലാറ്റോ പിൻതുടർന്നത് അക്കാദമിയിലെ അദ്ധ്യാപന ശൈലിയായ വാദപ്രതിവാദത്തിന്റെ മാർഗ്ഗമായിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ കൃതികളെ ഡയലോഗുകൾ (Dialogues) എന്നു വിളിക്കുന്നു.

1. R.N. 44588/85 Reg. No. KL/TV (N)34/2021-23
2. Licence No. for posting without pre payment - KL/TV(N)/WPP/165/2021-23

PSC BULLETIN
Fortnightly

Rupees 10
March 15, 2021

# സമകാലികം



പ്രദീഷ്കുമാർ വി എസ്



- ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ (ഇസ്റോ) ആദ്യ സമ്പൂർണ്ണ വാണിജ്യ ഉപഗ്രഹ വിക്ഷേപണ ദൗത്യമായ പി.എസ്.എൽ.വി. സി 51 ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിച്ചു. ബ്രസീലിന്റെ ഭൗമനിരീക്ഷണ ഉപഗ്രഹമായ ആമസോണിയ ഒന്നിനെയും 18 ചെറു ഉപഗ്രഹങ്ങളേയും ലക്ഷ്യസ്ഥാനത്തിലെത്തിച്ചു. പി.എസ്.എൽ.വി. യുടെ 53-ാം ദൗത്യമാണ്.
- ഉത്തരാഖണ്ഡ് മുഖ്യമന്ത്രി ത്രിവേന്ദ്രസിങ് റാവത്ത് രാജി വച്ചു.
- രാജ്യാന്തര സംഗീത വ്യവസായ ലോകത്തു പ്രശസ്തമായ ഇ.എം.ഐ. മ്യൂസിക് വേൾഡ് വൈഡിന്റെ സ്ഥാപക ചെയർമാനും സി.ഇ.ഒ.യുമായിരുന്ന ഭാസ്കരമേനോൻ അന്തരിച്ചു.
- 'Woman in Leadership: Achieving an Equal Future in a Covid19 World' എന്നതാണ് 2021 വനിതാ ദിനത്തിന്റെ ഐക്യരാഷ്ട്രസഭ മുന്നോട്ട് വച്ച പ്രമേയം.
- തെലങ്കാനയിൽ ഇന്ത്യയുടെ ആദ്യത്തെ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി ഡെസ്ക് ആരംഭിച്ചു.
- രാജ്യാന്തര ചലച്ചിത്രമേളയിലെ മികച്ച ചിത്രം (സുവർണ്ണചകോരം)- ദിസ് ഈസ് നോട്ട് എ ബറിയൽ, ഇറ്റ് ഈസ് എ റിസ്റക്ഷൻ, മികച്ച സംവിധായകൻ (രജതചകോരം)- ബഹ്മാൻ തവൂസി, പ്രേക്ഷക പുരസ്കാരം - ചുരുളി,
മികച്ച മലയാള ചിത്രം - ആൻഡ്രോയിഡ് കുഞ്ഞപ്പൻ, മികച്ച മലയാള ചിത്രത്തിനുള്ള നെറ്റ്പാക് പുരസ്കാരം- മ്യൂസിക്കൽ ചെയർ, മികച്ച ചിത്രത്തിനുള്ള ഫിപ്രസി പുരസ്കാരം - ഇൻ ബിറ്റ്വീൻ ഡൈയിങ്
- International Boxing Association ന്റെ ചെയർപേഴ്സണായി മേരി കോം നിയമിതയായി.
- തെലങ്കാനയിൽ ഇന്ത്യയുടെ ആദ്യത്തെ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി ഡെസ്ക് ആരംഭിച്ചു.
- ബംഗ്ലാദേശിന്റെ 50-ാമത്തെ സ്വാതന്ത്ര്യവാർഷികത്തോടനുബന്ധിച്ച് ബംഗ്ലാദേശിലെ ധാക്ക, ഇന്ത്യയിലെ ന്യൂ ജയ്‌വായ് ഗൂരി എന്നീ സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ട്രെയിൻ സർവീസ് ആരംഭിക്കും.
- സ്വിസ് ഓപ്പൺ ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പിൽ പി.വി. സിന്ധുവിനെ തോൽപ്പിച്ച് കരോളിന മാരിൻ ജേതാവായി.



- സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസിന്റെ ചെയർമാനായി പ്രമോദ് ചന്ദ്ര മോദി തിരഞ്ഞെടുക്കപ്പെട്ടു.
- വിശ്വാസ് മേത്ത കേരള സംസ്ഥാന മുഖ്യവിവരാവകാശ കമ്മിഷണറായി നിയമിതനായി.
- ജോ ബൈഡന്റെ ഡെപ്യൂട്ടി അസിസ്റ്റന്റായി ഇന്ത്യൻ വംശജനായ മജുവർഗ്ഗീസ് നിയമിതനായി.
- പരിസ്ഥിതി പ്രവർത്തകനായ എൻ.കെ. സുകുമാരൻ നായർ അന്തരിച്ചു.
- 78-ാം ഗോൾഡൻ ഗ്ലോബ് പുരസ്കാരം
ബെസ്റ്റ് ആക്ടർ (ഡ്രാമ വിഭാഗം) - Chadwick Boseman, ബെസ്റ്റ് ആക്ട്രസ്സ് (ഡ്രാമ വിഭാഗം) - Andra Day, ബെസ്റ്റ് ഡയറക്ടർ (ഡ്രാമ വിഭാഗം) - Chole Zhao
ബെസ്റ്റ് മോഷൻ പിക്ചർ (ഡ്രാമ വിഭാഗം) - Nomadland
- ജോർജിയയുടെ പ്രധാനമന്ത്രിയായി Irakli Garibashvili നെ തിരഞ്ഞെടുത്തു.
- നിലവിലെ കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറിയായ തരുൺ ബജാജിന് കേന്ദ്ര റവന്യൂ സെക്രട്ടറിയുടെ അധിക ചുമതല നൽകി.
- പ്രാദേശിക കാലാവസ്ഥാ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജകമണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും സ്ഥാപിച്ചു.
- കോവിഡ് പ്രതിരോധപ്രവർത്തനങ്ങളോടനുബന്ധിച്ച് ആരോഗ്യകേരള പരിശീലന വിഭാഗവും തിരുവനന്തപുരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി പ്രോജക്ട് സുരക്ഷാ എന്ന പേരിൽ കോവിഡ് പ്രതിരോധ കോഴ്സ് ആരംഭിച്ചു.
- അമേരിക്കൻ വൈസ് പ്രസിഡന്റായ കമല ഹാരിസിന്റെ സാമ്പത്തികനയ രൂപീകരണ സംഘത്തിൽ മലയാളിയായ മൈക്കിൾ സി. ജോർജ്ജിനെയും ഉൾപ്പെടുത്തി.
- ആഫ്രിക്കൻ രാജ്യമായ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിലെ ഇറ്റാലിയൻ അംബാസഡറായ Luca Attansio കൊല്ലപ്പെട്ടു.
- ആറാമത് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം പുരസ്കാരത്തിൽ ബെസ്റ്റ് ഫ്യൂച്ചർ ഫോർവേഡ് സ്റ്റേറ്റ് വിഭാഗത്തിൽ കേരളം സുവർണ്ണ പുരസ്കാരം നേടി.
- കൊല്ലം ജില്ലയിലെ ആശ്രാമത്ത് ശ്രീ നാരായണ ഗുരുവിന്റെ പേരിൽ ആരംഭിച്ച സാംസ്കാരിക സമുച്ചയം നിലവിൽ വന്നു.
- അവിശ്വാസ പ്രമേയത്തെ തുടർന്ന് മുഖ്യമന്ത്രി രാജിവെച്ചതിനാൽ കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിൽ രാഷ്ട്രപതിഭരണം ഏർപ്പെടുത്തി.
- സ്വന്തം രാജ്യത്ത് ഏറ്റവും കൂടുതൽ ടെസ്റ്റ് മത്സരങ്ങൾ വിജയിച്ച ഇന്ത്യൻ ക്യാപ്റ്റനെന്ന റെക്കോർഡ് 22 ടെസ്റ്റ് വിജയങ്ങൾ സ്വന്തമാക്കി വിരാട് കോലി സ്വന്തമാക്കി. •


## STATEMENT OF OWNERSHIP AND PARTICULARS ABOUT THE PERIODICAL "PSC BULLETIN" (FORTNIGHTLY) FORM IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | THIRUVANANTHAPURAM |
| 2. | Periodicity | : | Fortnightly |
| 3. | Printer's Name | : | **Saju George** |
| | (whether Citizen of India) | : | Indian |
| | (If foreigner, state the country of origin) | | |
| | Address | : | Secretary, Kerala Public Service Commission, Thiruvananthapuram |
| 4. | Publisher's Name | : | **Saju George** |
| | (Whether Citizen of India) | : | Indian |
| | (If foreigner, state the country of origin) | | |
| | Address | : | Secretary, Kerala Public Service Commission, Thiruvananthapuram |
| 5. | Editor's Name | : | **Saju George** |
| | (Whether Citizen of India) | : | Indian |
| | (If foreigner, state the country of origin) | | |
| | Address | : | Secretary, Kerala Public Service Commission, Thiruvananthapuram |
| 6. | Owner's Name (s), Particulars of the individual(s) of the firm joint Stock Company, Trust, Co-operative Society, Associate which owns the news periodical. | : | **Saju George** Secretary, Kerala Public Service Commission, Thiruvananthapuram |

I declare that the particulars given above are true to the best of my knowledge and belief.

(Sd/)
Secretary,
Kerala Public Service Commission, Thiruvananthapuram

Thiruvananthapuram
01 -0 3 - 2021



ഇപ്പോൾ വിപണിയിൽ

10000 GK

പിഎസ്‌സി ബുള്ളറ്റിൻ
30-ാം വാർഷികം
പ്രമാണിച്ചുള്ള
വിശേഷാൽ പതിപ്പ്



വില : ₹ 100 പേജ്: 244

എല്ലാ പിഎസ്‌സി ആഫീസുകളിലും ലഭ്യമാണ്

BOOKMARK STALLS

V.J.T Hall Compound, Trivandrum (0471-2453822), Pathanamthitta (0469 2633338), Kayamkulam (0479 2443007), Alappazha (0477 2245105), Mavelikkara (97459 67423), Kottayam Thirunakkara (0481 2565774), Thodupuzha(0486 2220571), Kattappana (94464 18284), Ernakulam (0484 2374913) Thrissur (0487 2422204), Palakkad (0491 2500356), Manjeri (89432 01265), Kozhikode (0495 2720514), Kannur (0497 2700490).

DISTRICTWISE MAIN AGENCIES :

TVM: S.V. Press, Neyyattinkara (9447295599), Ideal Books Statue (9526014411), Ayurveda college jn Prabhus Books (0471 2478397), Read Mart S.S. Kovil Road, Thampanoor (0471 2338188), Attingal Vrindhavan Paper Mart (9847229331), Nedumangad Midukki Books (8281492393) KLM: Parippally Nice stores (96568 41772), Kollam Chilanka Books (0474 2752888), PTA: Book Stop Dapermart, Adoor (9447280237) ALP: Alapuzha (94471 17679) KTM: Book centre, Kottyam (9447771092) Sarathy Books, Kottayam (9447462883) Syma Books, Cherthala (9645450143) New College Book stall - Moovattupuzha (9847755753). Ponkunnam (94473 06505), Thalanad TIES (94463 81491)

IDK: Thodupuzha Azad Book Centre (94475 90008), EKM: Azad Book Centre (94473 14548) Orbit Books (9847770749) TSR: Ayyanthol Modern Books (9400461725) Asha Book House, Kodakara (8129341132) PKD: Kavitha Stores (94479 46245) Mythri Books, Mannarkade (9447023733) MPM: Kottackal Padikkal Books (98472 04995) KKD: Arya Books (9995228344) Athira Books (8714537339) WYD: Jungle Books Mananthavadi-(9446254034) KNR: Nila Books, Kannur (8547485014) Iritty Nirmala Books (94473 60444), Vadakara (98460 48999) KGD: B.H.Abubaker (9446532618).

കഴിഞ്ഞ 30 വർഷമായി വിവിധ പിഎസ്‌സി പരീക്ഷകളിൽ
ആവർത്തിച്ചവ ഉൾപ്പെടെയുള്ള പൊതുവിജ്ഞാന ചോദ്യങ്ങൾ


Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.